# സത്യദൂതൻ

2016 ഏപ്രിൽ | ലക്കം 4

വില ₹ 30



## യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font





**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2016 ഏപ്രിൽ
ഹി.ശ.1396 – ശഹാദത്ത്
1437 ജ.ആഖിർ – റജബ്
പുസ്തകം 88 ലക്കം 4
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ്ബ
**കുട്ടികൾക്ക് തത്ത്വാധിഷ്ഠിതമായ ഉപദേശങ്ങൾ നൽകുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 മാർച്ച് 18 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ്ബയുടെ സംഗ്രഹം

**12**
**വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം**
ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ

**14**
**യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും**
എ.എം.മുഹമ്മദ് സലിം

**22**
**അൽ കൗസർ ഒരു വിശദീകരണം**
മൗലാനാ മുഹമ്മദ് ഉമർ, കോഴിക്കോട്



**24**
**അധീനസ്ത്രീകൾ**
കൗലാ റഹ്മാൻ

**27**
**മഹാത്മാക്കളുടെ മനുഷ്യബന്ധങ്ങൾ**
മൗലവി കെ. കമറുദ്ദീൻ

**29**
**ഒരു ചരിത്രപുരുഷന്റെ ബയ്അത്തും ഖാദിയാൻ സന്ദർശനവും**
മദാർ അബ്ദുശ്ശുക്കൂർ

**33**
**ഗോണികുപ്പ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**
എം.എം. മഹ്ബൂബ്

**35**
**വിശ്വമാനവികതയുടെ പ്രവാചകൻ**
ഡോ. കെ കെ എൻ കുറുപ്പ്

**37**
**ഡേവിഡ് കാമറൂണിന് അഹ്മദിയ്യാ ബാലികയുടെ കത്ത്**

**39**
കുറിപ്പുകൾ
**റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതി ഫലം നൽകുന്നതാണ്. **(4:115)**





## നബിവചനം

സൂര്യൻ ഉദിച്ചുയരുന്ന ഓരോ ദിനവും മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും സൽക്കർമ്മമുണ്ട്. കലഹിക്കുന്ന രണ്ട് പേർ തമ്മിൽ സൗഹൃദം ഉണ്ടാക്കുന്നത് സൽക്കർമ്മമാണ്. സവാരി മൃഗത്തിന്റെ പുറത്ത് കയറാനും ഭാരം കയറ്റി വെക്കാൻ സഹായിക്കുന്നതും സൽക്കർമ്മമാണ്. ഒരാളോട് നല്ല വാക്ക് പറയൽ സൽക്കർമ്മമാണ്. നമസ്കാരത്തിലേക്ക് പള്ളിയിലേക്ക് പോകുന്ന ഓരോ കാൽവെപ്പും സൽക്കർമ്മമാണ്. ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന വസ്തുക്കൾ വഴിയിൽ നിന്ന് നീക്കം ചെയ്യുന്നത് സൽക്കർമ്മമാണ് (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### നിന്ദിക്കരുത്

പ്രിയ സുഹൃത്തുക്കളെ, ഓരോ സമുദായവും അന്യസമുദായങ്ങളുടെ പ്രവാചകന്മാരെ നിന്ദിച്ചു പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് കാലാന്തരത്തിൽ ജഡത്തിന് മാത്രമല്ല ആത്മാവിന് കൂടി നാശം വരുത്തുന്നതും അങ്ങനെ മതപരവും ലൗകികവുമായ ജീവിതത്തെ തന്നെ ഹനിച്ചു കളയുന്നതുമായ ഒരു ഭയങ്കര വിഷമാണെന്ന് ദീർഘകാലത്തെ അനുഭവങ്ങളും പലപ്പോഴുള്ള പരീക്ഷണങ്ങളും നമ്മൾക്ക് തെളിയിച്ചു തന്നിരിക്കുന്നു. ഏതൊരു രാജ്യനിവാസികൾ അന്യോന്യം മതാചാര്യരെ ആക്ഷേപിക്കുകയും അവരെ അവഹേളിച്ച് പറയുകയും ചെയ്തു കൊണ്ടിരിക്കുന്നുവോ അവർക്ക് സമാധാന ജീവിതം സാധ്യമാകുന്നതല്ല. ഒരു സമുദായവും മറ്റൊരു സമുദായത്തിന്റെ പ്രവാചകന്മാരെയും അല്ലെങ്കിൽ ഇരുകൂട്ടരും അന്യോന്യം പ്രവാചകന്മാരെയും അധിക്ഷേപിക്കുകയും ദുഷിച്ചു പറയുകയും ചെയ്യുന്നുവെങ്കിൽ ആ സമുദായങ്ങൾക്ക് അന്യോന്യം ഒരിക്കലും യഥാർഥമായ ഐക്യവും മൈത്രിയും ഉണ്ടായിതീരുന്നതല്ല. (പൈഗാമെസുൽഹ്)



എഡിറ്റോറിയൽ

# നിന്ദയും വിമർശനവും

വ്യത്യസ്തതകളും വൈവിധ്യങ്ങളുമുള്ള ആഗോള ഗ്രാമത്തിലാണ് നാം ജീവിക്കുന്നത്. പ്രകൃതിയിൽ തന്നെയുള്ള ഈ വ്യത്യാസങ്ങളും വൈവിധ്യങ്ങളും ചിന്തനീയമായ ഒരു ദൃഷ്ടാന്തമായിട്ടാണ് വിശുദ്ധ ഖുർആൻ കാണുന്നത്. ***'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും' (വി. ഖു.30: 23)***

അതു പോലെ മതവൈവിധ്യങ്ങളും ആശയ വൈവിധ്യങ്ങളും യാദൃച്ഛികമായുള്ളതല്ല. ദൈവത്തിന്റെ ഇച്ഛപ്രകാരമാണ് അവ നിലനിൽക്കുന്നതെന്ന വളരെ വിശാലമായൊരു കാഴ്ചപ്പാടാണ് ഖുർആൻ വെച്ചുപുലർത്തുന്നത്. ***'നിന്റെ നാഥൻ ഇച്ഛിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായി തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ? ' (വി. ഖു.10:100) 'ഒരോ സമുദായത്തിനും ഓരോ ആരാധനാ സമ്പ്രദായങ്ങൾ നാം നിശ്ചയിച്ചിട്ടുണ്ട്. അവരത് ആചരിക്കുന്നു. അതിനാൽ ഈ കാര്യത്തിൽ അവർ നിന്നോട് തർക്കിക്കേണ്ടതില്ല. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുന്നു. നിശ്ചയം നീ നേർമാർഗത്തിൽ തന്നെയാണ്.' (വി. ഖു.22: 68)*** എല്ലാ സമൂഹങ്ങളിലും പ്രവാചകന്മാർ അവതരിച്ചിട്ടുണ്ട് എന്ന് പറയുന്ന വിശുദ്ധ ഖുർആൻ മറ്റു മതങ്ങൾക്ക് വ്യതിയാനം സംഭവിച്ചിട്ടുണ്ടെങ്കിലും ഉറവിടം ദൈവികമാണെന്ന് ഉറച്ച് പ്രഖ്യാപിക്കുകയും മതസ്ഥാപകരായ ദിവ്യാത്മാക്കളെ ആദരിക്കാൻ ഉപദേശിക്കുകയും അവരെ കൂടി വിശ്വസിച്ചെങ്കിലേ മതവിശ്വാസം പൂർണമാവൂ എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

അഗാധമായ വേരുകളുള്ളതും അത്യന്തം വൈകാരികവുമായ ഒരു ജീവിത സമ്പ്രദായമാണ് മതം. മതവിശ്വാസിക്ക് അപര വിശ്വാസങ്ങളോട് വിയോജിപ്പുകളും സംശയങ്ങളും വിമർശനങ്ങളും സ്വാഭാവികമാണ്. എങ്കിലും എല്ലാ മതങ്ങളുടെയും ഉറവിടം ദൈവികമാണെന്നിരിക്കെ മതങ്ങൾ തമ്മിൽ ആശയ സംവാദം അനിവാര്യമായാണ് ഇസ്ലാം കാണുന്നത്. ***'ജ്ഞാനവും സദുപദേശവും മുഖേന നീ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുകയും ഏറ്റവും നല്ല നിലയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക (വി. ഖു. 16:126).*** ഇവിടെ വിമർശനവും നിന്ദയും നാം വകതിരിവോടെ വേറിട്ട് കാണണം. വിമർശനാത്മകമായ സംവാദം അനുവദനീയവും നിന്ദ അരുതെന്നുമാണ് ഖുർആന്റെ പാഠം. ***'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ നിങ്ങൾ നിന്ദിക്കരുത് ......ഓരോ സമുദായത്തിനും അവരുടെ കർമങ്ങൾ നാം സുന്ദരമാക്കി വെച്ചിരിക്കുന്നു' (6:109)***

ആശയവിനിമയം, വിമർശനങ്ങൾ, ചർച്ചകൾ, ഖണ്ഡന മൺഡനം, വാദപ്രതി വാദം, ചോദ്യോത്തരം എന്നിവയെല്ലാം അറിവ് വർധനവും ആത്മ പ്രകാശനവും പ്രചാരണവും ഉദ്ദേശിച്ചുള്ള സംവാദ രീതികളാണ്. അഗാധമായ പഠനങ്ങളും മനനങ്ങളും അതിന് ആവശ്യമാണ്. എന്നാൽ ചില അൽപ്പൻമാരായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ മതവിശ്വാസികൾ ജീവനു തുല്യം സ്നേഹിക്കുന്നവരെ സഭ്യേതരമായ ഹീന ഭാഷയിൽ നിന്ദ നടത്തി വിശ്വാസികളെ വേദനിപ്പിക്കുന്നു. ഇവർക്ക് ഇതിന് പ്രമാണമോ ആധികാരികവും വസ്തുനിഷ്ഠവുമായ പഠനങ്ങളോ വൈജ്ഞാനിക നിലവാരമോ സർവോപരി മാന്യതയോ ആവശ്യമില്ല. അശ്ലീലം ആവിഷ്ക്കരിച്ച് പ്രകോപനമുണ്ടാക്കാനുള്ള മിടുക്ക് മാത്രം മതി. പ്രതീകങ്ങളും ഉപമകളും ദുർ ഭാവനകളും ദുസ്സൂചനകളും കലർത്തിയുള്ള മൂന്നാംകിട കാലാസാഹിത്യ മാധ്യമങ്ങളോ

ബ്ലോഗെഴുത്ത് പോലെയുള്ള ആധുനിക രീതികളോ പരിഹസിക്കുന്ന കാർട്ടൂണുകളോ ആണ് നിന്ദകന്മാരുടെ ആയുധങ്ങൾ. അങ്ങനെ കുറഞ്ഞ ചിലവിൽ വിശ്വാസികളുടെ എതിർപ്പ് ഏറ്റുവാങ്ങി സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട പീഢിതരായി ഇവർ മാധ്യമങ്ങളിൽ വാഴ്ത്തപ്പെടുന്നു. എന്നാൽ അറിയുക ഉന്നതമായ വിശുദ്ധ ഖുർആൻ അത്തരം നിന്ദകന്മാരുടെ തറവേലകൾക്ക് യാതൊരു ശിക്ഷയും വിധിച്ചിട്ടില്ല. ശരിയായ മതവിമർശനങ്ങൾക്കും സംവാദങ്ങൾക്കും അത് തടയിടുമെന്നതിനാൽ നിന്ദകന്മാരെ ശിക്ഷിക്കാനല്ല, അവരെ അവഗണിക്കാനും വേദനയുണ്ടാക്കുന്ന അത്തരം സദസ്സുകളിൽ നിന്ന് വിട്ടുനിൽക്കാനുമാണ് ഖുർആന്റെ ഉപദേശം! ***'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (നിന്ദിച്ചു കൊണ്ട്) വ്യർഥ ഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു ഭാഷണത്തിൽ പ്രവേശിക്കുന്നത്വരെ അവരിൽ നിന്ന് മാറിനിൽക്കുക'(വി.ഖു. 6: 69)*** ഇതായിരിക്കണം അധമന്മാരായ നിന്ദകന്മാരോടുള്ള വിശ്വാസിയുടെ പ്രതികരണം. ഹാലിളക്കവും ജിഹാദ് വിളിയും ശാശ്വതമായ ബന്ധവിഛേദവും പാടില്ല. ഖുർആന്റെ സമീപനം എത്ര ഉദാരം! എത്ര ജനാധിപത്യപരം !!



ഹദ്റത്ത് അഹ്മദ് (അ)

# പൂർണ വിശ്വാസിയുടെ നാല് അടയാളങ്ങൾ

പൂർണ വിശ്വാസിയും പൂർണ സാത്വികരും ആയവർക്ക് നാല് വിധത്തിലുള്ള ദൈവിക സഹായങ്ങൾ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പൂർണ വിശ്വാസികളെ താഴെ പറയുന്ന നാല് ഗുണങ്ങളാൽ തിരിച്ചറിയപ്പെടുന്നതാണ്.

1. ഒരു പൂർണ വിശ്വാസി, തന്നെ കുറിച്ചോ തന്റെ സ്നേഹിതരെ കുറിച്ചോ നടത്തുന്ന പ്രാർഥനകളുടെ സ്വീകാര്യത സംബന്ധിച്ച സുവിശേഷം സർവശക്തനായ അല്ലാഹുവിൽ നിന്നും നിരന്തരം ലഭിച്ചുകൊണ്ടിരിക്കും.

2. ഒരു പൂർണവിശ്വാസിക്ക് അദ്ദേഹവുമായോ അദ്ദേഹവുമായി ബന്ധപ്പെട്ടവരെ സംബന്ധിച്ചോ മാത്രമല്ല ലോകസംഭവങ്ങളെ പറ്റിയും പ്രശസ്തരായ വ്യക്തികൾക്ക് ഉണ്ടാവുന്ന ദൈവികവിധികളുടെ മാറ്റങ്ങളെ സംബന്ധിച്ചും മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ലഭിക്കുന്നു.

3. പൂർണ വിശ്വാസിയുടെ മിക്കവാറും എല്ലാ പ്രാർഥനകളും സ്വീകരിക്കപ്പെടുന്നു. അദ്ദേഹത്തിന് പ്രാർഥനാ സ്വീകാര്യതയെപറ്റി മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ഇടക്കിടക്ക് ലഭിച്ചുകൊണ്ടിരിക്കും.


4. പൂർണവിശ്വാസിക്ക് ഖുർആന്റെ അഗാധമായ അർഥങ്ങളും നവങ്ങളായ ആശയങ്ങളും അതിന്റെ സൂക്ഷ്മവും അനുപമവുമായ ഗുണങ്ങളും വമ്പിച്ച തോതിൽ ലഭിച്ചുകൊണ്ടിരിക്കും.

ഈ നാല് ഗുണങ്ങളുടെയും അടിസ്ഥാനത്തിൽ പൂർണവിശ്വാസി മറ്റുള്ളവരെക്കാൾ മികച്ചു നിൽക്കുന്നു. ഒരു പൂർണവിശ്വാസിക്ക് അദ്ദേഹത്തിന്റെ പ്രതിയോഗിയെ അപേക്ഷിച്ച് ദൈവത്തിൽ നിന്ന് എല്ലായ്പ്പോഴും നിരന്തരം സുവിശേഷങ്ങൾ ലഭിച്ചുകൊണ്ടിരിക്കുക, അദ്ദേഹത്തിന്റെ എല്ലാ പ്രാർഥനകളും സ്വീകരിക്കപ്പെടുക, എല്ലാ മഹത്തായ സംഭവങ്ങളെപറ്റിയും അദ്ദേഹത്തിന് മുൻകൂട്ടി താക്കീത് ലഭിക്കുക, ഖുർആന്റെ ആന്തരിക ജ്ഞാനങ്ങൾ അദ്ദേഹത്തിന് നിരന്തരം നൽകപ്പെടുക ഈ നാല് ഗുണങ്ങളും തന്റെ പ്രതിയോഗിയേക്കാൾ വൻതോതിൽ അധികം ലഭിക്കുക എന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത നിയമങ്ങളാണ്. പൂർണ വിശ്വാസിയല്ലാത്ത ഒരാൾക്കും ഈ അനുഗ്രഹങ്ങളുടെ ചെറിയ അംശങ്ങൾ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. പക്ഷേ പൂർണ വിശ്വാസിമാത്രമാണ് ഈ അനുഗ്രങ്ങളുടെ യഥാർഥ അനന്തരാവകാശി.

അങ്ങനെയല്ലാത്ത പക്ഷം ഒരു വിശ്വാസിയുടെ പൂർണതയുടെ സ്ഥാനം അശുദ്ധനും വിഡ്ഢിയും ഹ്രസ്വദൃഷ്ടിയും ആയ വ്യക്തിയുമായി വ്യക്തമായും താരതമ്യം ചെയ്ത് മനസ്സിലാക്കാൻ സാധിക്കാതെ വരും. അതിനാൽ വ്യക്തവും എളുപ്പവുമായ മാർഗം പൂർണ വിശ്വാസിയെ താരതമ്യം ചെയ്ത് മനസ്സിലാക്കുക എന്നത് മാത്രമാണ്. ഈ അടയാളങ്ങൾ സ്വാഭാവികമായും പൂർണ വിശ്വാസിയിൽ നിന്നും ബഹിർഗമിക്കുന്നു. എങ്കിലും അതിന്റെ ഏകപക്ഷീയമായ പ്രകടനത്തിന് ചിലപ്പോൾ തടസ്സങ്ങൾ നേരിടുന്നു. ഉദാഹരണത്തിന് തങ്ങൾക്ക് തികച്ചും എതിരായി വിധിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് പ്രാർഥിക്കാനായി ഏതാനും വ്യക്തികൾ പൂർണ വിശ്വാസിയെ ചിലപ്പോൾ സമീപിക്കുകയും അവർക്ക് വേണ്ടി പ്രാർഥിക്കാൻ അഭ്യർഥിക്കുകയും ചെയ്യുന്നു. ഈ പ്രാർഥന ഫലവത്താകാത്തതിനാൽ അവർക്ക് ഈ ദൃഷ്ടാന്തത്തിന് സാക്ഷ്യം വഹിക്കാനും പൂർണ വിശ്വാസിയുടെ ഗുണങ്ങൾ വിലമതിക്കാനും കഴിയാതെ വരുകയും അവരുടെ സംശയങ്ങൾ അധികരിക്കുകയും ചെയ്യുന്നു.

ഒരു പൂർണ വിശ്വാസി ദൈവത്തിന്റെ ദൃഷ്ടിയിൽ ഔന്നത്യത്തിലും ഉന്നത നിലവാരത്തിലും നിലകൊള്ളുന്നു. മിക്ക സങ്കീർണ പ്രശ്നങ്ങളും അദ്ദേഹത്തിന്റെ ആത്മാർഥമായ പ്രാർഥനയാൽ പൂർണ വിശ്വാസിക്ക് അനുകൂലമായി തീരുമാനിക്കപ്പെടുന്നു. പ്രവാചകന്മാരോ ദൂതന്മാരോ പ്രാർഥിച്ചാൽ പോലും വിധിക്കപ്പെട്ട കാര്യങ്ങൾ തിരുത്തപ്പെടാറില്ല എന്നിരുന്നാലും വിധിക്കപ്പെട്ടുവെന്നും പൂർണമായും തീരുമാനിക്കപ്പെട്ടുവെന്നും കരുതുന്ന ചില കാര്യങ്ങൾക്ക് മാറ്റം സംഭവിക്കുന്നു.

**(ആസ്മാനി ഫൈസലാ, റൂഹാനി ഖസായിൽ)**



# കുട്ടികൾക്ക് തത്ത്വാധിഷ്ഠിതമായ ഉപദേശങ്ങൾ നൽകുക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 മാർച്ച് 18 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

കുട്ടികൾ എന്തെങ്കിലും തെറ്റു ചെയ്യുമ്പോൾ മാതാപിതാക്കൾ അവരെ ശക്തമായി ശകാരിക്കാറുണ്ട്. അങ്ങേയറ്റം കാർക്കശ്യത്തോടെ പെരുമാറാറുണ്ട്. എന്നാൽ ചില രക്ഷിതാക്കൾ തെറ്റു ചെയ്യുന്ന കുട്ടികളോട് അധികം വിട്ടുവീഴ്ച കാണിക്കുന്നു. ഇക്കാരണത്താൽ അവർക്ക് നന്മയും തിന്മയും തമ്മിലുള്ള വകതിരിവ് നഷ്ടപ്പെടുന്നു. ഈ രണ്ടു രീതികളും കുട്ടികളുടെ ശിക്ഷണത്തിൽ മോശമായ സ്വാധീനമാണുണ്ടാക്കുന്നത്. ഓരോ കാര്യം ചെയ്യുമ്പോഴും കൂടുതൽ കാർക്കശ്യം കാണിക്കുകയും അകാരണമായും തെളില്ലാതെയും തടയുന്നതും അവരെ രാജ്യദ്രോഹികൾ വരെ ആക്കിത്തീർക്കുന്നു. കുട്ടിപ്രായത്തിൽനിന്ന് കൗമാരത്തിലേക്ക് കാലുവെക്കുന്ന പ്രായത്തിലുള്ള കുട്ടികളോടുള്ള മാതാപിതാക്കളുടെ ഇത്തരം പെരുമാറ്റരീതിയാണ് അവരെ മോശമാക്കുന്നത്; പ്രത്യേകിച്ചും പിതാക്കന്മാരുടെ സമീപനം. ആ പ്രായത്തിൽ കുട്ടികളോട് സ്വഭാവസംസ്ക്കരണത്തിന് തത്ത്വജ്ഞാനപരമായി സംസാരിക്കേണ്ടതാണ്. പ്രത്യേകിച്ചും കുട്ടികളിൽ തങ്ങളുടെ പരിമിതമായ വൃത്തത്തിനുള്ളിലെ സ്വാധീനം മാത്രമല്ല മുഴുവൻ രാജ്യത്തിന്റേയും എന്നല്ല മുഴുവൻലോകത്തിന്റേയും സ്വാധീനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്! പിതാക്കന്മാർക്ക് കുട്ടികളോട് സൗമ്യഭാവവും കാർക്കശ്യവും എപ്പോഴെല്ലാം കാണിക്കണം ഈ പെരുമാറ്റ സമീപനത്തെ സംബന്ധിച്ച വക തിരിവ് എപ്പോഴും ഉണ്ടായിരിക്കണം. ഇത് പിതാക്കന്മാരുടെ ഉത്തരവാദിത്വമാണ്; ഇക്കാര്യം മാതാക്കൾക്ക് മാത്ര മായി വിട്ടുകളയരുത്.

എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)കുട്ടികൾക്ക് ശിക്ഷണം നല്കിയിരുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരു സംഭവം വിവരിക്കുന്നു. ഏതു വസ്തുവാണ് ഹലാൽ(അനുവദനീയം)ഏതു വസ്തുവാണ് ത്വയ്യിബ്(ഉത്തമം) എന്നീ കാര്യങ്ങളാണ് അദ്ദേഹം വിശദീകരിക്കുന്നത്. അവിടന്ന് പറയുന്നു: ‘അല്ലാഹു വിവിധ ജീവികളെ വിവിധ ജോലികൾക്കായി സൃഷ്ടിച്ചിരിക്കുന്നു എന്ന

കാര്യം ഓർമിക്കുക. ചിലത് ഭംഗിക്കു വേണ്ടിയാണ്. കണ്ണിന് അവ ദൃശ്യചാരുത നൽകുന്നു. ചിലത് സൃഷ്ടിച്ചിട്ടുള്ളത് ശബ്ദമാധുരിക്ക് വേണ്ടിയാണ്. അവയുടെ ശബ്ദം വളരെ കർണാനന്ദകരമായിരിക്കും. ചിലത് ഭക്ഷിക്കാൻവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവയുടെ മാംസം സ്വാദിഷ്ഠമാണ്. ചിലത് മരുന്നിനുവേണ്ടിയുള്ളതാണ്. അവയുടെ മാംസത്തിന് രോഗശമന ശേഷിയുണ്ട്. മൃഗങ്ങൾ അനുവദനീയം (ഹലാൽ) ആയത് കൊണ്ടുമാത്രം ഭക്ഷിക്കാൻ പാടില്ല. ഹലാലുംതയ്യിബും (പരിശുദ്ധം) ആണ് എന്നത് ശരിതന്നെ! പക്ഷേ, ഏതിനാണ് മുൻതൂക്കം എന്ന് നോക്കണം. മനുഷ്യകുലത്തിന്റെ നേട്ടങ്ങൾക്ക് വേണ്ടി നമ്മുടെ നേട്ടങ്ങൾ ത്യജിക്കേണ്ടിവരും. അല്ലെങ്കിൽ നമ്മുടെ നേട്ടങ്ങൾക്കുമേൽ മനുഷ്യകുലത്തിന്റെ നേട്ടങ്ങൾക്ക് മുൻഗണന നൽകണം. ഇതാണ് അതിലെ തത്ത്വം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, 'എന്നെ കുട്ടിക്കാലത്തുതന്നെ ഈ പാഠം പഠിപ്പിച്ചിരുന്നു. ഞാൻ കുട്ടിക്കാലത്ത് ഒരിക്കൽ ഒരു തത്തയെ വേട്ടയാടിക്കൊണ്ടുവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അതുകണ്ടിട്ട് പറഞ്ഞു: 'മഹ്മൂദേ! ഇതിന്റെ മാംസം ഹറാമല്ലെന്നത് ശരിയാണ്. പക്ഷേ, അല്ലാഹു സകല ജന്തുക്കളേയും തിന്നുന്നതിനുവേണ്ടിയല്ല സൃഷ്ടിച്ചിട്ടുള്ളത്. ചില ഭംഗിയുള്ള ജീവികളെ കണ്ടാസ്വാദിക്കാനാണ് സൃഷ്ടിച്ചിട്ടുള്ളത്; അവയെ കാണുമ്പോൾ കണ്ണുകൾക്ക് ആനന്ദമുണ്ടാകണം. ചില ജീവികൾക്ക് നല്ല ശബ്ദം കൊടുത്തിരിക്കുന്നു. അവയുടെ ശബ്ദം കേട്ട് ചെവികൾ ആനന്ദിക്കണം. അല്ലാഹു മനുഷ്യന്റെ എല്ലാ ഇന്ദ്രിയങ്ങൾക്കും വേണ്ടി അനുഗ്രഹങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അവയെല്ലാം തട്ടിപ്പറിച്ചെടുത്ത് വായയ്ക്കുമാത്രം കൊടുക്കാതിരിക്കേണ്ടതാണ്. നിങ്ങൾക്ക് നല്കിയിട്ടുള്ള നിയമാനുസൃതവും നല്ലതുമായ (ഹലാലൻ ത്വയ്യിബൻ) വസ്തുക്കൾ തിന്നുകൊള്ളുക. പക്ഷേ, അതിലും സൂക്ഷ്മത പാലിക്കണമെന്ന അല്ലാഹുവിന്റെ കല്പനയും മനസ്സിൽ വെക്കേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ മറ്റു ചില സംഭവങ്ങളും ഇവിടെ സ്മരിക്കുകയാണ്. ലോകത്തുനിന്ന് അനാചരങ്ങൾ അകറ്റുന്നതിനും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം നടപ്പിൽ വരുത്തുന്നതിന് വേണ്ടിയുമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിട്ടുള്ളത്. ആ മഹാത്മാവിന്റെ ദൗത്യം ഇതാകുമ്പോൾ അദ്ദേഹത്തിൽനിന്ന് ഏതെങ്കിലും രീതിയിലുള്ള അനാചാരങ്ങൾ പരക്കുമെന്നോ പ്രചരിക്കുമെന്നോ കരുതാവുന്നതെങ്ങനെ? (നഊദുബില്ലഹ്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയേഷ്ടപ്രകാരം തന്റെ ഫോട്ടോ എടുപ്പിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ഫോട്ടോ അച്ചടിച്ച ഒരു പോസ്റ്റു കാർഡ് അദ്ദേഹത്തിനു കിട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു:'ഇത് അനുവദിക്കാൻ പറ്റുകയില്ല. ഒരാളും അത്തരം കാർഡ് വാങ്ങരുതെന്ന് അദ്ദേഹം ജമാഅത്തിനോടു നിർദേശിച്ചു. തൽഫലമായി പിന്നീടാർക്കും അങ്ങനെ ചെയ്യാൻ ധൈര്യമുണ്ടായില്ല. പക്ഷേ, ഇന്ന് ചിലയിടങ്ങളിൽ ചില ട്വിറ്ററുകളിലും വാട്ട്സ് ആപ്പുകളിലും എവിടെനിന്നോ ഈ കാർഡ് എടുത്ത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് ഞാൻ കാണുകയുണ്ടായി. പണ്ടുകാലത്തെ പഴയകാർഡിൽ പ്രസിദ്ധീകരിച്ച ഫോട്ടോ എവിടെനിന്നോ സംഘടിപ്പിച്ചതോ തങ്ങളുടെ ആചാര്യന്മാരിൽനിന്ന് കൈക്കലാക്കിയതോ ഏതെങ്കിലും പഴയപുസ്തകക്കടയിൽനിന്ന് വാങ്ങിച്ചതോ ആയിരിക്കാം അത്. ഇത് തെറ്റായ രീതിയാണ്. ഇത് അവസാനിപ്പിക്കേണ്ടതാണ്. ദൂരദേശത്തുള്ളവർക്ക് പ്രത്യേകിച്ചും മുഖംനോക്കി സത്യമുഖത്തെ തിരിച്ചറിയുന്ന യൂറോപ്യൻമാർക്കുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഫോട്ടോ എടുപ്പിച്ചത്. അവർ ആ മഹാത്മാവിന്റെ ഫോട്ടോ കണ്ട് സത്യം അന്വേഷിക്കും. അതിനെ കുറിച്ച് ചർച്ച ചെയ്യും. പക്ഷേ, കാർഡുകളിൽ പകർത്തി കച്ചവടത്തിനുള്ള മാർഗമാക്കാൻ ഇവർ ശ്രമിക്കുന്നുവെന്ന് കണ്ടപ്പോൾ അതുമുഖേന അനാചാരം പ്രചരിക്കാനിടയുണ്ടെന്ന് ആ മഹാത്മാവ് മനസ്സിലാക്കുകയും ശക്തമായി അതിനെ വിലക്കുകയും ചെയ്തു. എന്നല്ല അവ നശിപ്പിച്ചു കളയാനും ചിലയിടത്ത് ആ മഹാത്മാവ് പറയുകയുണ്ടായി. ഫോട്ടോവില്പന തൊഴിലാക്കിയിട്ടുള്ളവർ അതിന് അമിത വിലയും വാങ്ങുന്നുണ്ട്. ഇവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

പിന്നീടു ചിലരുണ്ട്, അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിത്രങ്ങളിൽ നിറം പിടിപ്പിക്കുന്നവരാണ്. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു കളർ ചിത്രവുമില്ല. ഫോട്ടോയിൽ ഇങ്ങനെ കളർ കൊടുക്കുന്നതും തെറ്റായ പ്രവണതയാണ്. അതിൽനിന്ന് പിന്മാറേണ്ടതാണ്.

ഇതുപോലെതന്നെ ഖലീഫമാരുടെ ചിത്രങ്ങളും ദുരുപയോഗം ചെയ്യപ്പെടുന്നു. അതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ഒരിക്കൽ സിനിമയേയും ബൈസ്കോപ്പിനേയും സംബന്ധിച്ച് ഒരു ശൂറയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സാന്നിദ്ധ്യത്തിൽ ചർച്ചയുണ്ടായി. അപ്പോൾ അവിടന്ന് പറഞ്ഞു, 'സിനിമ, ബൈസ്കോപ്പ് അല്ലെങ്കിൽ ഫോണോഗ്രാഫ് തുടങ്ങിയവ അതിന്റെ സാങ്കതികാർഥത്തിൽ തെറ്റാണെന്ന് പറയുന്നത് ശരിയല്ല. ഫോണോഗ്രാഫ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും കേട്ടിട്ടുണ്ട്. അവിടുന്ന് ഒരു പദ്യം രചിക്കുകയും അതിൽ റെക്കോർഡ് ചെയ്യുകയും ചില ഹിന്ദുക്കളെ വിളിച്ച് കേൾപ്പിക്കുകയും ചെയ്തു. ആ പദ്യത്തിലെ ഒരു ഈരടി ഇപ്രകാരമാണ്:

ആവാസ് ആരഹീഹെ യെ
ഫോണോഗ്രാഫ് സെ
ഢൂണ്ടോ ഖുദാ കൊ ദിൽസെ
ന: ലാഫ് വ ഗുസാഫ് സെ

അതുകൊണ്ട് സിനിമ അതിന്റെ സാങ്കേതികതയിൽ മോശമല്ല. സിനിമ കാണുന്നത് പാപമല്ലേ എന്നു പറഞ്ഞ് ആളുകൾ പലവിധത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാറുണ്ട്.

ഇത് അതിന്റെ സത്തയിൽ മോശമല്ല. എന്നാൽ, ഇക്കാലത്ത് അതിന്റെ ഉപയോഗ രീതികൾ സ്വഭാവങ്ങളെ നശിപ്പിക്കുന്നതായിട്ട് കാണുന്നത്. ഒരു സിനിമ പൂർണമായ നിലയിൽ പ്രബോധനപരമോ വിജ്ഞാനപരമോ ആണെങ്കിൽ അതിൽ വിനോദമൊന്നുമില്ലെങ്കിൽ അത് കാണുന്നതിൽ ഒരു കുറ്റവുമില്ല. ഡ്രാമ പാടില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, വിനോദ പരിപാടികൾ കലർത്തിയുള്ള തബ്‌ലീഗും (പ്രബോധനവും) അനുവദനീയമല്ല. അത് തെറ്റായ രീതിയാണ്. എം.ടി.എയിലും ഇപ്പോൾ ആരംഭിച്ച വോയ്സ് ഓഫ് ഇസ്‌ലാമിലും ഇടയ്ക്ക് മ്യൂസിക്ക് വന്നാൽ കുഴപ്പമൊന്നുമില്ല. പറയുന്നവർ വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യം ഈ അനാചാരങ്ങൾ അവസാനിപ്പിക്കുന്നതിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നത് എന്നതാണ്. നാം നമ്മുടെ ചിന്തകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി വാർത്തെടുക്കേണ്ടതാണ്. പുതിയ കണ്ടുപിടിത്തങ്ങളെ പ്രയോജനപ്പെടുത്തുന്നത് നിഷിദ്ധമല്ല. അനാചാരവുമല്ല. പക്ഷേ, അവയുടെ തെറ്റായ ഉപയോഗമാണ് അനാചാരമാകുക. നാടകങ്ങളുടെ രീതിയിൽ തബ്‌ലീഗ് പ്രോഗ്രാമുകളോ തർബിയ്യത്ത് പ്രോഗ്രാമുകളോ നിർമിച്ചാൽ അതിന് ഫലമുണ്ടാകാമെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഒരു തെറ്റായ കാര്യത്തിൽ ആരംഭിച്ചാൽ എന്തെങ്കിലും തെറ്റായ കാര്യം നിങ്ങളുടെ പരിപാടികളിൽ ഉൾപ്പെടുത്തിയാൽ നൂറുക്കണക്കിന് അനാചാരങ്ങൾ കുറച്ചുകാലത്തിനു ശേഷം സ്വയമേവ കടക്കുന്ന വരുന്നതാണെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. മറ്റുള്ളവർക്ക് വിശുദ്ധ ഖുർആൻ മ്യൂസിക്കിന്റെ അകമ്പടിയോടെ പാരായണം ചെയ്യുന്നത് അനുവദനീയമായേക്കാം. പക്ഷേ, ഒരു അഹ്‌മദി ഈ അനാചാരങ്ങൾക്കെതിരെ പോരാടേണ്ടവനാണ്. അതുകൊണ്ട് നാം ഇത്തരം കാര്യത്തിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. രക്ഷപ്പെടാൻ കഠിനമായി ശ്രമിക്കേണ്ടതുമാണ്. ഈ അനാചാരങ്ങൾ വ്യാപിക്കുമ്പോൾ ചിന്താഗതികളും അത്തരത്തിലുള്ളതായി മാറുന്നതാണ്.

ഡോക്ടർമാരെക്കുറിച്ച് പറഞ്ഞുകൊണ്ട് ഒരിടത്ത് അവിടന്ന് പറയുന്നു, ഇന്ത്യൻ ഡോക്ടർമാരിൽ 99%വും മറ്റുള്ളവരോട് അഭിപ്രായം ചോദിച്ച് ചികിത്സിക്കുന്നത് അപമാനമായി കരുതുന്നവരാണ്. 1918 ൽ മുസ്‌ലിഹ് മൗഊദിന് രോഗബാധയുണ്ടായി. വൈദ്യന്മാരേയും ഡോക്ടർമാരേയും ഒരുമിച്ചുകൂട്ടി. അലോപ്പതി ഡോക്ടർമാരുടെയും നാട്ടുവൈദ്യന്മാരുടേയും ചികിത്സ എടുത്തിരുന്നു. അല്ലാഹു ഏതിലാണ് ഫലം വെച്ചിട്ടുള്ളതെന്ന് എങ്ങനെ അറിയാം. ഏതെങ്കിലും ഡോക്ടർ തന്നെ സ്വയം ദൈവമായി കുതുന്നുവെങ്കിൽ അങ്ങിനെ കരുതിക്കോട്ടെ. എന്നാൽ, നാം ഡോക്ടർമാരെ മനുഷ്യരായിട്ടുതന്നെയാണ് മനസ്സിലാക്കുന്നത്.

പച്ചമരുന്നുകൾകൊണ്ട് ചികിത്സിക്കുന്നവരുണ്ട്. അവർ അംഗീകൃത വൈദ്യന്മാരായിരിക്കില്ല. ചില കുറിപ്പടികൾവച്ചുകൊണ്ട് അവർ ചികിത്സിക്കുന്നു. രോഗികളെ വളരെ നല്ല നിലയിൽ ഭേദപ്പെടുത്തുകയും ചെയ്യുന്നു. ഡോക്ടർമാർ പരാജയപ്പെടുന്ന സ്ഥലങ്ങളിൽ ഇത്തരക്കാർ വിജയിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ‘സയ്യിദ് അഹ്‌മദ് നൂർ സാഹിബ് കാബൂളിയുടെ മൂക്കിൽ ഒരു മുറിവുണ്ടായി. അദ്ദേഹം പല ചികിത്സകളും നടത്തി. ലാഹോറിലെ മിയോ ആശുപത്രിയിലും പോയി. എന്താണ് കാരണമെന്ന് അറിയാൻ എക്സറെ എടുത്തും ചികിത്സിച്ചു. എന്നാൽ, മുറിവ് മോശമാവുകയാണ് ചെയ്തത്. അവസാനം അദ്ദേഹം പിശാവറിൽപോയി. അവിടെ ഒരു ബാർബറെക്കൊണ്ട് ചികിത്സിച്ചു. അയാൾ വെറും മൂന്നു ദിവസം മരുന്നുകൊടുത്തു. അങ്ങനെ മുറിവ് ഉണങ്ങി. അവിടന്ന് പറയുന്നു: ഇത്തരക്കാരായ വിദഗ്ധരുണ്ട്. അവർക്ക് ഇങ്ങനെയൊക്കെയുള്ള തൊഴിൽ അറിയാം. അവ നിലനിറുത്തിയാൽ ഭാവിയിൽ ഫലപ്രദമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(റ) പറയാറുണ്ടായിരുന്നു. ഒരു ബാർബറുണ്ടായിരുന്നു. അദ്ദേഹത്തിന് മുറിവിനുള്ള മരുന്നിനെക്കുറിച്ച് അറിയാമായിരുന്നു. വലിയ ഗുരുതരമായ മുറിവുകൾപോലും ഉണക്കിയിരുന്നു. ദൂരദൂരനിന്ന് ആളുകൾ അദ്ദേഹത്തിന്റെയടുക്കൽ ചികിത്സക്കായി എത്തുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ആ മരുന്ന് തനിക്ക് പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. അയാൾ മറുപടി പറഞ്ഞു: ‘ലോകത്ത് ആ മരുന്ന് അറിയുന്ന രണ്ടുപേരുണ്ടാകാൻ പാടില്ല. എന്റെ ആ അറിവ് എന്നോടൊപ്പമുണ്ടാകും. മക്കൾക്കും പറഞ്ഞുകൊടുക്കുകയില്ല. അവസാനം അയാൾ വൃദ്ധനായി. രോഗം മൂർച്ഛിച്ചപ്പോൾ അയാളുടെ മകൻ ഇപ്പോഴെങ്കിലും തനിക്ക് ആ മരുന്ന് പറഞ്ഞുതരാൻ അയാളോട് പറഞ്ഞു. എപ്പോഴാണ് ജീവിതം അവസാനിക്കുന്നതെന്ന് അറിയില്ലല്ലോ. അയാൾ പറഞ്ഞു ഞാൻ മരിക്കാൻ പോകുന്നുവെന്ന് നീ ധരിക്കുന്നുവെങ്കിൽ ഞാനത് പറഞ്ഞുതരാം. പക്ഷേ, പിന്നീട് പറഞ്ഞു, ഞാൻ രോഗത്തിൽ നിന്ന് സുഖം പ്രാപിക്കുകയാണെങ്കിലോ? അതുകൊണ്ട് പിന്നീട് പറഞ്ഞുതരാമെന്ന് അയാൾ പറഞ്ഞു. കുറച്ചു മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. മകൻ അയാളോട് ചോദിച്ചുകൊണ്ടേയിരുന്നിട്ടും ആ വിദ്യ അയാൾ പറഞ്ഞുകൊടുത്തില്ല. അവിടുന്ന് പറയുന്നു: പിശുക്ക് അഭിവൃദ്ധിക്കല്ല, മറിച്ച് നിന്ദ്യതയ്ക്കും അപമാനത്തിനും കാരണമാകുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ, അറിവിന്റെ കാര്യങ്ങളിൽ പിശുക്ക് ഒഴിവാക്കേണ്ടതാണ്. അറിവ് വ്യാപിപ്പിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ഈ തൊഴിലുകളും വിദ്യകളും പഠിപ്പിക്കുകയാണ് വേണ്ടത്. ഇതുമുഖേന അറിവ് വർധിക്കുന്നു. ഈ വിദ്യകൾ പ്രത്യേകിച്ചും മൃതമായിക്കഴിഞ്ഞിട്ടുള്ള വിജ്ഞാനങ്ങൾ പുനരുജ്ജീവിപ്പിക്കണമെന്ന് നാം ആഗഹിക്കുന്നു.

ചിലപ്പോൾ അറിവ് അഹങ്കാര

ത്തിന് കാരണമാകുന്നു. ഈ അഹങ്കാരം കാരണത്താൽ ഡോക്ടർമാർ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ചിലപ്പോൾ അഹങ്കാരം അറിവിനെ നശിപ്പിക്കുന്നു. ലോകത്തിനുണ്ടാകുന്ന ഫലം ഇത് മുഖേന നഷ്ടമായിപ്പോകുന്നു. ഇത് അവികസ്വര-വികസ്വര രാജ്യങ്ങളിൽ സാധാരണ കാണാറുള്ള കാര്യമാണ്. അഹ്മദിയ്യാ ജമാഅത്ത് ഈ കാര്യങ്ങളിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ അജ്ഞത അകറ്റേണ്ടതാണ്.

മനുഷ്യന് വിവിധ പ്രകൃതിയാണുള്ളത്. ചിലർ നിഷ്കളങ്കതയിൽ മുമ്പന്തിയിലുള്ളവരായിരിക്കും. എല്ലാ കാര്യങ്ങളേയും വിശാല ഹൃദയത്തോടെ അവർ അംഗീകരിക്കുന്നു. ചിലർ എടുത്തുചാട്ടക്കാരായിരിക്കും. ദുരുദ്ദേശ്യമില്ലെങ്കിൽത്തന്നെയും ആക്ഷേപം ഉന്നയിക്കുന്നു. അല്ലെങ്കിൽ ആക്ഷേപം കലർന്നരീതിയിൽ സംസാരിക്കുന്നു. അത്തരം ആൾക്കാരെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 1905 ഏപ്രിൽ 4ന് ഭയാനകമായ ഭൂകമ്പമുണ്ടായ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭൂകമ്പത്തെക്കുറിച്ച് ധാരാളമായി ഇൽഹാമുകളുണ്ടായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ വചനങ്ങളെ ആദരിച്ചും ബഹുമാനിച്ചും തന്റെ തോട്ടത്തിലേക്ക് താമസിക്കാൻ പോയി. പല വിഡ്ഢികളും ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്ലേഗിനെ ഭയന്നുകൊണ്ടാണ് തോട്ടത്തിലേക്ക് പോയതെന്ന് പറയാൻ തുടങ്ങി. വാസ്തവത്തിൽ പ്ലേഗിനെ ഭയന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീട് ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല.എടുത്തുചാട്ടപ്രകൃതക്കാരായവർ ചിലപ്പോൾ ഒന്നും ചിന്തിക്കാതേയും മനസ്സിലാക്കാതേയും ആക്ഷേപകരമായ കാര്യങ്ങൾ പറയുന്നു. ഇതിൽനിന്ന് സ്നേഹിതന്മാർ രക്ഷപ്പെടേണ്ടതാണ്.

ഖുത്‌ബ ഇൽഹാമിയായുടെ ഇടയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ എങ്ങനെയാണ് കണ്ടതെന്ന് വിവരിച്ചുകൊണ്ട് പറയുന്നു: എനിക്ക് നല്ലവണ്ണം ഓർമയുണ്ട്. ചെറുപ്രായമായതുകൊണ്ട് എനിക്ക് അറബി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, അവിടന്ന് മനോഹരവും തേജസ്സുറ്റതുമായ അവസ്ഥയിലായിരുന്നു ഉണ്ടായിരുന്നത്. ഞാൻ ആദ്യം മുതൽ അവസാനംവരെ തുടർച്ചയായി പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ ഒരു വാക്കുപോലും മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.

മസ്ജിദ് മുബാറക്കിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുകയുണ്ടായി. ഖുത്‌ബ ഇൽഹാമിയായോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാപനം ചേർത്തിരിക്കുന്നതുകൊണ്ട് മസ്ജിദ് മുബാറക് ഏതാണെന്ന് വ്യക്തമാകുന്നില്ലെന്ന് ചിലർ പറഞ്ഞു. ഇതേ തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖുത്‌ബ ഇൽഹാമിയ വരുത്തി ആ വിജ്ഞാപനം വായിച്ചു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) പണികഴിപ്പിച്ച ഈ മസ്ജിദ് തന്നെയാണെന്ന് അവിടന്ന് പറഞ്ഞു. പിന്നീട് ഈ നിവേദനം അവിടന്ന് വിവരിച്ചു.

ഒരിക്കൽ ഉമ്മുൽ മുഅ്മിനീന് സുഖമില്ലാതായി. ഏകദേശം 40 ദിവസംവരെ അതു നീണ്ടുനിന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഈ മസ്ജിദിനെ സംബന്ധിച്ച് ഇൽഹാമുണ്ട്. അതിലെ ചുരുങ്ങിയ വാക്കുകൾ അവിടന്ന് വിവരിച്ചു. ആ ഇൽഹാം ഇപ്രകാരമായിരുന്നു:**മുബാരിക്കുൻ വ മുബാറക്കുൻ വ കുല്ലു അംരിൻ മുബാറക്കിൻ യുജ്അലു ഫീഹി** അവിടന്ന് പറഞ്ഞു, ഈ മസ്ജിദിനെക്കുറിച്ചുള്ള ഇൽഹാമാണിത്. നീ വരിക, അവിടെ പോയി മരുന്നു തരാം. മസ്ജിദിലെത്തി അവിടെവച്ച് ഹദ്റത്ത് അമ്മാജാന് മരുന്നു കൊടുത്തു. രണ്ടു മണിക്കൂറിനുള്ളിൽ അമ്മാജാന്റെ രോഗം ഭേദമായി.

ദീനിന് സേവനം ചെയ്തുകൊണ്ട് അതിനോടുള്ള കടമ നിറവേറ്റണമെന്ന് അവിടന്ന് ഉപദേശിച്ചു. അവിടന്ന് പറഞ്ഞു: സത്യത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും സ്വാധീനം രോഗികളിൽ പെട്ടെന്നുണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഒരു ഡോക്ടർ ചോദിച്ചു, എനിക്ക് ദീനിന് എന്തു സേവനം ചെയ്യാനാണ് കഴിയുക? അവിടന്ന് പറഞ്ഞു, താങ്കൾ രോഗികൾക്ക് തബ്‌ലീഗ് ചെയ്യുക. ഇത് വളരെ നല്ല അവസരമാണ്. കാരണം രോഗികളുടെ മനസ്സ് മൃദുലമാണ്.

ഈ ചിന്താഗതി ഇക്കാലത്തെ ഡോക്ടർമാരും വെച്ചുപുലർത്തേണ്ടതാണ്. ഈ ചിന്താഗതിയും കർമവും പിന്നീട് ഭൗതികാനുഗ്രഹം സമ്പാദിക്കുന്നതോടൊപ്പം ദീനീ സേവനത്തിനുള്ള അവസരം നല്കി, അല്ലാഹുവിന്റെ ഫള്ലുകളും കരസ്ഥമാക്കുന്നവരാക്കിത്തീർക്കും.

പർദയുടെ പ്രശ്നം ഈയിടെയായി ഇവിടെ പാശ്ചാത്യൻ രാജ്യങ്ങളിൽ വലിയ ഒച്ചപ്പാടും ബഹളവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്; സ്ത്രീകളുടെ അവകാശങ്ങളുടെ പേരിൽ, അല്ലെങ്കിൽ ഭീകരവാദം അവസാനിപ്പിക്കുന്നതിന്റെ പേരിൽ, അല്ലെങ്കിൽ അനാവശ്യമായി ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്ന കാരണത്താൽ. എങ്ങനെയാണ് പർദ ആചരിക്കേണ്ടത്? ഏതു പരിതഃസ്ഥിതിയിലാണ് ആചരിക്കേണ്ടത്? തുടങ്ങി അതിന്റെ വിവിധ വശങ്ങൾ അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. ഇതിൽ സ്ത്രീകളുടെ സൗന്ദര്യപ്രകടനത്തെ കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. **ഇല്ലാ മാ ളഹറ മിൻഹാ** ഇതു വിശദീകരിച്ചുകൊണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശം ഉദ്ധരിച്ചുകൊണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: **ഇല്ലാ മാ ളഹറ മിൻഹാ** എന്നതിന്റെ അർഥം അതിൽനിന്ന് സ്വയം വെളിപ്പെട്ടുപോകുന്ന ഭാഗമല്ലാതെ എന്നാണ്. അത് എന്തെങ്കിലും നിർബന്ധ കാരണത്താൽ മറച്ചുവെക്കാൻ സാധിക്കുകയില്ല. ആ നിർബന്ധിതാവസ്ഥ നിർമാണത്തിന്റെ അടിസ്ഥാനത്തിലാവാം. ഉദാഹരണത്തിന് പൊക്കം. ഇതും ഒരു സൗന്ദര്യമാണ്. എന്നാൽ, അത്

മറച്ചുവെക്കുക അസംഭാവ്യമാണ്. അതുകൊണ്ട് അത് വെളിവാക്കുന്നതിൽനിന്ന് ശരീഅത്ത് തടയുന്നില്ല. അല്ലെങ്കിൽ രോഗത്തിന്റെ അടിസ്ഥാനത്തിൽ. ഏതെങ്കിലും ഭാഗം ചികിത്സക്കായി ഡോക്ടറെ കാണിക്കേണ്ടിവരുന്നു. അങ്ങനെ വരുമ്പോൾ കാണിക്കാവുന്നതാണ്. ഇസ്‌ലാം അവിടെ സ്വാതന്ത്ര്യവും പരിധിയും നിജപ്പെടുത്തി. പൂർണമായും തുറന്നുവിട്ടില്ല. ചില നിർബന്ധിതാവസ്ഥ കാരണം അനുവാദമുണ്ട്; പർദ കുറയ്ക്കാവുന്നതാണ്. കുറഞ്ഞ അളവിൽ പർദ ആചരിക്കാവുന്നതാണ്. പക്ഷേ, അതിനോടൊപ്പം ഇസ്‌ലാമിക കല്പനകളെ അനാവശ്യമായ നിലയിൽ ഉപേക്ഷിക്കുക എന്നത് വിലക്കുകയും ചെയ്തു. ഇസ്‌ലാം സ്വാതന്ത്ര്യത്തിന്റെ പേരിൽ ലജ്ജയില്ലായ്മ വെച്ചിട്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'തഫഖ്ഖഹുദ്ദീനി'നെ കുറിച്ചു പറഞ്ഞുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇസ്‌ലാമികമായ മസ്അലകളുടെ അടിത്തറ തഫഖ്ഖഹുദ്ദീനിലാണ്. അതായത് മതപരമായ അറിവു നേടുക. അതിൽ അതിസൂക്ഷ്മമായ യുക്തികളുണ്ട്. അതു മനസ്സിലാക്കാത്തിടത്തോളം മനുഷ്യൻ വഞ്ചിതനായി ചിലപ്പോൾ വഴികേടിലേക്ക് പോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഒരു മജ്‌ലിസിൽ പറഞ്ഞു: മനുഷ്യൻ തഖ്‌വയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ അവൻ നൂറുവിവാഹം കഴിച്ചോട്ടെ. ഒരു സമയത്ത് ഈ വിഷയം ചർച്ചയായി. നാലു ഭാര്യമാരുടെ പരിധി വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമല്ലെന്ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)പറഞ്ഞു. അബൂദാവൂദിലെ ഒരു നിവേദനവും സമർപിച്ചു. അതിൽ ഹദ്റത്ത് ഇമാം ഹസൻ (റ)പതിനെട്ടോ പത്തൊമ്പതോ വിവാഹം കഴിച്ചിട്ടുണ്ടെന്ന് എഴുതിയിരുന്നു. ഹദ്റത്ത് മൗലവി സാഹിബ് ഈ ഉദ്ധരണി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണിക്കുന്നതിനുവേണ്ടി കൊടുത്തയച്ചു. ഈ എല്ലാ ഭാര്യമാരും ഒരേ സമയത്ത് കൂടെയുണ്ടായിരുന്നുവെന്ന് എഴുതിയിട്ടുള്ളത് എവിടെയാണെന്ന് മൗലവി സാഹിബിനോടു ചോദിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. അങ്ങനെ ആ പ്രശ്നം അതോടെ അവസാനിച്ചു. അതായത് നാലിൽ കൂടുതൽ വിവാഹം ഒരേ സമയത്ത് അനുവദനീയമല്ലെന്ന്. അതിനും നിബന്ധനകളുണ്ട്. തഖ്‌വയാണ് അതിപ്രധാനമായ നിബന്ധന.

ഇമാമിന്റെ വിളിക്കുത്തരം നല്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇമാമിന്റെ വിളിക്കെതിരിൽ സാധാരണക്കാരന്റെ വിളിക്ക് ഒരു പ്രസക്തിയുമില്ല. നിങ്ങളുടെ ചെവികളിൽ ദൈവദൂതന്റെ വിളിയെത്തിയാൽ ഉടനെ അതിനുത്തരം നല്കുകയും അതു നടപ്പിൽവരുത്തുന്നതിനുവേണ്ടി ഓടുകയും ചെയ്യുക എന്നത് നിങ്ങളുടെ നിർബന്ധ കടമയാണ്. അതിലാണ് നിങ്ങളുടെ അഭിവൃദ്ധിയുടെ രഹസ്യം അടങ്ങിയിരിക്കുന്നത്. നമസ്കരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽപ്പോലും അതുപേക്ഷിച്ച് ദൈവദൂതന്റെ വിളിക്കുത്തരം നല്കുക എന്നത് നിങ്ങളുടെ നിർബന്ധ കടമയാണ്. ചിലയാളുകൾ അതിന്നെതിരിൽ ആക്ഷേപം ഉന്നയിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആയത്തോതി: **ലാ തജ്അലൂ ദുആഅർറസൂലി ബയ്നക്കും കദുആയി ബഅ്ളിക്കും ബഅ്ളാ- ഖദ് യഅ്ലമുല്ലാഹുല്ലദീന യത്തസല്ലലൂന മിൻകും ലിവാദാ- ഫൽ യഹ്ദരില്ലദീന യുഖാലിഫൂന അൻ അംരിഹീ അൻതുസ്വീബഹും ഫിത്നത്തുൻ ഔ യുസ്വീബഹും അദാബുൻ അലീം.**(24:64)ദൈവദൂതൻ വിളിക്കുന്നത് നിങ്ങൾ അന്യോന്യം വിളിക്കുന്നതുപോലെ ഗണിക്കരുത്. മറപിടിച്ചുകൊണ്ട് നിങ്ങളിൽ നിന്ന് രഹസ്യമായി മാറിക്കളയുന്നവരെക്കുറിച്ച് അല്ലാഹു അറിയുന്നുണ്ട്. അതിനാൽ, അദ്ദേഹത്തിന്റെ കല്പനയെ ലംഘിക്കുന്നവരെ വല്ല വിപത്തു ബാധിക്കുകയോ അല്ലെങ്കിൽ അവർക്കു വേദനാജനകമായ ശിക്ഷ വന്നെത്തുകയോ ചെയ്യുന്നതിനെ അവർ സൂക്ഷിച്ചുകൊള്ളട്ടെ. ഇതുപോലെ മറ്റൊരിടത്ത് പറയുന്നു: **യാ അയ്യുഹല്ലദീന ആമനു സ്തജീബൂ ലില്ലാഹി വലിർ റസൂലി ഇദാ ദആക്കും ലിമാ യുഹ്‌യീക്കും**(8:25) വിശ്വാസികളേ!അല്ലാഹുവിനും ദൂതനും - നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക.

എന്തായാലും നബിയുടെ വിളിക്ക് എത്രയും പെട്ടെന്ന് ഉത്തരം നല്കേണ്ടത് അത്യാവശ്യ കാര്യമാണ്. എന്നല്ല ഈമാനിന്റെ അടയാളങ്ങളിൽ ഒരു വലിയ കനപ്പെട്ട അടയാളമാണ്. അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കല്പനകളിലൂടെ നടന്നും എല്ലാ ജോലിയും ചെയ്യേണ്ടതാണ്. ആളുകളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ചെയ്യരുത്. നമ്മുടെ ജമാഅത്തിലെ അധികമാളുകളും താടിവടിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരു മജ്‌ലിസിൽ ഒരിക്കൽ ആരോ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'യഥാർഥ കാര്യം ദൈവത്തിനോടുള്ള സ്നേഹമാണ്. അവരുടെ മനസ്സുകളിൽ അല്ലാഹുവിനോടു സ്നേഹമുണ്ടാകുമ്പോൾ സ്വയമേവ അവർ താടിവെക്കാൻ തുടങ്ങും.'

നമ്മൾ യാഥാർഥമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യങ്ങൾ മനസ്സിലാക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. യഥാർഥമായ ദൈവസ്നേഹം നമ്മളിൽ ഉണ്ടാകുമാറാകട്ടെ. നമ്മുടെ എല്ലാ കർമവും പ്രവൃത്തിയും അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ളതായിരിക്കട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ സിറിയയിൽ ശഹീദാക്കപ്പെട്ട അബ്ദുന്നൂർ ജാബി സാഹിബിനെ അനുസ്മരിച്ചു. ജനാസ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളംബരം ചെയ്തു.

വിവർത്തനം:

**-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ**

# വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം

ആയിശ (റ) ന്റെ വിവാഹപ്രായത്തെക്കുറിച്ച് നിലനിൽക്കുന്ന ആശയക്കുഴപ്പത്തിന് ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പരിശോധന

(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ)

**ഹ**ദ്റത്ത് ഖദീജ (റ) ന്റെ വഫാത്തിന് ശേഷം നബി തിരുമേനി (സ) യുടെ വിവാഹം ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുമായി നടന്നു. പ്രവാചക വാദത്തിന്റെ 10-ാം വർഷത്തിലെ ശവ്വാൽ മാസത്തിലായിരുന്നു ഈ നിക്കാഹ്. അന്നേരം ഹദ്റത്ത് ആയിശ (റ) യുടെ പ്രായം 7 വയസ്സായിരുന്നു. എന്നാൽ അവരുടെ ശാരീരിക വളർച്ച അസാധാരണ നിലയിലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ പ്രസ്തുത നിക്കാഹിനായി പ്രേരിപ്പിച്ച ഖൗല ബിൻത് ഹക്കീമിന്റെ ചിന്ത ഒരിക്കലും അവരിലേക്ക് തിരിയില്ലായിരുന്നു. എന്നിരുന്നാലും അവർക്കപ്പോൾ പ്രായപൂർത്തി ആയിരുന്നില്ല. അതിനാൽ അന്നേരം നിക്കാഹ് കഴിഞ്ഞുവെങ്കിലും വീടുകൂടൽ നടന്നില്ല. അവർ സാധാരണ നിലയിൽ തന്നെ തന്റെ മാതാപിതാക്കളുടെ കൂടെ കഴിയുകയാണ് ചെയ്തത്.

പിന്നീട് ഹിജ്റത്തിന്റെ രണ്ടാം വർഷം അതായത് നിക്കാഹിന് അഞ്ചു വർഷങ്ങൾക്കു ശേഷം അവരുടെ പ്രായം 12 വയസ്സായപ്പോൾ അവർ പ്രായപൂർത്തിയാകുകയും അതിനാൽ സ്വയം ഹദ്റത്ത് അബൂബക്കർ (റ) നബി (സ)യുടെ സവിധത്തിൽ ഹാജറായി കൊണ്ട് ഹദ്റത്ത് ആയിശ (റ) യെ കൂട്ടികൊണ്ട് പോകുന്നതിനായി അപേക്ഷിച്ചു. അങ്ങനെ നബി (സ) മഹർ തയ്യാറാക്കുകയും ഹിജ്രി രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ഹദ്റത്ത് ആയിശ (റ)തന്റെ മാതാപിതാക്കളുടെ വീട്ടിൽ നിന്നും വിടവാങ്ങി നബി (സ) തിരുമേനിയുടെ ദാമ്പത്യ ജീവിതത്തിൽ പ്രവേശിച്ചു.

വീട്ടിൽ നിന്നും വിടവാങ്ങിയ സമയത്ത് ഹദ്റത്ത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നത് ഇക്കാലഘട്ടത്തിൽ ഒരു ഭിന്നിപ്പുള്ള ചോദ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സാധാരണ ചരിത്ര ഗ്രന്ഥങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും ഹദ്റത്ത് ആയിശ (റ)യുടെ പ്രായം 9 അല്ലെങ്കിൽ 10 വയസ്സായിട്ടാണ് രേഖപ്പെട്ടു കിടക്കുന്നത്. സഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആയിശ (റ) വിവാഹ സമയത്ത് തന്റെ വയസ്സ് 9 ആയിരുന്നു എന്ന് പറഞ്ഞിട്ടുമുണ്ട്. അക്കാരണത്താലാണ് എല്ലാ ചരിത്രകാരന്മാരും 9 വയസായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിന് വിരുദ്ധമായി ചില അന്വേഷകർ വിവിധ തെളിവുകൾ ഉദ്ധരിച്ചു കൊണ്ട് 14 വയസായിരുന്നു എന്നും 16 വയസായിരുന്നു എന്നും തെളിയിക്കുവാനായി ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ഈ അന്വേഷകരുടെ അഭിപ്രായത്തോട് യോജിപ്പില്ല. എന്നാൽ അവസ്ഥകൾ പരിശോധിക്കുമ്പോൾ 9 വയസായിരുന്നു എന്നുള്ളതും ശരിയായി തോന്നുന്നില്ല. മറിച്ച് മേലുദ്ധരിച്ചതു പോലെ വിടവാങ്ങുന്ന അവസരത്തിൽ ഹദ്റത്ത് ആയിശ (റ) 12 വയസ്സ് പൂർത്തിയാക്കുകയോ അല്ലെങ്കിൽ അതിനടുത്തായിരുന്നു എന്നാണ് തെളിയുന്നത്. യഥാർഥത്തിൽ മുൻകടന്നവർക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റാൻ കാരണം അവർ സഹീഹ് ഹദീസിൽ വന്നിട്ടുള്ള ഹദ്റത്ത് ആയിശയുടെ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള അനുമാനത്തെ കൃത്യമായതും ശരിയായതുമാണെന്ന് കരുതി മറ്റൊന്നിലേക്കും ശ്രദ്ധിച്ചില്ല എന്നതാണ്. എന്നാൽ നിവേദനം ശരിയാകുക എന്നതും അനുമാനം ശരിയാകുക എന്നതും രണ്ടും രണ്ടാണെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഹദ്റത്ത് ആയിശ (റ) യുടെ വിവാഹസമയത്തുള്ള തന്റെ പ്രായത്തെകുറിച്ചുള്ള അനുമാനം രേഖപ്പെട്ടു കിടക്കുന്ന സഹീഹ് ഹദീസിലെ നിവേദനങ്ങൾ രിവായത്തുകളുടെ അടിസ്ഥാനത്തിൽ ശരിയായിരിക്കും. എന്നാൽ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള ഹദ്റത്ത് ആയിശ (റ)യുടെ അനുമാനം തെറ്റാകാം. ചിലപ്പോൾ ആളുകളുടെ സ്വന്തം പ്രായത്തെ സംബന്ധിച്ചുള്ള അനുമാനം തെറ്റാറുള്ളതു പോലെ.

എന്നാൽ ഇതിന് വിപരീതമായി 9 വയസായിരുന്നു എന്നുള്ള ചിന്തയെ തെറ്റായി കരുതി സ്വതന്ത്രമായി അന്വേഷിക്കാൻ ശ്രമിച്ചവർ അന്വേഷണത്തിന്റെ ശരിയായ മാർഗം ഉപേക്ഷിച്ചു കൊണ്ട് ഹൃദയത്തിന് സംതൃപ്തി നൽകാത്ത കുഴഞ്ഞുമറിഞ്ഞ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത്ത് ആയിശ (റ) യുടെ ജനന കാലവും അതോടൊപ്പം വിടവാങ്ങിയ കാലവും മനസ്സിലാക്കുന്നതാണ് അവരുടെ പ്രായം കണക്കാക്കാൻ ഏറ്റവും പ്രബലവും എളുപ്പവുമായ മാർഗമെന്നതിൽ ബുദ്ധിമാനായ എല്ലാവരും യോജിക്കുന്നതാ

ണ്. കാരണം പ്രസ്തുത രണ്ട് കാല ങ്ങളും വ്യക്തമായാൽ വിടവാങ്ങുന്ന സമയത്ത് ഹദ്റത്ത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നതിൽ യാതൊരു സന്ദേഹ ത്തിനും സംശയത്തിനും ഇടമുണ്ടാ കില്ല.

ആദ്യം നമുക്ക് ജനനത്തെയെടു ക്കാം. ഇബ്നു സഅദ് ത്വബ്ഖാതിൽ ഒരു രിവായത്ത് രേഖപ്പെടുത്തിയിരി ക്കുന്നു. അതിൽ ഹദ്റത്ത് ആയിശ പ്രവാചകവാദത്തിന്റെ 4-ാം വർഷാ രംഭത്തിലാണ് ജനിച്ചത് എന്നാണ് പറ യുന്നത്. ഹദ്റത്ത് ആയിശ (റ)യുടെ ജനന കാലത്തെ സംബന്ധിച്ച് ഇത ല്ലാതെ മറ്റൊരു വ്യക്തമായ രിവായ ത്തും ആരംഭകാല ചരിത്രകാരന്മാ രുടെ ഗ്രന്ഥങ്ങളിൽ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഹദീസിന്റെ ഗ്രന്ഥങ്ങളിലും തൽസംബന്ധമായി ഒരു രിവായത്തും തന്നെയില്ല. അതി നാൽ ജനന കാലം പ്രാവചക വാദ ത്തിന്റെ 4 -ാം വർഷാരംഭത്തിലായി രുന്നു എന്നത് വളരെ എളുപ്പത്തിൽ നിർണയിക്കാൻ സാധിക്കുന്നതാണ്.

ഇനി നമുക്ക് വിടവാങ്ങിയ കാലത്തെ കുറിച്ച് നോക്കാം. ഇതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളിൽ ഭിന്നതയുണ്ട്. ചില നിവേദനങ്ങളിൽ പറഞ്ഞിരിക്കുന്ന കാലം ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാ ണെന്നാണ്. ചിലതിൽ ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസമെന്നും. എന്നാൽ ചിന്തിക്കുമ്പോൾ രണ്ടാമത് പരാമർശിച്ച നിവേദനമാണ് കൂടു തൽ പ്രാമാണികമായി തോന്നുക. ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസം എന്ന നിവേദനത്തിന്റെ യഥാർഥ ഉറവിടം ഇബ്നു സഅദ് ആകുന്നു. അദ്ദേഹം നിവേദനങ്ങളുടെ ഒരു ശൃം ഖലയിലൂടെ ഈ രിവായത്തിനെ ഹദ്റത്ത് ആയിശ (റ) യിലേക്കെത്തി ച്ചിരിക്കുന്നു. ഭൂരിഭാഗം ചരിത്രകാര ന്മാരും ഇബ്നു സഅദിന്റെ നിവേദ നത്തെ അടിസ്ഥാനമാക്കിയാണ് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസ മാണ് വിടവാങ്ങൽ നടന്നത് എന്ന് നിർണയിച്ചിരിക്കുന്നത്. ഇബ്നു സഅദ് വിശ്വാസ യോഗ്യനാണെ ങ്കിലും പ്രസ്തുത നിവേദനത്തിൽ അദ്ദേഹത്തിന്റെ നിവേദകരിൽ ഒരു നിവേദകൻ വാഖ്ദിയാകുന്നു. അയാൾ വിശ്വാസയോഗ്യനല്ലെന്നും കളവ് പറയുന്ന ആളാണെന്നും ഉള്ള തിൽ അന്വേഷകർ ഭൂരിഭാഗവും ഏകാഭിപ്രായക്കാരാണ്. മറ്റ് നിവേദ നങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ വാഖ്ദിയുടെ രിവായത്തുണ്ടെന്ന കാരണത്താൽ ഒരു ചരിത്ര സംഭവ ത്തിന്റെ അടിസ്ഥാനമായി പ്രസ്തു ത രിവായത്തിനെ കണക്കാക്കുക സാധ്യമല്ല.

അതിന് വിരുദ്ധമായി അല്ലാമ നൂദീ, അല്ലാമ ഐനീ, ഖസ്തലാനീ തുടങ്ങിയ മറ്റ് ചില അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്‌രിക്കാണ് പ്രാഥ മികത നൽകിയിരുന്നത്. അല്ലാമ നൂദീ വളരെ വ്യക്തമായും ശക്ത മായും ശവ്വാൽ ഹിജ്‌രി ഒന്നാം വർഷം എന്നുള്ള ഹദീസിനെ ദുർബ ലവും വിശ്വാസയോഗ്യമല്ലാത്തതും എന്നാണ് വിധിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ ചരിത്രകാരന്മാർ പൊതുവായി ശവ്വാൽ ഒന്നാം ഹിജ്‌രി എന്ന രിവായത്തിനെയാണ് പിൻതു ടരുന്നത് എന്നത് ഒരു പ്രബലമായ അഭിപ്രായത്തെ നിഷേധിക്കുന്നതിന് കാരണമാകേണ്ടതില്ല. യഥാർഥ ത്തിൽ ചരിത്രകാരന്മാർ വാഖ്ദിയുടെ രിവായത്തിനെ പിൻപറ്റാൻ കാരണം അത് സഹീഹ് ഹദീസിൽ രേഖപ്പെട്ടു കിടക്കുന്ന 9 വയസ്സെന്നുള്ള അനു മാനവുമായി യോജിക്കുന്നു എന്ന കാരണത്താലാണ്. അതിനാലാണ് സർഖാനിയെ പോലെയുള്ള അന്വേ ഷകർ ശവ്വാൽ രണ്ടാം ഹിജ്‌രി എന്ന ഹദീസിനെ സ്വീകാര്യമല്ലാത്തതായി പറയുന്നത്. കാരണം അതിനെ ശരി യായി അംഗീകരിച്ചാൽ പ്രായം 9 ൽ കൂടുതലാകും. എന്നാൽ വയസ്സും തൽ സംബന്ധമായ രിവായത്തും ചർച്ച ചെയ്യപ്പെടുമ്പോൾ ഏതെ ങ്കിലും പ്രത്യേക ഹദീസിനെ ശരിയാ യതായി നിർണയിക്കുക ഉചിതമല്ല. 9 വയസ്സായിരുന്നു എന്നുള്ള അനു മാനത്തെ തെറ്റായി മനസ്സിലാക്കു ന്നത് കൊണ്ട് 9 വയസ്സായിരുന്നു എന്നു ള്ള രിവായത്ത് തന്നെ തെറ്റാ ണെന്ന അർഥമില്ല. എന്നാൽ അദ്ഭു തമെന്ന് പറയട്ടെ അല്ലാമ സർഖാനി മറ്റൊരു സ്ഥലത്ത് ശവ്വാൽ 2 ഹിജ്‌രി എന്നു ള്ള ഹദീസിന് മുൻഗണന നൽകിയിട്ടുമുണ്ട്. ചുരുക്കത്തിൽ ശവ്വാൽ രണ്ടാം ഹിജ്‌രി എന്ന ഹദീ സിനെ അപേക്ഷിച്ച് ശവ്വാൽ ഒന്നാം ഹിജ്‌രി എന്ന ഹദീസ് വിശ്വാസയോ ഗ്യമായി തോന്നുന്നില്ല. ഹദ്റത്ത് ആയിശ (റ) യുടെ വിവാഹം ശവ്വാൽ രണ്ടാം ഹിജ്‌രിയിലാണ് നട ന്നത് എന്ന് തന്നെയാണ് യഥാർഥ മായി മനസിലാകുന്നത്.

ഇനി ജനനകാലവും വിടവാങ്ങൽ കാലവും നിർണിതമായിക്കഴിഞ്ഞതി നാൽ പ്രായം കണക്കാക്കുക പ്രയാ സമുള്ള കാര്യമല്ല. മറിച്ച് ഒരു ചെറിയ കുട്ടിക്ക് പോലും ചെയ്യാൻ സാധി ക്കുന്ന എളുപ്പമുള്ള ഒരു കണക്കായി മാറിയിരിക്കുന്നു. ഹദ്റത്ത് ആയിശ (റ) നുബുവ്വത്ത് വാദത്തിന്റെ 4 -ാം വർഷാരംഭത്തിൽ ജനിച്ചു. നുബു വ്വത്ത് വാദത്തിന്റെ 14-ാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നബി (സ) തിരുമേനി ഹിജ്റത്ത് ചെയ്ത്. അങ്ങനെ ഹിജ്റത്ത് സമയ ത്തുള്ള ഹദ്റത്ത് ആയിശ (റ) യുടെ പ്രായം ഏകദേശം 10 വയസ്സും 6 മാസവുമാകുന്നു. ഹിജ്റത്ത് നടന്ന ഹിജ്റ ഒന്നാം വർഷം റബീഉൽ അവ്വ ൽ മുതൽ ഹദ്റത്ത് ആയിശ (റ) യെ കൂട്ടിക്കൊണ്ടു പോയ ശവ്വാൽ ഹിജ്‌രി 2 വരെയുള്ള കാലം 2 വർഷവും ഏതാനും മാസവുമാകു ന്നു. ഇനി ഈ രണ്ട് കാലത്തേയും യോജിപ്പിക്കുകയാണെങ്കിൽ നാം ആരംഭത്തിൽ പറഞ്ഞ 12 വർഷം തന്നെയാണ് ലഭിക്കുക. ഇനി അഥവാ ഇബ്നു സഅദിന്റെ നിവേ ദനം അനുസരിച്ച് ഹിജ്റ ഒന്നാം വർഷം തന്നെയാണ് കൂട്ടിക്കൊണ്ട് പോയതെങ്കിൽ തന്നെയും 11 വർഷം ലഭിക്കുന്നു. 9 ഓ 10 ഓ വയസ്സല്ല. ഇത് കണക്കു കൂട്ടിയെടുത്തതാണ്. ഇതിനെതിരിൽ അനുമാനം സ്വീകാ ര്യയോഗ്യമല്ല.

(സീറത്ത് ഖാത്തമുന്നബിയ്യീൻ (സ), വിവ. മൗലവി അബ്ദുൽ മുജീബ്)

# യേശുവിന്റെ അസാധാരണ ജനനം: വിശ്വാസവും ശാസ്ത്രവും

ദൈവത്തിന് വേണ്ടി ഉജ്ജ്വല ത്യാഗങ്ങൾ വരിച്ച മഹാനായ പ്രവാചകനാണ് യേശു. അവിടുത്തെ പിതാവില്ലാതെയുള്ള ജനനം കൗതു കമുണർത്തുന്ന ഒരു വിഷയമാണ്. ഇതിനോടനുബന്ധിച്ച് ദൈവപുത്രത്വം മുതൽ ദൈവത്തിന് മാത്രം ചേർന്ന അനേകം അമാനുഷിക പദ വികളും പ്രവർത്തികളും വരെ ക്രിസ്ത്യാനികളും മുസ്‌ലിംകളും അദ്ദേഹത്തിൽ ചാർത്തുന്നു. ദൈവത്തിന്റെ ഏകത്വത്തെ ശക്തമായി പ്രബോധിക്കുന്ന വിശുദ്ധ ഖുർആൻ യേശുവിന്റെ ജനന വിഷയത്തിൽ നൽകുന്ന ശാസ്ത്രീയ സൂചനകളും പാഠങ്ങളും ഈ ലേഖനത്തിൽ വിവരിക്കുന്നു.

എ.എം.മുഹമ്മദ് സലിം

**സം**വാദങ്ങളെ ഇഷ്ടപെടുന്ന രണ്ട് പ്രബല മതങ്ങളാണ് ക്രിസ്തു മതവും ഇസ്‌ലാം മതവും. ഈ പരിഷ്കൃതയുഗത്തിൽ എല്ലാ ചിന്താ പ്രസ്ഥാനങ്ങളും ജീവിത പദ്ധതിക ളും ആശയ വിനിമയങ്ങളുടെയും സംവാദങ്ങളുടെയും പ്രസക്തി മനസ്സിലാക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരുമാണ്. പ്രത്യേകിച്ച് തങ്ങളുടെ മോക്ഷാർ ഹമായ മതത്തിലേക്ക് വരുവീൻ എന്ന് അന്യമതസ്ഥരിൽ മതപ്രചാര ണം നടത്തുന്ന ക്രിസ്തു മതത്തിനും ഇസ്‌ലാം മതത്തിനും ചോദ്യങ്ങ ളെയും ആശയ വിനിമിയങ്ങളെയും സംവാ ദങ്ങളെയും അഭിമുഖീകരി ക്കാതിരിക്കാൻ സാദ്ധ്യമല്ല. ഖുർ ആൻ പറയുന്നു:

***'തത്ത്വജ്ഞാനവും സദുപദേശ വും കൊണ്ട് നിന്റെ നാഥന്റെ മാർഗ ത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റ വും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക'(അന്നഹൽ 16:126)*** സംവാ ദത്തെപറ്റിയുള്ള ഒരു ബൈബിൾ വചനം ഇപ്രകാരമാണ്. ***'ക്രിസ്തു വിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവായി പൂജിക്കുക. അവനെ ക്കുറിച്ച് നിങ്ങളിലുള്ള പ്രതീക്ഷയെ പറ്റി ആരെങ്കിലും വിശദീകരണം ആവശ്യപ്പെട്ടാൽ എപ്പോഴും ഒരു പ്രതിവാദത്തിന് സന്നദ്ധരായിരി ക്കണം. പക്ഷേ സൗമ്യതയോടും ബഹുമാനത്തോടും കൂടി വേണം ഇതു ചെയ്യാൻ'*** (പത്രോസ് 3: 13 15)

ഇവിടെ നാം ചർച്ച ചെയ്യുന്നത് ജനകോടികളുടെ ഹൃദയത്തിൽ പ്രതിഷ്ഠിതനും പുണ്യാത്മാവുമായ യേശുവിന്റെ ജനനത്തെ സംബ ന്ധിച്ച പ്രശ്നമാണ്. പുരുഷന്റെ സ്പർശനമില്ലാതെയാണ് യേശു വിന്റെ പരിശുദ്ധ മാതാവ് ഹദ്റത്ത് മറിയം ബീവി ഗർഭം ധരിച്ചത്. ഈ പ്രതിഭാസത്തിന്റെ ദൈവശാസ് ത്രപരവും ജൈവ ശാസ്ത്ര പരവു മായ സാധുതയും സാംഗത്യവും നിഷ്പക്ഷവും നീതിയുക്തവുമായി നാം മനസ്സിലാ ക്കേണ്ടിയിരിക്കുന്നു. മതസാഹിത്യങ്ങളിലും ഇതിഹാ സങ്ങളിലും പുരാണങ്ങളിലും പുരാ വൃത്തങ്ങളിലും ഇത്തരം സംഭവ ങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതി ലേറ്റവും പ്രസിദ്ധമായതും പ്രചാര പ്പെട്ടതും ഹദ്റത്ത് യേശു (അ) വിന്റെ ജനനമാണ്. യേശു ജനിച്ചത് ഹദ്റ ത്ത് മറിയം ബീവി കന്യകയായിരി ക്കുമ്പോഴാണ് എന്നാണ് ക്രിസ്ത്യാ നികളും മുസ്‌ലിംകളും വിശ്വസിക്കു ന്നത്. പിതാവില്ലാതെ ജനിച്ച യേശു വിന്റെ പിതാവ് ദൈവമാണ് എന്നാ ണ് ഏല്ലാ ക്രിസ്തീയ വിഭാഗങ്ങളും വിശ്വസിക്കുന്നത്. ക്രിസ്തുമതത്തി ന്റെ അടിസ്ഥാന വിശ്വാസമായി കരുതുന്ന ദൈവപുത്രവാദത്തിന്റെ ഏറ്റവും പ്രബലമായ ആധാരം കന്യാ മറിയത്തിന്റെ ഈ അസാധാരണ മായ ഗർഭധാരണവും പ്രസവവു മാണ്. പിതാവില്ലാതെ ഭൂജാതനായ യേശുവിന്റെ ജനനം ഒരു ദിവ്യാത്ഭു തമാണ് എന്ന് കരുതുന്ന മുസ്‌ലിം കൾ, ദൈവമാണ് യേശുവിന്റെ പിതാവ് എന്ന ക്രിസ്തീയ വാദ ത്തോട് തികച്ചും വിയോജിക്കുന്നു. മുസ്‌ലിംകളുടെ ഏക ദൈവ സങ്കൽ പ്പത്തിന് കടകവിരുദ്ധവും വിശുദ്ധ ഖുർആൻ വ്യക്തമായ വചനങ്ങ ളിൽ ഖണ്ഡിച്ചതുമായ ഒരുവിശ്വാസ മാണ് യേശു ദൈവപുത്രനാണെന്ന വാദം. മുസ്‌ലിംകളുടെ അഭിപ്രായ പ്രകാരം ഒരു മനുഷ്യനിൽ ദൈവത്വം ആരോപിക്കുന്നതും ലൈംഗിക സംബന്ധിയായ പുത്രോൽപാദനം ദൈവത്തിൽ ചാർത്തുക എന്നതും ദൈവസങ്കൽപ്പത്തിൽ വ്യക്തമായ കളങ്കം ചേർക്കലാണ്. അതുകൊ ണ്ടാണ് യേശുവിന്റെ മാതാവ് പരിശുദ്ധയായ കന്യാമറിയം യേശു വിനെ ഗർഭം ധരിച്ച സംഭവം ദൂരവ്യാ പകമായ മാനങ്ങളുള്ള നിർണായക മായ ഒരു പരിശോധനാ വിഷയമായി മാറുന്നത്. ഇസ്‌ലാമിന്റെ ഏകദൈവ സങ്കൽപ്പത്തിന് കടക വിരുദ്ധമായി യേശുവിൽ ആരോപിക്കപ്പെടുന്ന ദൈവ പുത്രവാദത്തിന് അടിസ്ഥാന മായി നിലകൊള്ളുന്ന അദ്ദേഹത്തി ന്റെ ജനന പ്രശ്നത്തിന് ഖുർആനിക

വീക്ഷണത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ഏകദൈവത്തിൽ വിശ്വസിക്കുന്ന മുസ്‌ലിംകളുടെ കടമയാണ്. നിർഭാഗ്യവശാൽ ദൈവപുത്ര വാദത്തെ ഫലപ്രദമായി ഖണ്ഡിക്കാനോ ഏക ദൈവവിശ്വാസത്തെ പ്രതിരോധിക്കാനോ പറ്റാത്ത വിധം അവ്യക്തവും അന്ധവിശ്വാസ ജഡിലവും ക്രൈസ്തവ വീക്ഷണത്തിന്റെ കലർപ്പുള്ളതും ദുർബലവുമാണ് യേശുവിനെ സംബന്ധിച്ച മുസ്‌ലിം ബഹുഭൂരിപക്ഷത്തിന്റേയും വിശ്വാസം.

## ദൈവത്തിന്റെ ഏകത്വം

ഇസ്‌ലാമിന്റെ ഏറ്റവും അടിസ്ഥാനപ്രമാണമാണ് ദൈവത്തിന്റെ ഏകത്വം അഥവാ തൗഹീദ്. വിശുദ്ധ ഖുർആനിൽ 200 ലധികം തവണ ദൈവത്തിന്റെ ഏകത്വത്തെപറ്റി പരാമർശമുണ്ട്. ദൈവത്തിന് പുത്രനോ സഹധർമിണിയോ മറ്റു പങ്കുകാരോ ഉണ്ടെന്ന വിശ്വാസം ഇസ്‌ലാമിലെ ദൈവത്തിന്റെ ഏകത്വ സങ്കൽപ്പത്തിന് കടക വിരുദ്ധമാണ്. ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവർത്തിയിലും ഏകനാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

*'പറയുക: അവൻ അല്ലാഹുവാകുന്നു, ഏകൻ. അല്ലാഹു സർവാധിനാഥനാണ്. അവൻ ആരേയും ജനിപ്പിച്ചിട്ടില്ല. അവൻ ആരുടെയും ജാതനുമല്ല. അവനു സമാനമായി ആരും തന്നെയില്ല.(112:1 - 5 )* *'അതിനാൽ അറിയുക അല്ലാഹു അല്ലാതെ വേറൊരു ആരാധ്യനുമില്ല തന്നെ'(47: 20)* *'(അവൻ) ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകകളില്ലാതെ സൃഷ്ടിച്ചവനത്രെ. അവന് ഒരു സഹധർമിണി ഇല്ലെന്നിരിക്കെ അവന് സന്താനമുണ്ടാകുന്നതെങ്ങനെ?' (6:102)*

യേശുവിന്റെ ജനനം പ്രകൃതി നിയമത്തിന് വിധേയമായിക്കൊണ്ടുള്ള അസാധാരണമായ ഒരു സംഭവമാണെന്നും പ്രകൃതിനിയമത്തിന് വിരുദ്ധമായി അതിൽ ഒന്നും തന്നെ ഇല്ല എന്നും ഖുർആൻ പറയുന്നു: *'അല്ലാഹുവിന്റെയടുക്കൽ ഈസായുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെതന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽ നിന്നും സൃഷ്ടിച്ചു '(3:60)* മനുഷ്യരെയെല്ലാം മണ്ണിൽ നിന്നാണ് സൃഷ്ടിച്ചതെന്ന പ്രകൃ തി സാധാരണമായ തത്ത്വം ഖുർ ആൻ ഇവിടെ നമ്മെ ഓർമിപ്പിക്കു കയാണ് ചെയ്യുന്നത്. മാത്രമല്ല അല്ലാഹുവിന് ഒരു പുത്രനുണ്ട് എന്ന വിശ്വാസം അങ്ങേയറ്റം ദൈവനിന്ദാപരമാണെന്നും ദൈവമഹത്വത്തിന് അത് കടക വിരുദ്ധമാണെന്നും വിശുദ്ധ ഖുർ ആൻ അസന്ദിഗ്ദമായ വചനങ്ങളിൽ ഗൗരവപൂർവം താക്കീത് ചെയ്യുന്നു: *'പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങളൊരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോവുകയും പർവതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം. പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ച കാരണത്താൽ. ഒരു പുത്രനെ സ്വീകരിക്കുക എന്നത് പരമകാരുണികന് ഒട്ടും ഭൂഷണമല്ല.' (19:90 - 92)*

## യേശുവിന്റെ പിതൃരഹിത ജനനം

ദൈവത്തിന് വേണ്ടി സ്തോഭജനകമായ ത്യാഗങ്ങൾ വരിച്ച പരിശുദ്ധനായ ദൈവിക പ്രവാചകനാണ് യേശു. പിതാവില്ലാത്ത അസാധാരണ ജനനം കാരണം അദ്ദേഹത്തെ വിശുദ്ധ ഖുർആൻ മാതാവിനോടൊപ്പം ചേർത്ത് ഈസബ്നു മറിയം എന്നാണ് വിളിച്ചത്. വിശുദ്ധ ഖുർആൻ യേശുവിന്റെ വന്ദ്യമാതാവ് ഹദ്റത്ത് മർയം ബീവിക്ക് സമുന്നത സ്ഥാനമാണ് നൽകിയിരിക്കുന്നത്. അവരെപറ്റി ബൈബിൾ പുതിയ നിയമത്തിലുള്ളതിനേക്കാൾ വിശുദ്ധ ഖുർആൻ പരാമർശമുണ്ട്. 114 ഖുർആൻ സൂറത്തുകളിൽ ഒന്ന് അവരുടെ നാമത്തിൽ സൂറ: മറിയം എന്നാണ്. ഖുർആൻ പറയുന്നു:

*'അവൾ (മറിയം) പറഞ്ഞു: എന്റെ നാഥാ, എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ലാതിരിക്കെ എനിക്ക് എങ്ങനെ ഒരു കുട്ടിയുണ്ടാകും? അവൻ (അല്ലാഹു) പറഞ്ഞു: അതങ്ങനെ തന്നെയാണ്. താൻ ഇച്ഛരിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് അവൻ ചെയ്യുന്നത്. അപ്പോൾ അതുണ്ടാവുന്നു.'(3:48)* മറ്റൊരു വചനം ഇങ്ങനെയാണ്. *'അവൾ (മറിയം ) പറഞ്ഞു, എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിണി ആയിട്ടുമില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാകുക? അദ്ദേഹം (മലക്ക്) പറഞ്ഞു: അതങ്ങനെതന്നെ (പക്ഷേ ഇതെനിക്ക് എളുപ്പമുള്ള കാര്യമാണെന്ന് നിന്റെ നാഥൻ പറയുന്നു'(19:22)* ബൈബിൾ വിവരണം ഇങ്ങനെയാണ്: *'യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ അമ്മയായ മറിയം യോസേഫിന് പ്രതിശ്രുത വധുവായിരിക്കേ, അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു. അവളെ അപഹാസ്യയാക്കാൻ അയാൾക്ക് മനസ്സുവന്നതുമില്ല' (മത്താ: 1: 18 - 20)*

പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും അത്ഭുതങ്ങൾ തന്നെയാണ്. പല അസാധാരണ പ്രതിഭാസങ്ങളും മനുഷ്യനിൽ ആശ്ചര്യവും അത്ഭുതാതിശയങ്ങളും ജനിപ്പിക്കുന്നു. ശാസ്ത്രം അതിന്റെ രീതിയിൽ ഈ പ്രതിഭാസങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് മനസ്സിലാക്കി തരുമ്പോഴാണ് അത്ഭുതങ്ങൾ അറിവായി മാറുന്നത്. ശുദ്ധമായ ദൈവിക വെളിപാടുകളും തത്ത്വജ്ഞാന നിർഭരമായ ദിവ്യാത്മാക്കളുടെ വചനങ്ങളിലും അന്ധവിശ്വാസങ്ങളും ദൈവമഹത്വത്തിന് വിരുദ്ധമായ സങ്കൽപ്പങ്ങളും കലർപ്പുകളും കടന്നുകൂടില്ല എന്നത് നിസ്തർക്കമാണ്.

മനുഷ്യൻ ഇന്ന് ആർജിച്ച ശാസ്ത്രീയ ജ്ഞാനം നൂറ്റാണ്ടുകളായി ആർജിച്ച അറിവിന്റെ സഞ്ചിത രൂപമാണ്. മനുഷ്യൻ അറിഞ്ഞ

തിനേക്കാൾ കൂടുതൽ അറിയാനുള്ള കാര്യങ്ങളാണ് എന്നത് തീർച്ചയാണ്. മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ച് വേണ്ടത്ര ശാസ്ത്രീയ ജ്ഞാനം ആർജിച്ചിട്ടില്ലാത്ത പുരാതനകാലത്ത് സാധാരണ രീതിയിലുള്ള ഗർഭ ധാരണത്തെക്കുറിച്ച് തന്നെ കൃത്യ വും വിശദവുമായ അറിവ് മനുഷ്യനു ണ്ടായിരുന്നില്ല. ഇക്കാലത്തും പൂർണ മായി കൈവന്നിട്ടില്ല. അങ്ങനെ വരു മ്പോൾ പിതാവില്ലാതെ ഗർഭം ധരി ക്കുന്ന അത്യപൂർവമായ പ്രതിഭാസം വിശദീകരിക്കപ്പെടുക എന്നത് അസാ ദ്ധ്യമാണ്. അത് കൊണ്ട് ഈ വിഷയ ത്തിൽ സാധാരണ മനുഷ്യരുടെ അയുക്തിക ഭാവനയും അന്ധവി ശ്വാസങ്ങളും പ്രവർത്തിക്കുക സ്വാ ഭാവികമാണ്.യേശുവിനെ സംബ ന്ധിച്ച് ഈ ഭാവനാ വിലാസങ്ങൾ ദൈവ മഹത്വത്തിന് നിരക്കാത്ത മാന ങ്ങളിലേക്ക് വഴി പിഴച്ചു പോകുകയു മാണുണ്ടായത്. ഈ വഴിക്കാണ് ക്രിസ്ത്യാനികളുടെ ദൈവപുത്ര വാദം രൂപപ്പെട്ടത്.

## യേശു:അല്ലാഹുവിന്റെ വചനവും ആത്മാവും

പ്രവാചക സമൂഹത്തിൽ അംഗ മായിരുന്ന യേശുവിന്റെ ജീവിത ദൗത്യവും സന്ദേശവും എന്തായിരു ന്നുവെന്ന് യേശുവിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയ വചനങ്ങൾ വ്യക്തമായി വിളംബരം ചെയ്യുന്നുണ്ട്. എങ്കിലും വിശുദ്ധ ഖുർ ആൻ ക്രിസ്ത്യാനികൾ വൻ തോതിൽ ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിച്ച് ദയനീയമാം വിധം പരാജയ പ്പെടാറുണ്ട് എന്നതാണ് വാസ്തവം. ഈ ദുർ വ്യാഖ്യാനത്തിന് ഉപോൽ ബലകമായ രീതിയിൽ യാഥാസ്ഥി തിക മുസ്ലിം പണ്ഡിതന്മാരുടെ അർഥ വിവരണങ്ങളും സഹായകമായി ട്ടുണ്ട്. അത്തരത്തിലുള്ള ഖുർആ നിലെ രണ്ട് പരാമർശങ്ങളാണ്, 'കലിമത്തുല്ലാഹ്', 'റൂഹുല്ലാഹ്' എന്നിവ.

## കലിമത്തുല്ലാഹ്

*'ഓ മറിയം! നിശ്ചയമായും അല്ലാഹു തന്റെ പക്കൽ നിന്നുള്ള ഒരു വചനം (ബി കലിമത്തിൻ മിൻഹു) മുഖേന നിനക്ക് (ഒരു മകനെക്കുറിച്ചുള്ള ) സുവിശേഷം അറിയിക്കുന്നു. അവന്റെ പേര് മസീഹിബ്നു മർയം എന്നായിരിക്കും. (അദ്ദേഹം) ഇഹത്തിലും പരത്തിലും ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനുമായിരിക്കും എന്ന് മലക്കുകൾ പറഞ്ഞ സന്ദർഭം സ്മരിക്കുക'(3:46)*

സൂറ: ആലു ഇംറാനിലേതാണ് പ്രസ്തുത വചനങ്ങൾ. നജ്റാനിൽ നിന്നും റസൂൽ തിരുമേനി (സ) യുമായി സംവാദം നടത്താൻ വന്നപ്പോഴായിരുന്നു സൂറ: ആലു ഇംറാനിലെ 83 വചനങ്ങൾ അവതരി ച്ചത്. അത്വരെ റസൂൽ തിരുമേനി (സ) ഉന്നയിച്ച യേശുവിന്റെ ദൈവ പുത്രവാദത്തെ ഖണ്ഡിക്കുന്ന വാദ ങ്ങൾക്കൊന്നും മറുപടി പറയാ തിരുന്ന ക്രിസ്ത്യാനികൾ യേശുവി നെ പറ്റി ഖുർആൻ പറഞ്ഞ 'ബി കലിമത്തിൻ മിൻഹു' എന്ന പദ ത്തിൽ കയറിപ്പിടിച്ചു റസൂൽ തിരുമേനിയുടെ വിവരണം കേൾ ക്കാതെ വിജയഭാവത്തിൽ എഴു ന്നേറ്റു പോകുകയാണുണ്ടായത്. ഖുർആന്റെ അർഥം മനസ്സിലാ ക്കാതെ ഇപ്പോഴത്തെ ക്രിസ്ത്യൻ വിമർശകരും അത് തന്നെയാണ് ആവർത്തിക്കുന്നത്. വാസ്തവ ത്തിൽ പ്രവാചകനായ യേശുവിന്റെ ദൈവപുത്രത്വത്തെയും ദിവ്യത്വ ത്തെയും നിശിതമായി നിരാകരിക്കു ന്നതിനും അദ്ദേഹത്തിന്റെ യഥാർഥ വ്യക്തിത്വം എന്താണെന്ന് വ്യക്തമാ ക്കാനുമാണ് കലിമത്തുഹു, റൂഹു മിൻഹു എന്നീ വാക്കുകൾ ഖുർ ആൻ ഉപയോഗിക്കുന്നത്. മറ്റൊരു വചനം ഇപ്രകാരമാണ്.:

*'ഗ്രന്ഥാനുസാരികളേ നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സത്യമല്ലാതെ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ മകൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കി ക്കൊടുത്ത വചനവും ( കലിമത്തുഹു- വചനത്തിന്റെ സാക്ഷാത്ക്കാരവും) അവന്റെ പക്കൽനിന്നുള്ള ഒരു കാരുണ്യവും (റൂഹു മിൻഹു) മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (അങ്ങനെപറയുന്നതിൽ നിന്നും) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽനിന്നും അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതെല്ലാം അവന്റെതാകുന്നു.* **രക്ഷാകർത്താവായി അല്ലാഹു മതിയായവനാണ്. (4:172)**

'വചനം' (കലിമ) എന്ന അർഥ ത്തിലുള്ള അറബി പദം അടയാളം, വചനം (66:13), ശിക്ഷ (19:97), ആസൂത്രണം (9:40), സുവിശേഷം (7:138), ദൈവ സൃഷ്ടി (31:28), കേവല വചനം (23:110) ഇങ്ങനെ നിരവധി അർഥങ്ങളിൽ വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. യേശുവിനെ സംബന്ധിച്ച് കലിമ എന്നാണ് ഉപയോഗിച്ചതെങ്കിൽ റസൂൽ തിരുമേനി(സ) യെക്കുറിച്ച് ദിക്ർ (65: 11,12), ഗ്രന്ഥം, വചന സമാഹാരം എന്നിങ്ങനെയുള്ള അർ ഥത്തിൽ പരിഭാഷപ്പെടുത്താവുന്ന വിധത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അ ങ്ങനെയാണെങ്കിൽ അത് ഒരു വചന ത്തെക്കാൾ അധികമാണല്ലോ?

## റൂഹുല്ലാഹ്

***'തന്റെ ചാരിത്രത്തെ സംരക്ഷിച്ച ആ സ്ത്രീയേയും (മർയമി നെയും) സ്മരിക്കുക. അപ്പോൾ നാം അവളിൽ നമ്മുടെ ചില വചനങ്ങൾ (മിൻ റൂഹിനാ) ഇറക്കി. അവളേയും അവളുടെ പുത്രനേയും നാം ലോകത്തിന് ഒരടയാളമാക്കിയിരിക്കുന്നു.' (21:92)***

ഈ ഖുർആൻ വചനത്തിൽ അല്ലാഹു യേശുവിനെ ഒരു അടയാള മാക്കിയത് സംബന്ധിച്ച കാര്യമാണ് പറയുന്നത്. യേശുവിന്റെ ഗർഭധാര ണത്തിൽ അല്ലാഹുവിന്റെ റൂഹിന് യാതൊരു വിധത്തിലുമുള്ള ഇടപെട ലുണ്ടായതായി ഇവിടെ ഖുർആൻ

പറയുന്നില്ല. അടയാളമാക്കുക, റൂഹുൽ ഖുദുസ് ഇറങ്ങുക എന്നതെല്ലാം ഹദ്റത്ത് മറിയം ബീവിക്കോ ഹദ്റത്ത് ഈസാനബി (അ) ക്കോ മാത്രം പ്രത്യേകമായി ഉണ്ടായ പ്രതിഭാസമല്ല. എല്ലാ പ്രവാചകന്മാരെ ബന്ധപ്പെടുത്തിയും ഖുർആൻ പറഞ്ഞകാര്യമാണ്. ഹദ്റത്ത് മറിയം ബീവിയെക്കുറിച്ചും ഹദ്റത്ത് ഈസാ നബി(അ)യെ ക്കുറിച്ചും പ്രത്യേകം പരിശുദ്ധപ്പെടുത്തി പറയാൻ കാരണം അവർ ഇരുവരും ജനനത്തിന്റെ പ്രത്യേകതകൊണ്ട് അധിക്ഷേപിക്കപ്പെടാൻ സാദ്ധ്യതയുണ്ട് എന്നത് കൊണ്ട് കൊണ്ടുകൂടിയാണ്. ഈസാ നബി(അ) പോലെ മറ്റു പ്രവാചകന്മാർക്കും അടയാളങ്ങളും ദൃഷ്ടാന്തങ്ങളും നൽകിയതായി വിശുദ്ധ ഖുർആൻ പറയുന്നു: *അതിന് കാരണം തീർച്ചയായും അവരുടെ ദൂതന്മാർ വ്യക്തമായ അടയാളങ്ങളുമായി (ബിൽ ബയ്യിനാത്തി) അവരുടെ അടുക്കൽ ചെന്നുകൊണ്ടിരുന്നപ്പോൾ അവർ നിഷേധിച്ചു' (24:23).* റസൂൽ തിരുമേനി (സ) യെകുറിച്ച് പറയുന്നു: *'തീർച്ചയായും നാം നിനക്ക് സ്പഷ്ടമായ തെളിവുകൾ (ആയാത്തിൻ ബയ്യിനാത്തിൻ) തന്നിരിക്കു ന്നു. ' (2:100)*

അപ്രകാരം റുഹൂൽ ഖുദുസിന്റെ ഇറക്കത്തെ പറ്റിയുള്ള നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. റസൂൽ തിരുമേനി(സ) ക്ക് റൂഹുൽ ഖുദ്സിന്റെ മാധ്യമത്തിലൂടെ വിശുദ്ധ ഖുർആൻ ഇറങ്ങിയതിനെ പറ്റി ഖുർആൻ പറയുന്നത് കാണുക: ***'പറയുക എന്റെ നാഥനിൽ നിന്ന് പരിശുദ്ധാത്മാവ് (റൂഹുൽ ഖുദുസ്) സത്യമായ വിധത്തിലിറക്കിയതാണിത്. വിശ്വാസിളെ ഉറപ്പിച്ചു നിർത്തുന്നതിന് വേണ്ടിയും മുസ്ലിംകൾക്ക് മാർഗദർശനവും സുവിശേഷവുമായും (ഇത് ഇറക്കിയിരിക്കുന്നു). '(16:103)*** പ്രവാചകരിൽ മാത്രമല്ല സത്യത്തിന്റെ കഠിന വിരോധികളുടെ എതിർപ്പുകൾ ഏറ്റുവാങ്ങി ജീവിക്കുന്ന സച്ചരിതരായ സത്യവിശ്വാസികളിൽ പോലും റൂഹുൽ ഖുദുസ് ഇറങ്ങുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: ***'അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള റൂഹിനെ കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'(58:23)***

ഉന്നതമായ വെളിപാടുകളുടെ വാഹകനായി വരുന്ന മലക്ക് ജിബ്രീരിലിനെക്കുറിച്ചും റൂഹുൽ ഖുദുസ് എന്ന് പറയപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ സഹായം എന്ന അർഥത്തിൽ റൂഹുൽ ഖുദുസ് എന്ന പ്രയോഗം ഹദീസുകളിൽ വന്നിട്ടുണ്ട്. റസൂൽ തിരുമേനി(സ) കവിയായിരുന്ന ഹസൻ (റ) വിനോട് പറഞ്ഞു: ***'ഓ, ഹസൻ (അവിശ്വാസികളോട്) അല്ലാഹുവിന്റെ ദൂതനുവേണ്ടി മറുപടി പറയുക. അല്ലയോ നാഥാ, റൂഹുൽ ഖുദ്സു കൊണ്ട് ഹസനെ നീ സഹായിക്കുക'- (ബുഖാരി & മുസ്ലിം). '***

അല്ലാഹു സൃഷ്ടിച്ച സകല മനുഷ്യരിലും തന്റെ ആത്മീയ ചൈതന്യത്തിൽ നിന്ന് ഒരംശം ഊതി എന്ന് പറയുമ്പോൾ അത് ഒരാൾക്ക് മാത്രം ലഭിച്ച പ്രത്യേകതയായി കാണുവാൻ സാദ്ധ്യമല്ല.

***' നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ മുഴങ്ങുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്നും ഞാൻ അവനിൽ ഊതുകയും (വനഫഖ്തു ഫിഹി മിൻ റൂഹി) ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ പരിപൂർണമായി അനുസരിച്ചു കൊണ്ട് അവന് കീഴ്പ്പെടുവീൻ '(15:29,30) സൂറ: സാദിലും (38:73) അൽ സജദ ((32: 10) യിലും ഇതേ പരാമർശം ആവർത്തിക്കുന്നു.***

## പിതാവ് എന്ന വിശേഷണം ദൈവ മഹത്വത്തിന് ചേർന്നതല്ല

അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ദൈവത്തെ 'പിതാവ്' എന്ന സ്തോത്ര നാമത്തിൽ ക്രിസ്ത്യാനികൾ വാഴ്ത്തുന്നതിനെ നിശിതമായ നിരൂപണത്തിന് വിധേയമാക്കിയിട്ടുണ്ട്. ദൈവത്തെ'പിതാവ്' എന്ന് അഭിസംബോധന ചെയ്യുന്നതിലെ പദനിരുക്തി ശാസ്ത്രപരവും ദൈവശാസ്ത്ര പരവുമായ വൈകല്യങ്ങളും പ്രമാദങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. യേശു ദൈവത്തെ പിതാവ് എന്ന് വിളിച്ചു എന്ന് പറയുന്നത് ആ മഹാത്മാവിന് നേരെയുള്ള ഒരു വ്യാജാരോപണം മാത്രമാണെന്നും ദൈവമഹത്വത്തിന്റെ അർഥ പ്രകാശനത്തിന് പിതാവ് എന്ന പദം ഒരിക്കലും പര്യാപ്തമല്ല എന്നുമാണ് ഹദ്റത്ത് അഹ്മദ്(അ) ന്റെ വാദം.

ഭാഷാശാസ്ത്രപരമായി പിതാവ് എന്ന അർഥം വരുന്ന അബുൻ എന്ന പദം ലൈംഗിക വേഴ്ച്ചയും കാമശമനവും ബീജദാനവുമുൾപ്പെടെ മനുഷ്യനടക്കമുള്ള എല്ലാ ജീവികളുടെയും പ്രത്യുൽപ്പാദനപരമായ ജൈവ പ്രവർത്തനത്തെകുറിക്കുന്നു. സന്താനോൽപ്പാദനത്തെ സംബന്ധിച്ച് അഭികൽപ്പനയോ ആസൂത്രണമോ ഉദ്ദേശ്യം പോലുമോ ഈ പദം ദ്യോതിപ്പിക്കുന്നില്ല. എല്ലാ ഭാഷകളിലും പിതാവ് എന്ന സ്ഥാനത്തിന് ഉപയോഗിക്കുന്ന പദങ്ങളെല്ലാം ഈ അർഥം തന്നെയാണ് ദ്യോതിപ്പിക്കുന്നത്. ധാത്വാർഥസമ്പന്നവും അറിയപ്പെടുന്നവയിൽ വെച്ച് ഏറ്റവും പ്രാചീനവുമായ അറബി ഭാഷയിലെ അബുൻ എന്ന പദത്തിന്റെ വ്യതിരൂപങ്ങൾ എല്ലാ ഭാഷയിലും കാണാമെന്നും ഹദ്റത്ത് അഹ്മദ് (അ) പറയുന്നു. ലൈംഗിക പ്രത്യുൽപ്പാദനത്തിൽ ബീജദാതാവ് എന്ന അർഥം മാത്രം ദ്യോതിപ്പിക്കുന്നതും പരിചരണത്തിന്റെയോ സ്നേഹവാത്സല്യങ്ങളുടെയോ അർഥം ധ്വനിപ്പിക്കാത്തതുമായ 'അബുൻ' എന്ന അറബി പദം ദൈവത്തിന് ഉപയോഗിക്കാൻ നിഘണ്ടുക്കളും നിരുക്ത കോശങ്ങളും ആ പദത്തിന് നൽകുന്ന അർഥം ഒരു വിധത്തിലും അനുവദിക്കുന്നില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) 'മിനനുർ റഹ്മാൻ' എന്ന വിഖ്യാത ഗ്രന്ഥത്തിൽ അനി

ഷേധ്യമാം വിധം സ്ഥാപിക്കുകയും താഴെ പറയുന്ന നാല് വിധത്തിലുള്ള ന്യായങ്ങളും ഭാഷാപ്രയുക്തിയും ഉപയോഗിച്ച് തെളിയിക്കുകയുമുണ്ടായി.

'അബുൻ'എന്നതിന് അബാഅ് അതായത് അവസാനിക്കാത്ത ജല സംഭരണി എന്നാണ് ഒർഥം . ശുക്ലം സംഭരിച്ചു വെക്കുകയും ഉൽസർജിക്കുകയും ചെയ്യുന്നത് കൊണ്ടും ദ്രവത്തിൽ നിന്ന് ശിശുവിനെ ദൈവം ഉദ്പാദിപ്പിക്കുന്നത് കൊണ്ടും പിതാവിന് അബുൻ എന്ന പേരുണ്ടായി. രണ്ടാമത്തെ അർഥം 'അബാ' നിർത്തുക അഥവാ അവസാനിപ്പിക്കുക എന്നാകുന്നു. പുരുഷൻ ബീജം നിക്ഷേപിക്കുന്നതോടെ അയാളുടെ ജോലി അവസാനിക്കുന്നു. മൂന്നാമത്തെ അർഥം 'അബാർ ' അഥവാ ഓടം എന്നാകുന്നു. നെയ്ത്തിന് ഉപയോഗിക്കുന്ന ഓടത്തിന്റെ രൂപത്തിലുള്ള പുരുഷന്റെ ജനനേന്ദ്രിയത്തെ അനുസ്മരിച്ചാണ് പിതാവിന് ഈ പേർ ഉണ്ടായത്. നാലാമത്തെ അർഥം വിശപ്പ് ശമിപ്പിക്കുക എന്നാണ്. സംഭോഗത്തോടെ കാമം ശമിക്കുക എന്നായതിനാലാണ് ഈ പേരുണ്ടായത് 'അബുൻ' എന്നതിന് അറബി ഭാഷയിൽ ഈ നാലർഥമാണുള്ളത്. അറബി ഭാഷയാകട്ടെ ഭാഷകളുടെ മൂല സ്റോതസ്സും ധാത്വ പദസമ്പന്നവുമാണ്. എന്നിരിക്കെ സർവശക്തനും സർവസ്രഷ്ടാവും സർവജ്ഞനും സർവവ്യാപിയുമായ ദൈവത്തിന് എങ്ങനെ പിതാവ് എന്നുള്ള ഈ പദം ഉപയോഗിക്കും. ബലഹീനതയുടെയും കാമ ശമനത്തിന്റേയും ലൈംഗിക വേഴ്ച്ചയുമായി ബന്ധപ്പെട്ട താഴ്ന്ന അർഥം ഉത്പ്പാദിപ്പിക്കുന്ന പിതാവ് എന്ന പദം ദൈവത്തിന് ഉപയോഗിക്കാൻ ഭാഷാശാസ്ത്രവും ദൈവശാസ്ത്രവും അനുവദിക്കുന്നില്ല.

## യേശുവിന് മറുപാതി ക്രോമോസോം എവിടെ നിന്ന് ?

ദൈവത്തിന്റെ പ്രകൃതി നിയമത്തിൽ മനുഷ്യശിശു സാധാരണയായി എങ്ങനെ രൂപംകൊള്ളുന്നുവെന്ന ഏകദേശ വിവരണം നോക്കാം. മനുഷ്യനടക്കം എല്ലാ ജീവജാലങ്ങളും ഇണയായിട്ടാണ് സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ ഖുർആനും ഇക്കാര്യം പ്രത്യേകം പരാമർശിക്കുന്നുണ്ട്.

***'നാം സർവ വസ്തുക്കളിൽ നിന്നും ഇണകളെ സൃഷ്ടിച്ചിരിക്കുന്നു ' (51: 50)*** മറ്റൊരു ഖുർആൻ വചനം ഇപ്രകാരമാണ്. ***രേതസ്കണം സ്രവിപ്പിക്കപ്പെടുമ്പോൾ അവൻ തന്നെയാണ് അതിൽ നിന്നും ആൺ പെൺ എന്നീ രണ്ടിണകളെ സൃഷ്ടിച്ചത്. (53: 46,47) പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവ് കൂടാതെ ഒരു പെണ്ണും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല. (35: 12)*** മനുഷ്യനടക്കം എല്ലാ ജീവികളെയും ലിംഗപരമായി ആൺ പെൺ ദ്വന്ദങ്ങളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. ജീവികളുടെ ലിംഗ കോശങ്ങൾ മുതൽ എല്ലാ സൃഷ്ട വസ്തുക്കളിലും ഈ ദ്വന്ദാത്മകത സാർവത്രികമായി നമുക്ക് കാണാം.

ജനിതക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ പ്രത്യുൽപാദന കോശങ്ങളിൽ അണ്ഡത്തിലും ബീജത്തിലും 23 ജോഡികളായി 46 ക്രോമോസോമുകളാണുള്ളത്. മനുഷ്യന്റെ എല്ലാ ജൈവിക സ്വഭാവങ്ങളും പാരമ്പര്യഗുണങ്ങളുമടങ്ങിയ ഡി എൻ എ സ്ഥിതിചെയ്യുന്നത് ഈ ക്രോമോസോമുകളിലാണ്. സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും സംയോജിച്ച് ഒരു മനുഷ്യ ഭ്രൂണം ജന്മം കൊള്ളുമ്പോൾ അതിന് ലഭിക്കുന്ന 46 എണ്ണം ക്രോമോസോമിൽ പകുതി (23) എണ്ണം സ്ത്രീയുടെ അണ്ഡത്തിൽ നിന്നും മറുപാതി (23) എണ്ണം ക്രോമോസോമുകൾ പുരുഷന്റെ ബീജത്തിൽ നിന്നും ലഭിക്കുന്നു. അത്കൊണ്ട് ഭ്രൂണത്തിൽ പിതാവിന്റെയും മാതാവിന്റെയും ജൈവിക ഗുണങ്ങൾ അലിഞ്ഞു ചേരുന്നു. യേശുവിന്റെ ജനന പ്രശ്നം സങ്കീർണമാകുന്നത് ഇവിടെയാണ്. 46 ക്രോമോസോമുകളിൽ 23 എണ്ണം മാത്രമേ യേശുവിന്റെ വിശുദ്ധ മാതാവിൽ നിന്നും ലഭിക്കുന്നുള്ളൂ. പിതാവിന്റെ ഭാഗത്ത് നിന്നും ലഭിക്കേണ്ട ബാക്കി 23 ക്രോമോസോമുകൾ ആര് നൽകി? എങ്ങനെ നൽകപ്പെട്ടു? എന്താണ് അതിന്റെ ജൈവിക ഗുണം? അത് ദൈവം നൽകിയതാണോ? ഈ സങ്കീർണ പ്രശ്നത്തിന് ക്രിസ്തുമതം ഉത്തരം പറയേണ്ടതുണ്ട്. ക്രോമോസോമുകളിൽ ഏതെങ്കിലും ഒന്നിനോ അതിലെ ഡി എൻ എ യിലെ കോടിക്കണക്കിന് ജീനുകളിൽ ഏതെങ്കിലും ഒന്നിനോ എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ അപരിഹാര്യമായ ജന്മജാത വൈകല്യങ്ങൾ സന്തതികളിൽ ഉണ്ടാവുമെന്നും നാമോർക്കണം.

## പിതാവില്ലാതെ ജനിക്കുമോ ? ജീവശാസ്ത്രപരമായ സാദ്ധ്യതകൾ

വംശവർധനവിനായിട്ടാണ് ജീവികൾ പ്രത്യുൽപ്പാദനം നടത്തുന്നത്. ജീവികളിലും സസ്യങ്ങളിലും രണ്ട് വിധത്തിലുള്ള പ്രത്യുൽപാദന രീതികളാണ് കാണപ്പെടുന്നത്. ഒന്ന് ലൈംഗിക (Sexual) പ്രത്യുൽപ്പാദനം മറ്റൊന്ന് അലൈംഗിക (Asexual) പ്രത്യുൽപ്പാദനവും. ഇതിൽ ലൈംഗിക പ്രത്യുൽപ്പാദനം (Sexual Reproduction) എന്നാൽ ആൺ പെൺ ലിംഗ കോശങ്ങളുടെ ബീജ സങ്കലനത്തിലൂടെ നടക്കുന്ന ലൈംഗിക പ്രത്യുൽപ്പാദനമാണ്. മനുഷ്യനടക്കം ഈ പ്രത്യുൽപ്പാദന രീതിയിലൂടെയാണ് വംശവർധനവ് നടത്തുന്നത്. പരിണാമ ശ്രേണിയിൽ ഉന്നത കിടയിലുള്ള ജീവികളിൽ ഏറ്റവും വ്യാപകമായി കാണപ്പെടുന്നതും ഈ രീതിയാണ്.

അലൈംഗിക പ്രത്യുൽപ്പാദനം (Asexual Reproduction) മറ്റൊന്ന്.അലൈംഗിക പ്രത്യുൽപാദനം രണ്ട് രീതികളിലുണ്ട്. ഒന്ന് പാർഥെനൊജെനിസിസ് (Parthenogenesis) മറ്റൊന്ന് ഹെർമാഫ്രൊഡൈറ്റിസം (Hermophroditism) അഥവാ ഇന്റർ സെക്സ് (Intersex). പാർഥെനൊജെനിസിസ് താഴ്ന്ന ജീവികളിൽ ബീജ സങ്കലനം നടക്കാതെ തന്നെ ഭ്രൂണം ഉദ്പാദിപ്പിക്കുന്ന

അലൈംഗിക പ്രത്യുൽപ്പാദന പ്രക്രിയയാണ്. Parthenos (കന്യക), Genesis (ജനനം) എന്നീ അർഥങ്ങളുള്ള രണ്ട് ഗ്രീക്ക് പദങ്ങൾ കൂടി ചേർന്നാണ് പാർഥെനോ ജെനിസിസ്. പ്രാണികളിലും താഴ്ന്ന ജീവികളിലും വംശവർധനവിനായുള്ള ഒരു പ്രജനന രീതിയാണിത്. പാർഥെനൊ ജെനിസിസിൽ ആൺ പെൺ ബീജങ്ങൾ തമ്മിലുള്ള സങ്കലന മില്ലാത്തതിനാൽ ജനിതകപരമായ പുനസ്സംയോജനം നടക്കുന്നില്ല. അതുകൊണ്ട് ജനിപ്പിക്കുന്ന സ്ത്രീയുടെ ഭാഗത്ത് നിന്നുള്ള ക്രോമോസോം മാത്രമേ സന്തതിക്ക് ലഭിക്കു. അതിനാൽ സന്തതി XX ക്രോമോസോമുള്ള പെണ്ണായിരിക്കാനാണ് സാധ്യത. ഉയർന്ന സസ്തനികളായ ജീവികളിൽ പാർഥെനോജെനിസിസ് വളരെ അപൂർവമായി സംഭവക്കുന്നതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോശവിഭജന വളർച്ചയുടെ ആദ്യഘട്ടം തന്നെ അപൂർണമായിരിക്കും. അതിനാൽ സമഗ്രമായ വളർച്ച സാദ്ധ്യമല്ലാതെ വരുന്നു.

രണ്ടാമത്തേത് ഹെർമാ ഫ്രൊഡൈറ്റിസം (ഉഭയലിംഗത്വം) അഥവാ ഇന്റർ സെക്സ് ആണ്. യേശുവിന്റെ ജനനത്തെ ശാസ്ത്രീയമായി വിശദീകരിക്കാൻ ഹെർമാഫ്രൊ ഡൈറ്റിസത്തിന് സാധിക്കും. ആധുനിക ശാസ്ത്രം അതിനുള്ള സൂചനകൾ നൽകുന്നു. ബാഹ്യമായും ആന്തരികമായും സ്ത്രീയുടെയും പുരുഷന്റേയും പ്രത്യുൽപ്പാദനാവയവങ്ങൾ ജന്മജാതമായി ഒരേ ശരീരത്തിലുണ്ടാവുന്ന അവസ്ഥയാണ് ഹെർമാഫ്രൊ ഡൈറ്റിസം. ഇതിഹാസപുരാണങ്ങളിൽ പലപ്പോഴും ഇത്തരം കഥാപാത്രങ്ങളെ കാണാം. അതിൽ ഗ്രീക്ക് പുരാണത്തിലെ പ്രശസ്തമായ കഥാപാത്രമാണ് ഹെർമാഫ്രൊഡൈറ്റ്. കാമത്തിന്റെ ദേവൻ ഒരു ജല ദേവതയുമായിലയിച്ചു ചേർന്നതാണ് ഹെർമാഫ്രൊഡൈറ്റ് സൃഷ്ടിക്കപ്പെട്ടത്. . ഉഭയലിംഗമുള്ള ഈ കഥാപാത്രത്തിൽ നിന്നാണ് ഹെർമാഫ്രൊഡൈറ്റ് എന്ന പേർ നിഷ്പന്നമായത്. മഹാഭാരത കഥയിലുമുണ്ട് ഇത്തരമൊരു കഥാപാത്രം. ദ്രുപദ രാജാവ് ദീർഘനാൾ പുത്രലാഭത്തിന് വേണ്ടി തപസ്സ് ചെയ്തു. ജനിക്കുന്ന സന്താനം ആദ്യം പുത്രിയും പിന്നീട് പുത്രനുമായിതീരും എന്നായിരുന്നു വരം. പെൺകുട്ടിയായ സന്തതിയെ ആൺകുട്ടിയായാണ് രാജാവ് വളർത്തിയത്. ആണും പെണ്ണുമല്ലാത്ത ഈ കഥാപാത്രമാണ് പുരാണപ്രശസ്തനായ ശിഖണ്ഡി. മഹാഭാരത യുദ്ധത്തിൽ ഭീഷ്മരെ ആക്രമിക്കുന്ന വേളയിൽ ആണും പെണ്ണുമല്ലാത്തവനോട് ഞാൻ യുദ്ധം ചെയ്യില്ല എന്ന് പറഞ്ഞ് ഭീഷ്മർ ആയുധം താഴെ വെച്ചപ്പോഴാണ് അർജുനൻ അദ്ദേഹത്തെ വധിച്ചത്. അതുപോലെ പുരാണങ്ങളിലെ അപ്സരസുകൾ സ്ത്രീകളും, ഗന്ധർവന്മാർ പുരുഷന്മാരുമാണ്. സദാസമയവും കൈയിൽ വീണയുമായി നടക്കുന്ന കിന്നരന്മാർ ഉഭയലിംഗികളുമായിട്ടാണ് അറിയപ്പെടുന്നത്.

## ഹെർമൊഫ്രൊഡൈറ്റ് അഥവാ ഇന്റർസെക്സ്

ആണോ പെണ്ണോ എന്ന് തീർച്ചയാക്കി പറയാൻ സാധിക്കാത്തതും ഇരു ലിംഗങ്ങളുടെയും പ്രത്യേകതകളുള്ളതുമായ വ്യക്തികളെയായിരുന്നു ഹെർമൊഫ്രൊഡൈറ്റ് എന്ന് വിളിച്ചിരുന്നത്. ഇന്ന് ശാസ്ത്രം ഇത് സംബന്ധിച്ച് വളരെ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഉഭയലിംഗികളുടെ ശാരീരികവും മനഃശ്ശാസ്ത്രപരവും മാനവീയവും സാമൂഹ്യപരവുമായ സങ്കീർണതകൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ പഴയ ഗ്രീക്ക് മിത്തോളജിയിൽ നിന്നും സ്വീകരിച്ച ഹെർമൊഫ്രൊഡൈറ്റ് എന്ന നാമത്തിന് പകരം കൂടുതൽ അർഥ സമ്പുഷ്ടമായ ഇന്റർസെക്സ് (Intersex ) എന്ന നാമമാണ് ഉപയോഗിക്കുന്നത്. ഹെർമൊഫ്രൊഡൈറ്റ് എന്ന നാമം അവരുടെ വ്യക്തിത്വം സൂചിപ്പിക്കാൻ പര്യാപ്തമല്ല. Intersex നെ ആണും പെണ്ണുമല്ലാത്ത മദ്ധ്യനിലയിലുള്ള ലിംഗാവസ്ഥ, അപരലിംഗം, മൂന്നാം ലിംഗം എന്നെല്ലാം പരാവർത്തനം ചെയ്ത് വിളിക്കാം.

ലോകത്തിലുടനീളം ഇത്തരത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർ ഉള്ളതായി വൈദ്യശാസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിട്ടുണ്ട്. അവരനുഭവിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ, നിയമ പ്രശ്നങ്ങൾ, മാനസിക പീഡനങ്ങൾ, സാമൂഹിക വിവേചനങ്ങൾ, സമ്മതമില്ലാത്ത ശസ്ത്രക്രിയകൾ, ഏതെങ്കിലും ഒരു ലിംഗത്തിൽ പ്പെടുത്താനുള്ള മറ്റുള്ളവരുടെ നിർബന്ധങ്ങൾ, വൈദ്യശാസ്ത്ര മേഖലയിലെ ചൂഷണങ്ങൾ മുതലായ പ്രശ്നങ്ങളുടെയെല്ലാം പരിഹാരത്തിനായി 2003 ൽ അപരലിംഗസ്ഥരാൽ സ്ഥാപിതമായ ഒരു അന്താരാഷ്ട്ര സംഘടനയാണ് ഓർഗനൈസേഷൻ ഇന്റർ സെക്സ് ഇന്റർനാഷണൽ (Organisation Intersex International). വർഷം തോറും അവർ തങ്ങളുടെ സംഘടനയുടെ അന്തർദേശീയ സമ്മേളനങ്ങൾ നടത്തിവരുന്നു. LGBT എന്നറിയപ്പെടുന്ന ലൈംഗിക ന്യൂനപക്ഷ സമൂഹത്തോടൊപ്പവും അവർ പ്രത്യക്ഷപ്പെടാറുണ്ട്. പക്ഷേ ഇന്റർ സെക്സിന്റെ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ്. വൈകാരികം എന്നതിനേക്കൾ ജന്മജാതവും ജനിതകപരവും ഹോർമോൺപരവും ശരീരശാസ്ത്ര പരവുമാണ് അവരുടെ പ്രശ്നങ്ങൾ.

ഇവരിൽ ചിലർക്ക് പ്രത്യക്ഷത്തിൽ പുരുഷ ലൈംഗികാവയവവും ആന്തരികമായി സ്ത്രീയുടെ പ്രത്യുൽപ്പാദനാവയവുമായിരിക്കും. ചിലർക്ക് നേർ വിപരീതമായി പ്രത്യക്ഷത്തിൽ സ്ത്രീലിംഗവും ആന്തരികമായി പുരുഷന്റെ പ്രത്യുൽപ്പാദനാവയവങ്ങളുമായിരിക്കും. അവരുടെ ചില അവയവങ്ങൾക്ക് സ്ത്രീയെ പ്രതിനിധീകരിക്കുന്ന xx ക്രോമോസോമുകളും ചില അവയവങ്ങൾക്ക് പുരുഷന്മാരുടെ xy ക്രോമോസോമും ചിലവക്ക് ഇരുലിംഗങ്ങളെ പ്രതിനിധീകരിക്കുന്ന xxy ക്രോമോസോമുമായിരിക്കും. ഈ പ്രത്യേകതകൾ ഒരു വ്യക്തിയിൽ പ്രകടമായി തന്നെ കണ്ടെത്താവുന്നതാണ്. ചിലപ്പോൾ പ്രകടമല്ലാതെയുമിരിക്കാം. ചിലപ്പോൾ

യാദൃച്ഛികമായി കണ്ടെത്തുന്നതായിരിക്കാം. അല്ലെങ്കിൽ അവ ഒരു നിശ്ചിത പ്രായത്തിലോ അതുമല്ലെങ്കിൽ മരണത്തിന് ശേഷമുള്ള മൃതദേഹ പരിശോധനയിലോ ആയിരിക്കാം കണ്ടെത്തുന്നത്. ഒരു വ്യക്തിയുടെ ആന്തരിക രഹസ്യം എന്ന നിലക്ക് ഇത് വ്യക്തമായി മറ്റുള്ളവർക്ക് തിരിച്ചറിയപ്പെടണമെന്നില്ല. തിരിച്ചറിയാൻ ശ്രമിക്കുന്നതും ശരിയല്ല.



ഉഭയലിംഗക്കാരുടെ അന്താരാഷ്ട്രാ വേദിയായ ഇന്റർ നാഷണൽ ഇന്റർ സെക്സ് ഫോറത്തിന്റെ മൂന്നാം സമ്മേളനം 2013 ഡിസംബറിൽ മാൾട്ടയിൽ ചേർന്നപ്പോൾ.

## ഹദ്റത്ത് മർയമിന്റെ ഗർഭധാരണത്തിലെ നിഗൂഢത

ജനകോടികളുടെ വിശ്വാസത്തെ ദൈവ പങ്കാളിത്വത്തിലേക്ക് നയിക്കുന്ന യേശുവിന്റെ ജനന പ്രശ്നത്തിന്റെ എല്ലാ നിഗൂഢതകളിലേക്കും വെളിച്ചം വീശുന്ന വിശുദ്ധ ഖുർആന്റെ ഗഹനമായ വചനങ്ങളിൽ നിന്ന് തന്നെ നമുക്ക് ഈ സമസ്യയുടെ കുരുക്കഴിക്കാൻ സാധ്യമാകും. യേശുവിന്റെ ജനനം തീർച്ചയായും അസാധാരണമായ ഒന്നാണ്. പക്ഷേ അത് പ്രകൃതി നിയമത്തിന് എതിരല്ല എന്ന് മാത്രമല്ല അപൂർവം അവസരങ്ങളിൽ പ്രകൃതിയിൽ സംഭവിക്കുന്നതുമാണ്. യേശുവിന്റെ ജനന പ്രശ്നത്തിലെ ജൈവ ശാസ്ത്രപരവും ദൈവ ശാസ്ത്രപരവുമായ ദുരൂഹതകൾ അകറ്റുക എന്നത് തൗഹീദിന്റെ സംരക്ഷണത്തിന് അനിവാര്യവുമാണ്.

മനുഷ്യൻ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം വിശുദ്ധ ഖുർആനിൽ ഉണ്ടാവും എന്നത് വിശ്വാസികളുടെ ദൃഢബോദ്ധ്യമാണ്. നേരത്തെ പ്രതിപാദിച്ച രീതിയിലുള്ള ഉഭയലിംഗികൾ, അപരലിംഗികൾ, മൂന്നാംലിംഗികൾ എന്നിങ്ങനെ പ്രതിപാദിക്കപ്പെടുന്ന മനുഷ്യ ജീവിതങ്ങൾ ഒരു യാഥാർഥ്യമായി മറ്റെന്നെത്തെക്കാളും ശാസ്ത്രവും മനുഷ്യാവകാശ പ്രവർത്തകരും തിരിച്ചറിഞ്ഞിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളായ അവർ ഒരു അനിഷേധ്യ യാഥാർഥ്യമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. അത്തരം അപര ലിംഗികളായ വ്യക്തികളെ പറ്റിയും ചില വചനങ്ങളിൽ വിശുദ്ധ ഖുർആൻ സൂചന നൽകുന്നുണ്ട്.

*'ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിനുള്ള താണ്. താനിച്ഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. താനിച്ഛിക്കുന്നവർക്ക് അവൻ പെൺ മക്കളെ നൽകുന്നു. താനിച്ഛിക്കുന്നവർക്ക് അവൻ ആൺമക്കളെയും നൽകുന്നു. അല്ലെങ്കിൽ അവൻ അവർക്ക് ആൺ സന്താനങ്ങളെയും പെൺ സന്താനങ്ങളെയും ഇടകലർത്തി നൽകുന്നു. (അവ്യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ) താനിച്ഛിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനു മാകുന്നു.(42: 50, 51)*

സൂറ: അശ്ശൂറയിലെ ഈ ആയത്തിൽ *'അവ് യുസവ്വിജുഹും ദുക്റാനൻ വ ഇനാഥാ' (അല്ലെങ്കിൽ അവൻ അവർക്ക് ആൺ സന്താനങ്ങളെയും പെൺ സന്താനങ്ങളെയും ഇടകലർത്തി നൽകുന്നു.)* എന്നാണ് അർഥം പറയുന്നതെങ്കിലും *'എന്നാൽ ആണിനെയും പെണ്ണിനേയും മിശ്രണം ചെയ്ത് നൽകുന്നു.'* എന്നാണ് പദാർഥം. എന്നതിനാൽ ഇത് ഉഭയലിംഗക്കാരെ അഥവാ മൂന്നാം ലിംഗക്കാരെക്കുറിച്ചാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

ഇനി നമുക്ക് യേശുവിന്റെ ജനത്തിന് പിന്നിൽ നടന്ന അസാധാരണമായ ജീവശാസ്ത്ര പ്രതിഭാസത്തെക്കുറിച്ച് ഖുർആൻ നൽകുന്ന സൂചനകൾ എന്താണെന്ന് നോക്കാം. ഹദ്റത്ത് മറിയം ബീവിക്ക് പുരുഷ സ്പർശമില്ലാതെ ഗർഭിണിയാകുന്ന അസാധാരണമായ ഈ പ്രതിഭാസത്തെക്കുറിച്ച് അറിയിവില്ലെന്ന് മാത്രമല്ല അവർ ഈ ഘട്ടത്തിൽ സംഭീതയും വിഹ്വലയുമായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ വചനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

*'അവൾ (മറിയം) പറഞ്ഞു: 'എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. ഞാൻ വ്യഭിചാരിയുമായിട്ടില്ല. ആ സ്ഥിതിക്ക് എനിക്കെങ്ങനെയാണ് ഒരു സുതനുണ്ടാവുക?' (19:21)*

ഈ പ്രതിഭാസത്തെപറ്റി കൂടുതൽ ഉൾക്കാഴ്ച്ച ലഭിക്കാൻ ഹദ്റത്ത് മറിയം ബീവിയുടെ മാതാവ് അവരെ ഗർഭം ധരിച്ച് പ്രസവിച്ചപ്പോൾ ശിശുവായിരുന്ന മറിയം ബീവിയുടെ ശരീരശാസ്ത്രപരമായ പ്രത്യേകതകളെ സൂചിപ്പിച്ചുകൊണ്ടുള്ള ഹ്രസ്വ നിഗൂഢമായ ഒരു ഖുർആൻ വചനം ഇപ്രകാരമാണ്:

*'ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ഓർക്കുക). നാഥാ, എന്റെ വയറ്റിലുള്ള കുട്ടിയെ സ്വതന്ത്രമാക്കിക്കൊണ്ട് നിനക്ക് വേണ്ടി ഞാൻ നേർച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് നീ എന്നിൽ നിന്ന് അത് സ്വീകരിക്കേണമേ! എല്ലാം*

*കേൾക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്. പിന്നീട് അവൾ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച) ആൺകുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ?. 'ഞാൻ അവൾക്ക് മറിയം എന്ന് നാമകരണം ചെയ്തിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിന്റെ (ഉപദ്രവത്തിൽ നിന്ന് രക്ഷിക്കാനായി) ഞാൻനിന്നെ അഭയം പ്രാപിക്കുന്നു'(3: 36,37)*

ഇവിടെ ശ്രദ്ധേയമായ വസ്തുത അല്ലാഹു ഈ വചനത്തിൽ ഇംറാന്റെ ഭാര്യ പ്രസവിച്ചത് പെൺകുട്ടിയാണ് എന്ന് ഖണ്ഡിതമായി പറയുന്നില്ല. വളരെ നിഗൂഢാത്മകമായ വാക്കുകളിലാണ് അല്ലാഹു കുഞ്ഞിന്റെ ലിംഗവർഗം സൂചിപ്പിച്ചിട്ടുള്ളത്. ഖുർആൻ പറയുന്നു: '*പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണ്. വാസ്തവത്തിൽ അവൾ പ്രസവിച്ചത് എന്താണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്. (അവൾ ഉദ്ദേശിച്ച) ആൺകുഞ്ഞ് (അവൾ പ്രസവിച്ച) പെൺകുഞ്ഞിനെ പോലെയല്ലല്ലോ? (വളഅത്ഹാ കാലത്ത് റബ്ബി ഇനീ വളഅ്തുഹാ ഉൻശാ വള്ളാഹു അഅ്ലമുബിമാ വളഅത്ത് വലയ്സദ്ദകറു കൽഉൻഥാ)*

ഈ ഖുർആൻ വചനങ്ങളിൽ നിന്നും പുംബീജത്തെ പ്രദാനം ചെയ്യുന്നതും നിഗൂഢാത്മകവുമായ ഒരു സ്റോതസ്സ് ഹദ്റത്ത് മറിയം ബീവിയുടെ ശരീര ഘടനയിൽ സാധാരണ സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി അല്ലാഹു ഉള്ളടക്കിയിട്ടുണ്ട് എന്ന സൂചനയാണെന്ന് ന്യായമായും ഊഹിക്കേണ്ടിയിരിക്കുന്നു.

## ഉപസംഹാരം

ഏതായാലും യേശു ദൈവപുത്രനാണ് എന്ന വാദം ജീവശ്ശാസ്ത്രത്തിന്റേതുകൂടിയാണ്. സകല പ്രപഞ്ചത്തിന്റേയും സ്രഷ്ടാവും പരിപാലകനും സർവവ്യാപിയും ശാശ്വതനുമായ ദൈവത്തിന് ഭൂമിയിൽ 33 വർഷക്കാലം ജീവിച്ച ജഡികനായ ഒരു ഔരസപുത്രനുണ്ടാകുക എന്നത് പ്രകൃതി നിയമത്തിനും മനുഷ്യന്റെ കേവല ബുദ്ധിക്കും സർവോപരി ദൈവമഹത്വത്തിനും അസ്വീകാര്യമാണ്. തീർച്ചയായും അനിഷേധ്യമാം വിധം ഒരു നാൾ ശാസ്ത്രം ഈ സത്യം തെളിയിക്കാതിരിക്കില്ല.

# പ്രാർഥനയും സ്വീകാര്യതയും

ഹദ്റത്ത് അഹ്മദ് (അ)

അല്ലാഹുവിന്റെ അനുഗ്രഹം ആർക്കെങ്കിലും അവൻ നൽകുന്ന സമയം ആസന്നമായാൽ പ്രാർഥനാ സ്വീകാര്യതയുടെ എല്ലാ വഴികളും ദൈവം ഒന്നിച്ച് ചേർക്കുന്നു. അയാളുടെ ഹൃദയത്തിൽ ഒരു തരത്തിലുള്ള ജ്വലനം അനുഭവപ്പെടുകയും പ്രാർഥിക്കാനുള്ള അദമ്യമായ ഒരു അഭിനിവേശം ഉണ്ടാവുകയും ചെയ്യുന്നു. പ്രാർഥനാ സ്വീകാര്യതയുടെ സമയം ആഗതമായില്ലെങ്കിൽ അയാളുടെ ഹൃദയത്തിൽ ഒരു തരത്തിലുള്ള സംതൃപ്തിയും അനുഭവപ്പെടില്ല. അയാൾ എത്ര തന്നെ സ്വയം ശ്രമിച്ചാലും ആവേശത്തോടു കൂടി പ്രാർഥിക്കാനുള്ള അഭിവാഞ്ച ഉണ്ടാവുന്നില്ല. ഇതിന് കാരണം ചിലപ്പോൾ ദൈവം അവന്റെ ഇച്ഛ സന്തോഷപൂർവം ഒരാളെക്കൊണ്ട് സ്വീകരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ അവൻ തന്റെ ദാസൻ ചോദിക്കുന്നത് സാധിപ്പിച്ചു കൊണ്ട് പ്രാർഥന സ്വീകരിക്കുന്നു. അതുകൊണ്ട് എനിക്ക് പ്രാർഥനയുടെ സീകാര്യതയെ സംബന്ധിച്ച് ദൈവത്തിൽ നിന്ന് ഒരു സൂചന ലഭിച്ചാലല്ലാതെ ഞാൻ വളരെ അപൂർവമായി മാത്രമേ പ്രാർഥന സ്വീകാര്യതയെപറ്റി പ്രതീക്ഷവെച്ച് പുലർത്താറുള്ളൂ. എന്റെ പ്രാർഥന സ്വീകരിച്ചതിൽ ഞാൻ എപ്രകാരം സംതൃപ്തനായിരിക്കുന്നുവോ അപ്രകാരം ദൈവത്തിന്റെ ഇച്ഛ എതൊന്നിലാണോ അതിലും ഞാൻ സംതൃപ്തനാകുമായിരുന്നു. ഞാനതിൽ സന്തോഷം കണ്ടെത്തി. സത്യമെന്തന്നാൽ ദൈവേച്ഛക്ക് സമ്പൂർണമായും കീഴടങ്ങുക. അതാണ് എറ്റവും നല്ല ഫലം ഉണ്ടക്കുക. (***മൽഫൂസാത്ത് വാ. 1 പേജ് 440***)

വസ്തുത എന്താണെന്ന് വെച്ചാൽ ഒരാൾ വേണ്ടവിധത്തിൽ കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ അയാൾ യഥാർഥ പ്രാർഥന നടത്തുന്നില്ല എന്നാണ്. അയാൾ ദൈവത്തെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അത്കൊണ്ട് ഒരാൾ എന്തെങ്കിലും ഒന്നിന് വേണ്ടി പ്രാർഥിക്കുന്നതിന് മുമ്പായി സാധ്യമായ എല്ലാ ഭൗതിക ഉപാധികളും സ്വീകരിക്കണം എന്നത് വളരെ പ്രധാനമാണ്. ഇതാണ് യഥാർഥ പ്രാർഥനയുടെ അർഥം. ചില ഉചിതമായ ഉപാധികളിലൂടെ മാറ്റങ്ങൾ ഉണ്ടാക്കുക എന്നതാണ് ദൈവത്തിന്റെ സമ്പ്രദായം. അതിനായി ഉപാധികൾ അവൻ ലഭ്യമാക്കുകയാണ് ചെയ്യുക. അതുകൊണ്ട് പ്രാർത്ഥിക്കുന്നയാൾ അയാളുടെ വിശ്വാസത്തെക്കുറിച്ചും കർമത്തെക്കുറിച്ചും ചിന്തിക്കണം. (***മൽഫൂസാത്ത്, വാ.1118***)

# അൽ കൗസർ ഒരു വിശദീകരണം

റസൂൽ തിരുമേനി(സ)ക്ക് ജനസമൃദ്ധിയുടെ അൽകൗസർ നൽകപ്പെടുകയും ശത്രുക്കൾ സന്താന രാഹിത്യത്തിന്റെ അബ്തറുകളായി മാറുകയും ചെയ്തു. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായത്തിന്റെ വിവരണം.

മൗലാനാ മുഹമ്മദ് ഉമർ, കോഴിക്കോട്
(മുൻ ദേശീയ നായിബ് നാസിർ അൻസ്വാ)

**വി**ശുദ്ധ ഖുർആന്റെ 114 അദ്ധ്യായങ്ങളിൽ മൂന്നു തിരു സൂക്തങ്ങൾ മാത്രമടങ്ങിയ 108-ാമത്തെ അദ്ധ്യായമായ അൽ കൗസർ അത്ഭുതകരമായ അർഥങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമാണ്. വിശുദ്ധ ഖുർആനിലെ ഏറ്റവും ചെറിയ ഈ അദ്ധ്യായവും വിശുദ്ധ ഖുർആനിലെ ഇതര അദ്ധ്യായങ്ങളെ പോലെ തന്നെ തത്ത്വജ്ഞാന നിർഭരവും വിജ്ഞാന സമ്പൂർണവുമാണ്.

അറേബ്യയിൽ മക്കക്കും മദീനക്കും ഇടയിൽ ഉകാസ് എന്ന സ്ഥലത്ത് ഓരോ വർഷവും മഹോത്സവം നടക്കാറുണ്ടായിരുന്നു. അതിനോടനുബന്ധിച്ച് ഒരു കവി സമ്മേളനം നടത്തപ്പെടാറുണ്ടായിരുന്നു. തദവസരത്തിൽ ആ വർഷം രചിക്കപ്പെട്ട കവിതകളിൽ സമ്മാനർഹമായ കവിത കഅ്ബത്തുല്ലായിൽ കെട്ടിതൂക്കപ്പെട്ടിരുന്നു. അൽ കൗസർ എന്ന അദ്ധ്യായം കവിതാ രൂപത്തിലും പ്രാസമൊപ്പിച്ചതുമായതിനാൽ ആരോ ഒരാൾ ഒരു ഫലകത്തിൽ ഈ ഖുർആൻ അദ്ധ്യായം കെട്ടിത്തൂക്കുകയുണ്ടായി. ആ വർഷത്തിൽ കവിതാ സമ്മേളനത്തിന് ശേഷം കഅ്ബയിൽ അത്‌വരെ കെട്ടിത്തൂക്കപ്പെട്ടിരുന്ന കവിതകൾ പാരായണം ചെയ്തുകൊണ്ട് എല്ലാ കവികളും പ്രസ്തുത ഫലകം തൂക്കപ്പെട്ടിരുന്ന സ്ഥലത്ത് ഒത്തുചേർന്ന് ഈ നിസ്തുല കവിത എഴുതിയത് ആരായിരിക്കും എന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അവസാനം ഒരു കവി പ്രസ്തുത അദ്ധ്യായത്തിലുള്ള മൂന്ന് ആയത്തുകൾക്കും ശേഷം 'മാ ഹാദാ കലാ മുൻബശർ' ഇത് മനുഷ്യ നിർമിതമായ കവിതയല്ല എന്ന് എഴുതി ചേർത്തു. അങ്ങനെ മനുഷ്യനിർമിതമായതല്ല ഈ കവിത എന്ന് പ്രഗല്ഭരായ കവികളെല്ലാം ഏക സ്വരത്തിൽ ഏറ്റു പറഞ്ഞു.

ഇനി നമുക്ക് പ്രസ്തുത വചനത്തിലെ ഓരോ അദ്ധ്യായത്തിന്റെയും അർഥമെന്താണെന്ന് നോക്കാം.

**'ഇന്നാ അഅ്ത്വയ്നാക്കൽ കൗസർ'** 'തീർച്ചയായും നിനക്ക് നാം കൗസർ തന്നനുഗ്രഹിച്ചിരിക്കുന്നു'

**'ഫസല്ലി ലി റബ്ബിക്ക വഅൻഹർ'** അതിനാൽ നീ നന്ദി സൂചകമായി നിന്റെ നാഥനെ സ്തുതിച്ച് കൊണ്ട് നമസ്ക്കാരം അനുഷ്ഠിക്കുകയും എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധനാവുകയും ചെയ്യുക.

**' ഇന്ന ശാനിയക്ക ഹുവൽ അബ്ത്തർ'** ' അപ്പോൾ നിന്റെ ശത്രുക്കൾ സന്താന രഹിതരായിത്തീരുകയും ചെയ്യുന്നതായിരിക്കും. '

അതായത് അവർ തങ്ങളുടെ ഉദ്ദേശ്യ സാഫല്യമുള്ളവരായി തീരുന്നവരല്ല. റസൂൽ തിരുമേനി (സ)ക്കെതിരായ അവരുടെ ശത്രുത പ്രവർത്തിയിൽ അവർക്ക് പിന്തുടർച്ചക്കാരുണ്ടാകില്ല. ഹദ്റത്ത് നബി കരീം (സ)നെക്കുറിച്ച് അബ്തർ അഥവാ ആൺ സന്താനങ്ങളില്ലാത്തവൻ എന്ന ശത്രുക്കളുടെ പരിഹാസ ത്തിന് ഉള്ള മറുപടി കൂടിയാണ് ഈ വചനം.

ഇനി കൗസർ എന്ന വാക്കിന്റെ അർഥം എന്താണെന്ന് നോക്കാം.

അറബി നിഘണ്ടുക്കൾ കൗസർ എന്ന വാക്കിന് മൂന്ന് അർഥമാണു കൊടുത്തിരിക്കുന്നത്.

1. ***അൽ കൗസറു മിൻ കുല്ലി ശൈയ്യിൻ*** ഭൗതികവും ആത്മീയവുമായ എല്ലാ വസ്തുക്കളും ധാരാളമായി നൽകുക.

2 ***അസ്സയിദുൽ കസീറുൽ ഖൈരി.*** എല്ലാ നന്മകളും അനുഗ്രഹങ്ങളും ധാരാളമായി ഉൾക്കൊള്ളുന്ന ഒരാത്മീയ നേതാവ്.

3 ***അർറജുലുൽ കസീറുൽ അത്വായി വൽ ഖൈർ*** വലിയ ദാനശീലനും അധികമായ നന്മകളും വിതക്കുന്ന പുരുഷൻ. ബുഖാരിയിലെ ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ആയിശാ (റ) യോട് കൗസർ എന്നാൽ എന്താണെന്ന് ചോദിച്ചപ്പോൾ, 'സ്വർഗത്തിൽ ഒഴുകുന്നതും ഹദ്റത്ത് റസൂൽ തിരുമേനി

(സ)ക്ക് പ്രത്യേകമായി നൽകപ്പെട്ടതും ആയ നദി' എന്ന് പറയുകയുണ്ടായി.

ഹദ്റത്ത് ഇബ്നു അബ്ബാസ് ഇപ്രകാരം നിവേദനം ചെയ്യുന്നു.: 'അൽ കൗസർ' എന്നാൽ 'അൽ ഖൈറുൽ കസീറു' അധികമായ നന്മകൾ ഉള്ള ആൾ എന്നാണർഥം.

വിശുദ്ധ ഖുർആനിലെ ഒരു വാക്കിന് എന്തെല്ലാം അർഥങ്ങൾ നിഘണ്ടുവിൽ കൊടുത്തിരിക്കുന്നുവോ അവയൊക്കെ വിശുദ്ധ ഖുർആനിൽ പ്രയുക്തമാവുന്നതാണ്.

'അബ്തർ' എന്ന വാക്കിന് 'ആൺ സന്തതിയറ്റവൻ' എന്നാണർഥം. റസൂൽ തിരുമേനി(സ)ക്ക് ആൺ സന്താനങ്ങളില്ലാത്തതിനാൽ അതൊരയോഗ്യതായി കണക്കാക്കി മുശ്രിക്കുകൾ ആ പുണ്യാത് മാവിനെ പരിഹസിക്കാറുണ്ടായിരുന്നു. റസൂൽ തിരുമേനി (സ) യുടെ ശത്രുവായിരുന്ന ആസിബ്നു വായിലും കൂട്ടരും മുഹമ്മദ് ആൺ സന്തതിയില്ലാത്തവനായത് കൊണ്ട് അദ്ദേഹത്തിന്റെ കാലശേഷം ഈ പ്രസ്ഥാനം സ്വയം നശിച്ചു പോകുന്നതാണ് അതുകൊണ്ട് അദ്ദേഹത്തെ എതിരിട്ട് നശിപ്പിക്കേ ണ്ടുന്ന ആവശ്യം തന്നെ ഇല്ല എന്ന് പറഞ്ഞുകൊണ്ടിരുന്നു. ഇതിനുള്ള മറുപടിയായി അല്ലാഹു തഅലാ ഈ അദ്ധ്യായത്തിൽ അദ്ദേഹം ആൺ സന്തതിയറ്റവനല്ല മറിച്ച് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്ന കോടാനു കോടി വിശ്വാസികൾ അദ്ദേഹത്തിന്റെ ആത്മീയ സന്തതികളാണെന്ന് പറയുന്നു. വിശുദ്ധ ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

***'മുഹമ്മദ് നിങ്ങളിൽപ്പെട്ട ഒരാളുടെയും പിതാവല്ല. മറിച്ച് അദ്ദേഹം റസൂലുല്ലായും-അല്ലാഹുവിന്റെ ദൂതനും-ഖാത്തമുന്നബിയ്യീനും (പ്രവാചകന്മാരുടെ മുദ്ര) ആണ്. (ആത്മീയ സന്തതികളുമാണ്.)'***

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞു: ഞാൻ ഒരു ദർശനത്തിൽ സ്വർഗത്തിൽ ചെന്നതായി കാണപ്പെടുകയുണ്ടായി അപ്പോൾ ഒരു മലക്ക് സ്വർഗത്തിലെ നാമങ്ങൾ പറഞ്ഞുകൊണ്ട് രണ്ട് കുല മുന്തിരിപ്പഴം കാണിക്കുകയുണ്ടായി. അതിൽ നിന്ന് ഒരു കുല എനിക്ക് തന്നുകൊണ്ട് ഇത് താങ്കൾക്കുള്ളതാണ് എന്ന് പറഞ്ഞു. മറ്റേ കുല ആർക്കുള്ള താണെന്ന് ചോദിച്ചപ്പോൾ ഇത് അബൂജഹലിനുള്ളതാണെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെയധികം പരിഭ്രമിച്ചു. എന്റെ കണ്ണുകൾ തുറന്നു. എന്ത് അല്ലാഹുവിന്റെ പക്കൽ എനിക്കും ഇസ്ലാമിന്റെ ബദ്ധശത്രുവായ അബൂജഹലിനും ഒരേ സ്ഥാനമാണോ ഉള്ളത് എന്ന് തോന്നിപ്പോയി. അതിന് ശേഷം നടന്ന ബദ്ർ യുദ്ധത്തിൽ അബൂജഹൽ വധിക്കപ്പെട്ടു. പിന്നീട് മക്കാവിജയമുണ്ടായപ്പോൾ അയാളുടെ മകൻ ഇക്രിമ, തന്നെ മുസ്ലിംകൾ ഉപദ്രവിക്കുമോ എന്ന ഭീതി കൊണ്ട് അവിടെ താമസിക്കാൻ ഇഷ്ടപ്പെടാതെ ഓടിപ്പോവാനൊരുങ്ങുകയായിരുന്നു. ഇതറിഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യ കാരുണ്യ മൂർത്തിയായ മുഹമ്മദ് നബി (സ) യുടെ പെരുമാറ്റം ഞങ്ങളോട് വളരെയധികം സൗഹൃദപരമാണെന്നും താങ്കൾ അദ്ദേഹത്തെ കണ്ടതിന് ശേഷം ഒരു തീരുമാനത്തിൽ എത്തുക എന്ന് പറഞ്ഞു. അങ്ങനെ ഇക്രിമ അദ്ദേഹത്തിന്റെ ഭാര്യയോടൊപ്പം റസൂൽ തിരുമേനി(സ) യുടെ തിരുസന്നിധിയിൽ ഹാജരായി കാര്യം വിവരിച്ചു. താങ്കളുടെ ഭാര്യ പറഞ്ഞത് ശരി തന്നെയാണ് താങ്കളിവിടെ താമസിക്കുകയാണെങ്കിൽ മാപ്പ് നൽകുന്നതാണെന്ന് നബി (സ) പറഞ്ഞു. ഇത് തന്റെ ഭാഗ്യമാണെന്നും ഒരിക്കലും തനിക്ക് മാപ്പ് ലഭിക്കുമെന്ന് കരുതിയിരുന്നില്ലെന്നും ഇക്രിമ പറഞ്ഞു. ദൈവനിയുക്തനായ ഒരു പ്രവാചകനിൽ നിന്നല്ലാതെ ഇങ്ങനെ ഒരു പെരുമാറ്റം ഉണ്ടാവുന്നതല്ല എന്നു കരുതിയ അദ്ദേഹം ഉടനെ ശഹാദത്ത് കലിമ ഉച്ചരിച്ച് കൊണ്ട് നബി (സ) തിരുമേനിയുടെ ദാസത്വം സ്വീകരിക്കുകയും തിരുനബി (സ) യുടെ ആത്മീയ സന്തതികളിൽ ഒരാളായി തീരുകയും ചെയ്തു. അപ്പോൾ അല്ലാഹു തനിക്ക് കാണിച്ചു തന്ന ആത്മീയ ദർശനത്തിന്റെ സാക്ഷാത്ക്കാരമാണിതെന്ന് നബി(സ) അരുൾ ചെയ്തു. അപ്പോൾ അബ്തർ അഥവാ അനന്തരാവകാശിയില്ലാത്ത സന്താനരഹിതൻ നബികരീം (സ) അല്ല അബൂജഹലായിരുന്നു എന്ന് അല്ലാഹു തെളിയിച്ചു കാട്ടുകയുണ്ടായി. അബൂജഹലിന്റെ മകൻ ഇക്രിമ ഇസ്ലാം മതം സ്വീകരിച്ചത് കൊണ്ട് അബൂജഹലായിരുന്നു സന്താന രഹിതനായത്. അതേ പ്രകാരം ഇസ്ലാമിന്റെയും നബി കരീം (സ) ന്റെയും ബദ്ധശത്രുവായിരുന്നു വലീദ് (ഹദ്റത്ത് ഖാലിദ്ബ്നു വലീദിന്റെ പിതാവ്). ഖാലിദ്ബ്നു വലീദ് ഇസ്ലാം മതം സ്വീകരിച്ചതോടെ അദ്ദേഹത്തിന്റെ പിതാവിന്റെ ഇസ്ലാമിനോടുള്ള ശത്രുതയുടെ പാരമ്പര്യം മുറിഞ്ഞു പോകുകയും റസൂൽ തിരുമേനി (സ) യുടെ ശിഷ്യത്വം സ്വീകരിച്ച് ഇസ്ലാമിന് വേണ്ടി ഉജ്ജ്വല മായ യുദ്ധങ്ങൾ നടത്തി ഇസ്ലാമിന്റെ വിശ്വജേതാവായി മാറുകയും ചെയ്തു. അത്പോലെ ഇസ്ലാമിന്റെയും റസൂൽ തിരുമേനി (സ) യുടെയും ശത്രുവായിരുന്നു ഇസ്ലാമിന്റെ വീരപോരാളിയായി രുന്ന അംറ്ബ്നു ആസിന്റെ പിതാവായ അംറ്ബ്നു വായിൽ. അങ്ങനെ റസൂൽ കരീം (സ) ന്റെ നിരവധി ശത്രുക്കൾക്ക് അവരുടെ ശത്രുത്വത്തിന്റെ പിന്തുടർച്ചക്കാരില്ലാതെ നശിക്കുകയും അറേബ്യ മുഴുവൻ മാത്രമല്ല ലോകത്തിന്റെ വിദൂര കോണുകളിൽ വരെ പിന്നീടുള്ള കാലമത്രയും റസൂൽ തിരുമേനി (സ)യുടെ ആത്മീയ സന്താനങ്ങൾ നിറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ ആ കൊച്ചു സൂറത്തിൽ പറഞ്ഞത് പോലെ റസൂൽ തിരുമേനി (സ) സന്താനങ്ങളാൽ ധന്യനും ശത്രുക്കൾ സന്താനരഹിതരുമാവുകയായിരുന്നു.

അൽ കൗസർ അഥവാ അർറജുലുൻ കസീറു ഖൈർ എന്നത് കൊണ്ട് ഇമാം മഹ്ദിയാണെന്ന് ഹദ്റത്ത് ഇമാം മുഈനുദ്ദീനുബ്നു അറബി തന്റെ ഫുത്തുഹാത്തുൽ മക്കിയ്യ എന്ന ഗ്രന്ഥത്തിൽ പറയു

ശേഷം പേജ് 32 ൽ

# അധീന സ്ത്രീകൾ

റോമാ സാമ്രാജ്യത്തിലുണ്ടായിരുന്നത് പോലെയുള്ള വെപ്പാട്ടി (Concubine) സമ്പ്രദായം ഇസ്‌ലാമിൽ ഉണ്ടായിരുന്നില്ല. വലം കൈക്ക് ഉടമയാക്കപ്പെട്ടവർ എന്ന പ്രത്യേക വിശേഷണത്തോടുകൂടി യുദ്ധത്തിൽ തടവുകാരാക്കപ്പെട്ട ഈ അധീന സ്ത്രീകൾ ഇസ്‌ലാമിൽ സവിശേഷമായ അവകാശങ്ങളുള്ള സ്ത്രീകളാണ്. സ്വതന്ത്ര സ്ത്രീകളെ പോലെ തന്നെ വിവാഹം കഴിച്ച ശേഷമേ അവരുമായി ബന്ധംസ്ഥാപിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ.

കൗലാ റഹ്മാൻ

റോമാ സാമ്രാജ്യത്തിൽ വെപ്പാട്ടി എന്ന പദം ഒരിക്കലും അപകീർത്തികരമായിട്ടായിരുന്നില്ല ഉപയോഗിച്ചിരുന്നത്. ചില ശവകുടീരങ്ങളിൽ അവർ വെപ്പാട്ടിമാരാണെന്ന കാര്യം കൊത്തി വെച്ചിട്ടുണ്ടായിരുന്നു. ഈ സമ്പ്രദായം ഇപ്പോഴത്തെ പാശ്ചാത്യ നിയമങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. ആധുനിക പാശ്ചാത്യ ലോകം വെപ്പാട്ടി സമ്പ്രദായത്തിന് സാധുക ത്വം നൽകുന്നില്ല. ഇക്കാലത്ത് നിയമം ഏക പത്നീ ദാമ്പത്യമാണ് അംഗീകരിക്കുന്നത്. മറ്റു ബന്ധങ്ങൾക്കൊന്നും തന്നെ നിയമ പരിരക്ഷ നൽകുന്നില്ല. അവരുടെ ഭൂതകാലത്തിൽ അലിഞ്ഞു ചേർന്ന ഈ ചരിത്ര വീക്ഷണമാണ് പാശ്ചാത്യലോകത്തെ ഇസ്‌ലാമിനെ തെറ്റിദ്ധരിക്കാൻ ഇടയാക്കിയത്. **വെപ്പാട്ടിത്വം**[1] എന്നത് ഒരു ജൂത ക്രിസ്ത്യൻ സംജ്ഞയാണ്. ഖുർ ആൻ ഇത് സംബന്ധിച്ച് ഉപയോഗിച്ച പദം നിങ്ങളുടെ '*വലം കൈക്ക് ഉടമയാക്കപ്പെട്ടവർ*' എന്നാണ്. (മാമലക്കത്ത് അയ്മാനുക്കും) അടിമകളെയും അധീന സ്ത്രീകളെയും വിവരിക്കാൻ വിശുദ്ധ ഖുർആൻ ഉപയോഗിച്ച പദം ഇതാണ്. ഈ സ്ത്രീകൾ മുസ്‌ലിംകളുടെ കീഴിൽ പരിരക്ഷിക്കപ്പെടുന്നവരാണ്. അവരോട് ഒരിക്കലും തന്നെ അപമര്യാദയായി പെരുമാറുന്നില്ല.[2] . ഇസ്‌ലാമിൽ സുപരിചിതമായത് പോലെ വലത് കൈ എന്നത് പുണ്യസ്ഥാനമുള്ളതും പ്രത്യേകമായ ധർമങ്ങളുള്ളതുമാണ്.

ഇസ്‌ലാമിൽ വിവാഹ ബാഹ്യമായി ദാമ്പത്യബന്ധം പുലർത്താമെന്ന അവകാശവാദത്തിന് യാതൊരു അടിസ്ഥാനവുമില്ല.[3] ഒരാളെ ആത്മീയവും ധാർമികവുമായ എല്ലാ രോഗങ്ങളിൽ നിന്നും രക്ഷിക്കുക എന്നതാണ് വിവാഹത്തിന്റെ ലക്ഷ്യം എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അതിനാൽ മുസ്‌ലിംകൾ അവരുടെ വികാര ശമനത്തിന് വിവാഹ ബാഹ്യമായ ബന്ധങ്ങളിൽ അഭയം തേടുക എന്നത് അനുവദനീയമല്ല.

സൂറ: നിസായിൽ വിവാഹ ബന്ധം നിഷിദ്ധമാക്കിയ രക്ത ബന്ധങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ***'നിങ്ങളുടെ മാതാക്കളും നിങ്ങളുടെ പുത്രിമാരും നിങ്ങളുടെ സഹോദരികളും നിങ്ങളുടെ പിതൃ സഹോദരികളും നിങ്ങളുടെ മാതൃസഹോദരികളും സഹോദര പുത്രികളും സഹോദരി പുത്രികളും..... നിങ്ങൾക്ക് വിരോധിക്ക പ്പെട്ടിരിക്കുന്നു. ( 4: 24)4 വിവാഹ ബന്ധത്തിലിരിക്കുന്ന സ്ത്രീകളും നിരോധിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ വലം കൈക്ക് ഉടമയാക്കപ്പെട്ട വരൊഴികെ (2: 25) 5***

ഈ രണ്ട് ആയത്തുകളുടേയും വെളിച്ചത്തിൽ അധീന സ്ത്രീകളുടെ അഥവാവെപ്പാട്ടികളുടെ (വലം കൈക്ക് ഉടമയാക്കപ്പെട്ടവർ) വിഷയത്തിൽ ഇസ്‌ലാമിന്റെ നിലപാട് എന്താണെന്ന് ഒരാൾക്ക് എളുപ്പത്തിൽ മനസ്സിലാകും. കൂടാതെ വെപ്പാട്ടികൾ അവർ യുദ്ധതടവുകാരായിരിക്കുമ്പോൾ ചില അവകാശങ്ങൾ നഷ്ടപ്പെട്ടിരുന്നു. വിശുദ്ധ ഖുർആൻ വിവാഹ ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ രണ്ട് വചനങ്ങളും പരാമർശിക്കുന്നത്. മേൽ വിവരിച്ച കാര്യം അടുത്ത വചനം സ്ഥിരീകരിക്കുന്നു. അതായത് ഇസ്‌ലാമിൽ വിവാഹ ബാഹ്യമായി യാതൊരു വിധ ലൈംഗിക ബന്ധങ്ങളും അനുവദിക്കപ്പെടുന്നതല്ല.

***'വിശ്വാസിനികളായ സ്വതന്ത്ര സ്ത്രീകളെ വിവാഹം കഴിക്കുന്നതിൽ നിങ്ങളിൽ ആർക്കെങ്കിലും സാമ്പത്തികമായി കഴിവില്ലെങ്കിൽ നിങ്ങളുടെ ഉടമസ്ഥതയിലുള്ള സത്യവിശ്വാസികളായ അധീന സ്ത്രീകളിൽ നിന്നും അവൻ വിവാഹം ചെയ്തുകൊള്ളട്ടെ'(4: 26)***

സ്വാതന്ത്ര്യം ലഭിക്കാത്ത അധീന സ്ത്രീകളുടെയോ യുദ്ധത്തടവുകാരായതോ ആയ സ്ത്രീകളുടെ മുമ്പുണ്ടായിരുന്ന വിവാഹങ്ങൾ അസാധുവാക്കിയിരുന്നു. എന്നാൽ അവരുമായി വിവാഹം കഴിക്കാതെ യാതൊരുവിധ ലൈഗീക ബന്ധവും മുസ്‌ലിം സമൂഹത്തിൽ അനുവദിച്ചിരുന്നില്ല. മറ്റു സ്ത്രീകളുമായുള്ളത് പോലെയുള്ള ഉപാധികളോടെ തന്നെയായിരുന്നു അവരുമായുള്ള വിവാഹവും നടന്നിരുന്നത്. ഇസ്‌ലാമിലെ ചാരിത്രത്തെ പറ്റിയുള്ള ശക്തമായ അദ്ധ്യാപനം കാരണം ചില ആനുചരന്മാർ തങ്ങൾക്ക് ബ്രഹ്മചര്യം അനുഷ്ഠിക്കാൻ റസൂൽ തിരുമേനി (സ)യോട് അനുവാദം ചോദിക്കുകയുണ്ടായി. മുസ്

ലിംകൾ മദ്ധ്യമസ്ഥിതി സ്വീകരിക്കണമെന്ന് ഉപദേശിച്ചു കൊണ്ട് അവരുടെ ആവശ്യത്തെ അവിടുന്ന് നിരാകരിക്കുകയാണുണ്ടായത്. റസൂൽ തിരുമേനി (സ)യും അനുചരന്മാരും തങ്ങളുടെ ദേഹേച്ഛക്കായി വെപ്പാട്ടികളെ വെച്ചുകൊണ്ടിരുന്നു എന്ന ആരോപണം (നഊദുബില്ലാഹ്) വ്യാജവും ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്കും ചൈതന്യത്തിനും തികച്ചും അന്യവുമാണ്. അത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നവർ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് യാതൊന്നുമറിയാത്തവരാണ്. അല്ലെങ്കിൽ ഇസ്ലാമിനെതിരെ വിദ്വേഷം വെച്ചു പുലർത്തുന്ന വരാണ്.

റസൂൽ തിരുമേനി (സ) യുടെ കാലത്ത് ചുറ്റുമുള്ള ശത്രുരാജ്യങ്ങൾ ഇസ്ലാമിനെ മുളയിൽ തന്നെ നശിപ്പിക്കാനും ഇസ്ലാം മതം ഉപേക്ഷിക്കാനുമായി മുസ്ലിംകളെ നിർബന്ധിച്ചു കൊണ്ട് യുദ്ധം ആരംഭിച്ചു. മുസ്ലിം സ്ത്രീപുരു ഷന്മാരെ അടിമകളാക്കി പിടിച്ച്കൊണ്ടുപോകുകയും ഭീഭത്സമായ രീതിയിൽ പീഡനം ആരംഭിക്കുകയും ചെയ്തു. പ്രത്യേകിച്ചും, സാത്വികരായ മുസ്ലിം സ്ത്രീകളെ പിടിച്ചു കൊണ്ടു പോവുകയും വെപ്പാട്ടികളെ പോലെയും അടിമ സ്ത്രീകളോടെന്ന പോലെയും പെരുമാറുകയും ചെയ്തു. അതുകൊണ്ട് അതിനോടുള്ള പ്രതികാരാത്മക നടപടി എന്ന നിലക്ക് ശത്രുവിന്റെ അത്യാചാരങ്ങളെ പ്രതിരോധിക്കാൻ വേണ്ടി മാത്രമായിരുന്നു ഇസ്ലാമിൽ സ്ത്രീകളെ തടവുകാരായി പിടിച്ചു കൊണ്ടുപോയിരുന്നത്. എന്നിരുന്നാലും സ്ത്രീകൾ യുദ്ധത്തിൽ പങ്കുകൊണ്ടിരുന്നു. ചിലപ്പോൾ യഥാർഥത്തിൽ യുദ്ധം തന്നെ ചെയ്യുകയും ചെയ് തു. അതുകൊണ്ട് അവർ യുദ്ധത്തടവുകാരാകാതിരിക്കുന്നതിൽ നിന്നും ഒഴിവാകാൻ നിവൃത്തിയില്ലായിരുന്നു. എല്ലാ രാജ്യത്തും ജനതകളിലും സ്ത്രീകളെ കുറ്റകൃത്യങ്ങൾക്ക് തടവിലിടാൻ നിയമമുണ്ടായിരുന്നു. അപ്പോൾ എന്തുകൊണ്ട് യുദ്ധക്കളത്തിൽ പടയാളികളായ സ്ത്രീകളെ തടവുകാരായി പിടിക്കാതിരിക്കണം!!?.

7-ാം നൂറ്റാണ്ടിൽ രാഷ്ട്രം തടവുകാരെ സൂക്ഷിച്ചിരുന്നില്ല. തടവുകാരെ മുസ്ലിംകളുടെ വീടുകളിൽ താമസിപ്പിക്കാൻ വീതിച്ചു നൽകുകയായിരുന്നു ചെയ്തിരുന്നത്. അവർക്ക് താമസവും ഭക്ഷണവും വസ്ത്രം നൽകാനുള്ള ഉത്തരവാദിത്വവും അവരെ താമസിപ്പിച്ച മുസ്ലിംകൾക്കായിരുന്നു. തടവുകാർക്ക് നല്ല പരിപരണം നൽകണമെന്നും അവരോട് മനുഷ്യത്വപരമയ രീതിയിൽ പെരുമാറണമെന്നുമായിരുന്നു റസൂൽ തിരുമേനി(സ) യുടെ കർശനമായ നിർദേശം. അതുപോലെ അവർക്ക് സ്വാതന്ത്ര്യം സമ്പാദിക്കാനാവശ്യമായ എല്ലാ അവസരങ്ങളും നൽകുകയും ചെയ്തു. റസൂൽ തിരുമേനി (സ) അവരുടെ ഈ അവകാശങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ വ്യവസ്ഥ ചെയ്തിരുന്നു. ഏതെങ്കിലും ഒരു മുസ്ലിം ഏന്തെങ്കിലും തരത്തിലുള്ള ഒരു കുറ്റം ചെയ്തിരുന്നുവെങ്കിൽ അയാൾ അതിനുള്ള ശിക്ഷ എന്ന നിലക്ക് ഒരു അടിമയെ മോചിപ്പിക്കണമായിരുന്നു. എതെങ്കിലും ഒരു മുസ്ലിം ഒരു അടിമയോട് അപമര്യാദയായി പെരുമാറിയെങ്കിൽ അയാളെ മോചിപ്പിക്കലായിരുന്നു അതിനുള്ള പരിഹാരം. ഇസ്ലാം അതിന്റെ തുടക്കം മുതൽ തന്നെ അടിമത്ത വിമോചനത്തിനായി താഴെപ്പറയുന്ന തത്ത്വങ്ങൾ ആവിഷ്ക്കരിച്ചിരുന്നു.

1. വ്യവസ്ഥാപിത യുദ്ധങ്ങളിൽ മാത്രമേ യുദ്ധത്തടവുകാരെ സ്വീകരിക്കാൻ പാടുള്ളൂ.

2. യുദ്ധം അവസാനിച്ചാൽ യുദ്ധത്തടവുകാരെ പിടിച്ചു വെക്കാൻ പാടില്ല.

3. യുദ്ധത്തടവുകാരെ സ്വന്തം ഇഷ്ടപ്രകാരമോ തടവുകാരെ പരസ്പര കൈമാറ്റം മുഖേനയോ, നഷ്ട പരിഹാരം നൽകിയോ കൈമാറാവുന്നതാണ്.

4 സ്വാതന്ത്ര്യം ലഭിക്കാൻ യുദ്ധത്തടവുകാർ അവരുടെ യജമാനനുമായി എഴുത്തു മുഖേനയുള്ള ഒരു സിവിൽ കരാറിൽ ഏർപ്പെടാവുന്നതാണ്. ആ കരാർ യജമാനൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും തടവുകാർക്ക് അതിനുള്ള അവകാശമുണ്ട്. മുഖാതബാത്ത് (അടിമ വിമോചന കരാർ) എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ കരാറിന് ശേഷം ആ തടവുകാരന്റെ മോചന ദ്രവ്യം സമ്പാദിക്കാൻ അയാൾക്ക് ഇഷ്ടമുള്ള മാർഗം അനുവദിക്കാൻ നിയമപരമായി യജമാനൻ ബാദ്ധ്യസ്ഥനാണ്.

ഈ മാർഗേണ സ്വാതന്ത്ര്യം സമ്പാദിക്കാൻ കഴിയാത്ത സ്ത്രീകൾക്ക് മാത്രം യജമാനന്റെ വീട്ടിൽ തങ്ങുകയും അവരുമായി വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്യാം. ഇത്തരത്തിലുള്ള വിവാഹത്തെയാണ് റസൂൽ തിരുമേനി (സ) നിർബന്ധിച്ചത്. വിവാഹബന്ധം സ്ഥാപിതമാവുന്നതോടെ ആ ബന്ധനസ്ഥയായ അടിമ സ്ത്രീക്കും അവർക്കുണ്ടാകുന്ന കുഞ്ഞിനും സ്വാതന്ത്ര്യം ലഭിക്കുകയും വ്യഭിചാരത്തിൽ നിന്നും വെപ്പാട്ടിയായി നിൽക്കു ന്നതിൽ നിന്നും അയാൾ സ്വതന്ത്രനാവുകയും ചെയ്യുന്നു. ഇത് അവരിൽ അന്തസ്സും പ്രതീക്ഷയും ഉണ്ടാക്കുന്നു. അവർക്ക് സംരക്ഷണം നൽകാൻ പുരുഷനെ പ്രാപ്തനാക്കുകയും ചെയ്യും.

യുദ്ധത്തടവുകാരായ സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയും നല്ല രീതിയിൽ അവരെ പരിപാലിക്കുകയും വേണമെന്ന് റസൂൽ തിരുമേനി (സ) വളരെ വ്യക്തമായി പറയുകയുണ്ടായി. അവിടുന്ന് ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു: ഒരാൾക്ക് ഒരു അടിമ സ്ത്രീ ഉണ്ടാവുകയും അവൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയും നല്ല രീതിയിൽ വളർത്തിക്കൊണ്ടു വരികയും എന്നിട്ട് സ്വതന്ത്രയാക്കുകയും അവളെ വിവാഹം ചെയ്യുകയും ചെയ്താൽ അയാൾക്ക് ഇരട്ടി പ്രതിഫലമുണ്ട്.

ഈ അദ്ധ്യാപനങ്ങൾ റസൂൽ തിരുമേനി(സ) ജീവിതത്തിൽ പാലിക്കുകയുണ്ടായി. ഇസ്ലാമിക നിയമ പ്രകാരം രണ്ട് സഹോദരിമാർ ജുവൈരിയ, സഫിയ എന്നിവർ

യുദ്ധത്തടവുകാരായിട്ടാണ് റസൂൽ തിരുമേനി (സ) യുടെ പത്നി പദത്തിൽ വന്നത്. അവിടുന്ന് വിവാഹം കഴിച്ച മറ്റൊരു സ്ത്രീമാരിയത്തുൽ ഖിബ്ത്തിയ ഈജിപ്തിലെ രാജാവ് അവിടുത്തേക്ക് സമ്മാനമായി നൽകിയ അടിമ സ്ത്രീയായിരുന്നു. അവർക്ക് ആദ്യം സ്വാതന്ത്ര്യം നൽകിയ ശേഷം അവരെ റസൂൽ തിരുമേനി(സ) വിവാഹം കഴിക്കുകയും വിശ്വാസികളുടെ മാതാക്കളിൽ ഒരാളായി അറിയപ്പെടുകയും ചെയ്തു. അടിമത്തത്തിന്റെയും അടിമകളുമായുള്ള വിവാഹത്തിന്റെയും അദ്ധ്യാപനങ്ങൾ ഇക്കാലത്ത് പ്രസക്തമല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) 'ഇസ്ലാമും അടിമത്തവും' എന്ന പുസ്തകത്തിൽ ഈ വിഷയം വിശദീകരിക്കുന്നുണ്ട്.

നാം ഈ വിഷയം സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കുമ്പോൾ പരിതസ്ഥിതി മാറിയത് ഒരു തെളിവായെടുക്കുകയാണെങ്കിൽ ഇസ്ലാമിക നിയമം വളരെ പരിപൂർണവും സാർവത്രികവുമാണെന്നു കാണാം. ഇസ്ലാമിക നിയമത്തിനു കീഴിൽ സാഹചര്യങ്ങൾ പൂർണമായും മാറിയത് നാം കണക്കിലെടുക്കണം. അതായത് ചില ഇസ്ലാമിക നിയമങ്ങൾ ഇസ്ലാമിക സംഹിതകളുടെഅടിസ്ഥാനത്തിൽ യാതൊരു മാറ്റത്തിനും വിധേയമല്ലാത്തതാണ്. ചില നിയമങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് മാറാവുന്നതുമാണ്.

ഖുർആനിലെ ഒരു വചനം ഉദ്ധരിച്ചു കൊണ്ട് അദ്ദേഹം തന്റെ വാദം ഉപസംഹരിക്കുന്നത് കാണുക.

*'അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിത വചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശവചനങ്ങളാണ്. എന്നാൽ ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാനാഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യാൻ ഉദ്ദേശിച്ചും കൊണ്ട് അതിൽ നിന്ന് സദൃശമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും അറിവിൽ പരിപൂർണ വൈഭവം സിദ്ധിച്ചവരുമല്ലാതെ അതിന്റെ വ്യാഖ്യാനം അറിയുന്നില്ല. ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു എല്ലാം ഞങ്ങളുടെ നാഥനിൽ നിന്നുള്ളതാണ് എന്ന് അവർ പറയുന്നു. ബുദ്ധിമാന്മാരല്ലാതെ ആരും ഉപദേശം സ്വീകരിക്കുന്നില്ല' (3: 8) 17*

## Statement about ownership and other particulars about newspaper Sathyadoothan

(Form IV-See Rule-8)

| | |
|---|---|
| 1. Place of publication | :Ernakulam |
| 2. Periodicity of its publication | :Monthly |
| 3. Printer's Name | :B.B. Ahmad Kabeer |
| Nationality | :Indian |
| Address | :Blayil, Karama Road,Elamakkara, P.O., Pin 682026 |
| 4. Publisher's Name | :B.B. Ahmad Kabeer |
| Nationality | :Indian |
| Address | :Blayil, Karama Road,Elamakkara, P.O., Pin 682026 |
| 5. Editor's Name | :A.M. Muhammad Salim |
| Nationality | : Indian |
| Address | : Darussalam, Near Zeena Plastic, pavangad, Calicut |

6. Names and addresses of individuals who own the newspaper and partners or shareholders holding

More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my

knowledge and belief.

Dated: 1. 03. 2016 S/d -Publisher

# മഹാത്മാക്കളുടെ മനുഷ്യബന്ധങ്ങൾ

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു.....) ന്റെ സ്വഭാവ വൈശിഷ്ട്യവും ദുആ സ്വീകാര്യതയും വെളിവാക്കുന്ന ചില അനുഭവങ്ങൾ വർഷങ്ങൾക്ക് മുമ്പ് അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്ത പാകിസ്താനിൽ നിന്നുള്ള ഒരു സഹപ്രവർത്തകൻ അനുസ്മരിക്കുന്നു.

മൗലവി കെ. കമറുദ്ദീൻ

പ്രാർഥിക്കുന്നവന്റെ അർഥനക്ക് എപ്പോഴും ഉത്തരം നൽകുന്ന സജീവനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ് അഹ്മദികൾ. പരീക്ഷണങ്ങളും പ്രയാസങ്ങളുമുണ്ടാവുമ്പോൾ മുൻകാല പ്രവാചകന്മാരുടെയും മഹാത്മാക്കളുടേയും അതേവഴിയിൽ ദുആ മുഖ്യ ആയുധമായി എല്ലാം അല്ലാഹുവിന് മുന്നിൽ സമർപ്പിച്ച് അതിന്റെ അത്ഭുതഫലങ്ങളുടെ മധുരാനുഭവങ്ങൾ അറിയുന്നവരാണ് അഹ്മദി മുസ്ലിംകൾ. എണ്ണിയാലൊടുങ്ങാത്ത ദുആ സ്വീകാര്യതയുടെ അത്ഭുത ദൃഷ്ടാന്തങ്ങൾ അഹ്മദികളുടെ ഓർമകളിലും അനുഭവങ്ങളിലുമുണ്ട്. അത്തരത്തിൽ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....)മായി ബന്ധപ്പെട്ട ഞാനറിഞ്ഞ ഒരാളുടെ അനുഭവങ്ങളാണ് ഇവിടെ വിവരിക്കാനാഗ്രഹിക്കുന്നത്. ഹുസൂർ തിരുമനസ്സ് പാകിസ്താൻ അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ കാര്യദർശിയായിരിക്കുമ്പോൾ തന്റെ കീഴ് ജീവനക്കാരനുമായി ബന്ധപ്പെട്ട ഈ സംഭവം അവിടുത്തെ സ്വഭാവ വൈശിഷ്ട്യവും നിഷ്ക്കളങ്കതയും പ്രകടമാക്കുന്നതാണ്. അതോടൊപ്പം തന്നെ ദുആയുടെ അത്ഭുത ദൃഷ്ടാന്തം ഒരു വിസ്മയമായി ആ ബന്ധങ്ങളിൽ പ്രകടവുമായിരുന്നു. എന്റെ ലണ്ടൻ സന്ദർശന വേളയിൽ ഞാൻ പരിചയപ്പെട്ട ഒരു അഹ്മദി ഞാനുമായി പങ്കുവെച്ച അനുഭവമാണ് ഇവിടെ വിവരിക്കുന്നത്.

നമ്മുടെ പ്രിയങ്കരനായ അമീറുൽ മുഅ്മിനിനീൻ ഖലീഫത്തുൽ മസീഹ് (അയ്യദഹു..) നിരന്തരമായി അഹ്മദികളോട് പറയാറുള്ളത് ദുആയിൽ നിങ്ങൾ കൂടുതൽ കൂടുതൽ ശക്തി നൽകുക എന്നാണ്. ഏത് ഘട്ട ത്തിലും അത്തന്നെയാണ് നമ്മുടെ മുഖ്യമായ ആയുധം. ദുആ സ്വീകാര്യതക്കായി നിങ്ങളുടെ ജീവിതം സൽഗുണ സമ്പൂർണമാക്കുക എന്ന താണ് അ ദ്ദേഹത്തിന്റെ ഉപദേശം. സ്വാഭാവികമായും നാം മനസ്സിലാ ക്കുന്നത് ഖലീഫത്തുൽ മസീഹി ന്റെയും ഏറ്റവും വലിയ ആത്മീയ ആയുധം ദുആ തന്നെയാണ്. അസാ ദ്ധ്യമായത് സാദ്ധ്യമാക്കിമാറ്റുന്ന ഈ ദിവ്യായുധത്തിന്റെ പ്രഭാവം ഈ സംഭവത്തിലും ഏറ്റവും പ്രസക്തമായി കാണാം.

2015 ലെ യു. കെ. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ജൽസയിൽ ഈ വനീതൻ ഖലീഫ തിരുമനസ്സിന്റെ ക്ഷണിതാവായി പങ്കെടുത്തപ്പോൾ തൊട്ടടുത്ത റൂമിൽ പാകിസ്താനിൽ നിന്നും വന്ന ക്ഷണിക്കപ്പെട്ടവരായിരുന്നു ഉണ്ടായിരുന്നത്. അതിലൊരാൾ റാണാ മഹ്മൂദ് സാഹിബിനെ ഞാൻ പരിചയപ്പെട്ടു. ഹുസൂർ പാകിസ്താനിൽ നാസിർ സാഹിബ് അഅ്ലായും സദർ സദർ അഞ്ചുമൻ അഹ്മദി യ്യായും ആയിരുന്ന കാലഘട്ട ത്തിൽ ഈ റാണാ മഹ്മൂദ് സാഹിബാണ് ഹുസൂറിന്റെ കാർ ഡ്രൈവർ. റാണാ സാഹിബ് പറയുന്നു: മിയാൻ മസ്റൂർ അഹ്മദ് സാഹിബ് വളരെ സൗമ്യശീലനും വിനയസ്വഭാവ ക്കാരനുമാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കുടുംബത്തിലെ അംഗമെന്നോ ഇത്രയും ഉയർന്നസ്ഥാനത്ത് ഉള്ളയാൾ എന്നോ രീതിയിലുള്ള ഒരു പെരുമാറ്റവും ഞാൻ കണ്ടിട്ടില്ല. ഞങ്ങൾ കാറിൽ പലപ്പോഴും ദീർഘദൂര യാത്രകൾ ചെയ്തിട്ടുണ്ട്. കാറിൽ കയറിയാൽ ചുറ്റും കാണുന്ന കാര്യങ്ങളെ കുറിച്ച് നിരന്തരം അന്വേഷിച്ചറിഞ്ഞുകൊണ്ടിരിക്കുക എന്നത് അവിടുത്തെ ഒരു സ്വഭാവശീലമായിരുന്നു. കാടും മലയും കൃഷി യിടങ്ങളും കണ്ടാൽ ചോദ്യം കൂടുതലാണ്. ഞാനിതൊക്കെ പറഞ്ഞു കൊടുക്കണം. ചിലപ്പോൾ കാർ നിർത്താൻ പറയും. സംശയങ്ങൾ തീർത്ത് യാത്ര തുടരും.

ഒരിക്കൽ ചോദ്യങ്ങളുടെ അളവ് കൂടിയപ്പോൾ, എന്റെ ഹതബുദ്ധിയും വിവരക്കേടും എന്ന് പറയട്ടെ ഞാൻ യാത്രകഴിഞ്ഞ് എന്നെ ഈ ജോലിയേൽപ്പിച്ച എന്റെ മേലുദ്യോഗസ്ഥൻ നാസിർ സാഹിബ് ഉമ്മൂറെ ആമയുടെ അടുക്കൽ ചെന്ന് കാറിന്റെ താക്കോൽ ഏൽപ്പിച്ചുകൊണ്ട് താങ്കൾ ഈ ജോലി മറ്റൊരാളെ ഏൽപ്പിക്കണമെന്ന് പറഞ്ഞു. വാസ്ത വത്തിൽ നാസിർ സാഹിബ് ഉമ്മൂറെ ആമ ഞാൻ തമാശ പറഞ്ഞതാണെന്നാണ് ധരിച്ചത്. അല്ല ഞാൻ കാര്യമായിട്ട് തന്നെയാണ് പറഞ്ഞത്. അദ്ദേഹം ചോദിച്ചു എന്താ കാര്യം ? അസ്തഅ്ഫിറുല്ലാഹ് ഞാൻ കാണിച്ചത് വല്ലാത്തൊരു കുരുത്തക്കേട് തന്നെയായിരുന്നു!!. അല്ലാഹു എനിക്ക് പൊറുത്തു

തരട്ടെ!! ഞാൻ പറഞ്ഞു: എനിക്ക് രണ്ട് ജോലിയും കൂടെ എടുക്കാൻ വയ്യ. ഒന്നുകിൽ ഡ്രൈവിംഗ് അല്ലെങ്കിൽ സംശയ നിവാരണം. വിഷയം ആ പുണ്യാത്മാവിന്റെ അടുക്കലെത്തി. ഹുസൂർ എന്നെ വിളിപ്പിച്ചു. റാണാ സാഹിബ് പറയുന്നത് കാണുക. ആ മഹാന്റെ പ്രതികരണം എത്ര ഉൽകൃഷ്ടവും ഉദാത്തവുമായിരുന്നു.! കേവലം നിസാരനായ ഒരു ഡ്രൈവറായ എന്നെ അദ്ദേഹത്തിന് ജോലിയിൽ നിന്ന് പിരിച്ച് വിടാനും എന്നെ ശാസിക്കാനും ശകാരിക്കാനുമെല്ലാം അധികാരമുണ്ട് എന്നോർക്കണം.

ഞാൻ ഹുസൂറിന്റെ മുമ്പിൽ എത്തിച്ചേർന്നു. എനിക്ക് ഹുസൂറിന്റെ മുഖത്ത് നോക്കാൻ ജാള്യത കൊണ്ട് വല്ലാത്ത പ്രയാസം തോന്നി. ഞാൻ ഹുസൂറിന്റെ ഓഫീസിൽ കയറിയതും, ഹുസൂർ റാണാ സാഹിബ് അസ്സലാമു അലൈക്കും എന്ന് അതി മനോഹരമായ ഒരു പുഞ്ചിരിയോടെ എന്നെ അഭിസംബോധന ചെയ്യുകയാണുണ്ടായത്. എന്നോട് ഹുസൂർ തിരുമനസ്സ് ചോദിച്ചു. 'എന്റെ ചോദ്യങ്ങൾ താങ്കൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കി അല്ലേ, താങ്കൾ കാറിന്റെ താക്കോൽ തിരിച്ചു വാങ്ങുക. താങ്കൾ തന്നെയാണ് കാറിന്റെ ഡ്രൈവർ. ഇനി മുതൽ ഞാൻ ചോദ്യങ്ങൾ ചോദിച്ച് താങ്കളെ ബുദ്ധിമുട്ടിക്കില്ല. എന്നാൽ താങ്കൾ കാണുന്നതൊക്കെ ഞാൻ ചോദിക്കാതെ എനിക്ക് പറഞ്ഞു തന്നാൽ മതി. റാണാ സഹിബ് പറയുന്നു. എന്റെ കണ്ണുകൾ നിറഞ്ഞു. എന്നോട് ഈ സംഭവം പറയുമ്പോഴും റാണാ സാഹിബ് കരയുന്നുണ്ടായിരുന്നു. എത്ര ഉന്നതമായ സ്വഭാവഗുണങ്ങൾ. കാരുണ്യത്തിന്റെ പ്രവാചകനായ ഹദ്റത്ത് റസൂൽ തിരുമേനി (സ) യും ആ മഹാത്മാവിന്റെ ശിഷ്യ പ്രവാചകനായ ഹ: മസീഹ് മഊദി (അ)ലുമല്ലാതെ നമുക്ക് ഇത്തരം സ്വഭാവവിശേഷങ്ങൾ കാണാൻ കഴിയുമോ?

കാലങ്ങൾക്ക് ശേഷം ഈ മഹാനുഭാവൻ അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫയായി തീർന്നു. പ്രിയ ഇമാം ഹദ്റത്ത് അമീറുൽ മുഅ് മിനീന്റെ മുഖാമുഖത്തിന് വേണ്ടി റാണാ സാഹിബ് ലണ്ടനിൽ എത്തിച്ചേർന്നു. നാം അറിയുന്നത് പോലെ നൂറുകണക്കിനാളുകൾ ഒരോ ദിവസവും മുഖാമുഖത്തിനുണ്ടാവും. രാഷ്ട്രത്തലവന്മാർ, രാജാക്കന്മാർ, നാഷണൽ അമീർമാർ, നാസിർമാർ ഇവരുടെ കൂട്ടത്തിൽ ഈ നിസ്സാരക്കാരനും ഉൾപ്പെടുന്നു. യുകെ ജൽസയുടെ തിരക്ക് പിടിച്ച സന്ദർഭമാണ്. ഞാൻ എനിക്ക് കിട്ടിയ സന്ദർഭത്തിൽ എനിക്ക് അനുവദിച്ച ചുരുങ്ങിയ സമയം (അത്രയേ അനുവദിക്കാനും കഴിയൂ) എനിക്ക് തൃപ്തിയായി തോന്നിയില്ല. അന്ന് തന്നെ ഞാൻ വീണ്ടും മുലാഖാത്തിനായി ഹുസൂർ തിരുമനസ്സിന്റെ സന്നിധിയിലെത്തി. റാണാസാഹിബ് പറയുന്നു. നോക്കുക മറ്റൊരുനേതാവാണെങ്കിലും അനിഷ്ടം പ്രകടിപ്പിക്കുകയോ ദേഷ്യപ്പെടുകയോ ചെയ്യും. എന്നാൽ അവിടുന്ന് നിഷ്ക്കളങ്കമായ പുഞ്ചിരിയോടെയുള്ള ചോദ്യം എന്താ, റാണാ സാഹിബ് മുലാഖാത്ത് കഴിഞ്ഞില്ലേ? ഞാൻ പറഞ്ഞു, ഇല്ല ഹുസൂർ എനിക്ക് സമയം മതിയായിട്ടില്ല. കുറച്ചു കൂടെ സമയം അനുവദിക്കണം. അങ്ങനെ എനിക്ക് വീണ്ടും സമയം അനുവദിക്കപ്പെട്ടു. പറയാനുള്ളത് മുഴുവൻ ഹുസൂർ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്തു. ഇവർക്കാണ് കാരുണ്യത്തിന്റെ പ്രവാചകനായ റസൂൽ തിരുമേനി (സ) യുടെ ശിഷ്യഗണം എന്ന് പറയുക. റാണാ സാഹിബ് പറ യുന്നു. എന്നെ പോലെ യാതൊരറിവുമില്ലാത്ത ഒരാളുടെ അനുഭവമാണ് ഈ പറയുന്നത്.

ഒരിക്കൽ എനിക്ക് പാകിസ്താനിൽ നിന്ന് ശത്രുക്കളുടെ ആക്രമണമുണ്ടായി. അവരെന്നെ വെടിവെച്ചു. ഞാൻ ബോധരഹിതനായി വീണു. ആരൊക്കെയോ എന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. ദിവസങ്ങൾക്ക് ശേഷം എനിക്ക് ബോധം തിരിച്ചു കിട്ടി. ഉടനെ എന്റെ പ്രിയ ഹുസൂർ തിരുമനസ്സിന് ദുആക്ക് ഫാക്സ് അയക്കാൻ ആവശ്യപ്പെടുകയും ആ എഴുത്തിൽ എന്റെ കൈകൾ കൊണ്ട് ഒപ്പു വെക്കുകയും ചെയ്തു. എന്റെ പ്രിയപ്പെട്ട ഇമാമിന്റെ മറുപടി എന്നെ വല്ലാതെ അത്ഭുതപെടുത്തി. ആ മറുപടി കത്ത് എന്നെ വായിച്ചു കേൾപ്പിക്കാനെത്തിയത് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബാണ്. വളരെ മുഹ്‌ലിസായ അദ്ദേഹത്തോട് എന്റെ ദേഹത്ത് ഹുസൂറിന് വേണ്ടി കൈവച്ച് ദുആ ചെയ്യാൻ നിർദേ ശിച്ചിരുന്നു. അദ്ദേഹം അങ്ങനെ ചെയ്യുകയും ചെയ്തു. നോക്കുക എന്റെ ദേഹത്ത് എട്ട് വെടിയുണ്ടകൾ ഏറ്റിരുന്നുവത്രെ. ഹുസൂർ തിരുമനസ്സ് ലെറ്ററിൽ പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്. എന്റെ പ്രിയ റാണാ മഹ്മൂദ് സാഹിബ് അസ്സലാമു അലൈക്കും! ശത്രുക്കൾ താങ്കളുടെ ദേഹത്തേക്ക് ഉതിർത്ത് വിട്ട വെടിയുണ്ടകളേക്കാൾ ശക്തിയുള്ളതാണ് ദുആ. നമ്മുടെ റബ്ബ് അത് സ്വീകരിക്കുമെന്ന് നാം ഉറച്ച് വിശ്വസിക്കുന്നു. അല്ലാഹു താങ്കൾക്ക് ശിഫാ തന്ന് അനുഗ്രഹിക്കു മാറാകട്ടെ. ആമീൻ!

അങ്ങനെ ഡോക്ടർമാർ എന്റെ ദേഹത്തുള്ള എല്ല വെടുയുണ്ടകളും പുറത്തേക്കെടുത്തു. ഞാൻ അൽഹംദുലില്ലാഹ് എന്റെ പ്രിയപ്പെട്ട ഇമാമിന്റെ ദുആയുടെ അത്ഭുത ദൃഷ്ടാന്തമായി ഇന്നും സുഖമായി ജീവിക്കുന്നു. റാണാ മഹ്മൂദ് സാഹിബ് പറഞ്ഞു നിർത്തി.

### ലജ്ജാകരമായ വിഷയങ്ങൾ പ്രചരിപ്പിക്കരുത്

വിശ്വസിക്കുന്നവരിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. അല്ലാഹു അറിയുന്നു നിങ്ങളോ അറിയുന്നില്ല. **(വി. ഖുർആൻ 4:29)**

# ഒരു ചരിത്രപുരുഷന്റെ ബയ്അത്തും ഖാദിയാൻ സന്ദർശനവും

കേരള അഹ്മദിയ്യാ ചരിത്രത്തിലെ ആദ്യത്തെ പടനായകന്മാരിൽ ഒരാളായ ഹദ്റത്ത് അൽഹാജ് മൗലാനാ ശൈഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബ് (റഹ്) ബയ്അത്ത് ചെയ്തതും ഖാദിയാനിൽ പോയതും എപ്പോഴാണെന്നു അറിയുവാൻ ചിലരെല്ലാം താൽപര്യം കാണിക്കുന്ന സാഹചര്യത്തിൽ അതിനെ സംബ ന്ധിച്ചുള്ള വിശദീകരണമാണ് ഈ ലേഖനം.

മദാർ അബ്ദുശ്ശുക്കൂർ

ഈ വിനീതൻ ഹദ്റത്ത് ശൈഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബി നെപ്പറ്റിയുള്ള ചരിത്ര ഗവേഷണം ആരംഭിച്ചത് 1980 ലാണ്. മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബായിരുന്നു ആ കാലത്ത് സത്യദൂതൻ മാസിക യുടെ പത്രാധിപർ. അദ്ദേഹത്തിന്റെ സഹായത്തോടെ ഹദ്റത്ത് മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് എന്ന അഹ്മദിയ്യാചരിത്ര സംഘംനേതാവിന് ചരിത്രരേഖ ക്കായി കത്തെഴുതി. അദ്ദേഹം നിർദേശിച്ചത് ഹദ്റത്ത് ശൈഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനിയുടെ താരീഖെമലബാർ എന്ന ചരിത്രപുസ്തകം കേന്ദ്രജ മാഅത്ത് അംഗീകരിച്ച ഗ്രന്ഥമാണെന്നും, അതിനാൽ ആ ഗ്രന്ഥം അവലം ബമാക്കി ചരിത്രം രചിക്കാമെന്നുമാണ്. അതനുസരിച്ച് ഖാദിയാനിലേക്കെഴുതുകയും താരീഖെ മലബാർ അയച്ചുതരുകയും ചെയ്തു.

1919ലാണ് ഹദ്റത്ത് ശൈഖ് മഹ്മൂദ് അഹ്മദ് സാഹി ബ് ഇർഫാനീ (റഹ്) കേരളം സന്ദർശിക്കുകയും താരീ ഖെമലബാർ എന്ന ഗ്രന്ഥത്തിന്റെ പണിപ്പുരയെ സജ്ജീക രിക്കുകയും ചെയ്തത്. ആ ഗ്രന്ഥത്തിൽ പ്രധാനമായും വിവരിച്ചിട്ടുള്ളത് കണ്ണൂരിലെ അഹ്മദികൾ അനുഭവിച്ച ദുരിതങ്ങളും പഴയങ്ങാടി, കൂടാളി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ജമാഅത്തുകൾ സ്ഥാപിച്ച വാർത്ത കളുമാണ്.

## ഒരുബയ്അത്തിന്റെചരിത്ര സാക്ഷ്യം

പഴയങ്ങാടിയെപ്പറ്റി പരാമർശിച്ചുകൊണ്ട് പ്രസ്തുത ചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നുണ്ട്:

*"ഇസ് ജഗ സബ്സേപഹ്‌ലേ
സൻ ഉന്നീസൗ ആട്ക്കേ ഖരീബ് ഖരീബ്
മൗലവി മുഹ്യിദീൻ സാഹിബ്നേ
ബയ്അത്ത്കീ"* **(താരീഖെമലബാർ, ഭാഗം: 72)**

അതായത്, "ഈ സ്ഥലത്തു നിന്നും ഏറ്റവുമാദ്യം 1908 നോട് അടുത്തായി മൗലവി മുഹ്യിദ്ദീൻ സാഹിബ് ബയ്അത്ത് ചെയ് തു."

താരീഖെമലബാറിലെ പ്രസ്തുത ഉദ്ധരണിയിൽനിന്ന് ഹദ്റത്ത് ശൈഖ് മുഹ്യിദ്ദീൻ കുട്ടി സാഹിബ് ബയ് അത്ത് ചെയ്തത് **1908** ആകുന്ന തിനു മുൻപേയാണെന്ന് ഒരു സംശയ ത്തിനും ഇടമില്ലാത്തവിധം സ്പഷ്ട മാകുന്നു. ഈ തെളിവിന്റെ പിൻബലത്തിലാണ് വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്തുതന്നെ 1907 ന്റെ ഒടുവിൽ അദ്ദേഹം ബയ്അത്തു ചെയ്തുവെന്ന് ഞാനെഴുതിയത്. ഇക്കാര്യം ഞാനാദ്യമായി രേഖപ്പെടു ത്തിയത് അന്നത്തെ പത്രാധിപർ ജനാബ് സിദ്ദീഖ് അമീർ അലീ സാഹിബിന്റെയും, ചീഫ് എഡിറ്ററും കേരള ഇൻചാർജ് മിഷണറിയുമായ മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബിന്റെയും അംഗീകാരത്തോ ടെ 1981 ലെ സത്യദൂതനിലാണ്. (സത്യദൂതൻ 1981 ജൂലായ് ലക്കം, ഭാഗം: 308)

തുടർന്നു 1989 ലെ അഹ്മദിയ്യാ ശതവാർഷിക ജൂബിലിപതിപ്പിലും, അഹ്മദിയ്യാ മുസ്‌ലിം സംസ്ഥാ നസമിതി രണ്ടായിരത്തിൽ പ്രസിദ്ധീകരിച്ച കേരള അഹ്മദി യ്യാചരിത്രത്തിന്റെ ആമുഖത്തിലും ഞാനി ക്കാര്യം എടുത്തു ചേർത്തിട്ടുണ്ട്. പ്രസ്തുത ആമുഖ ഗ്രന്ഥം പരിശോധിച്ച സംസ്ഥാന അമീർ ജനാബ് എ.പി. കുഞ്ഞാമുസാഹിബ്, ചീഫ് മിഷണറി മൗലാനാ മുഹമ്മദ്

ഉമർ സാഹിബ് എച്ച്.എ, സത്യദൂതന്റെ ദീർഘകാല പത്രാധിപർ ജനാബ് എൻ. അബ്ദുർറഹീം സാഹിബ്, അന്നത്തെ സത്യദൂതൻ പത്രാധിപർ മൗലാനാ മുഹമ്മദ് ഇസ്മാഈൽ സാഹിബ് എച്ച്.എ, മിനാരത്ത് എഡിറ്റർ ജനാബ് എം. ആലിക്കോയ സാഹിബ്, മുൻ സംസ്ഥാന അമീർ ഡോക്ടർ ബി. മൻസൂർ അഹ്മദ് സാഹിബ്, സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറി പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ് എന്നീ സമുന്ന തന്മാരെല്ലാം ഈ ചരിത്ര സാക്ഷ്യ ത്തെ അംഗീകരിക്കുകയും പ്രസിദ്ധീ കരണാനുമതി നല്കുകയും ചെയ് തിട്ടുള്ളതാണ്. (കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം, പേജ് 4)

## ചരിത്ര പ്രസിദ്ധരായ പതിമൂന്നു അഹ്മദികൾ

കേരള അഹ്മദിയ്യാ ചരിത്രത്തിലെ തിളങ്ങുന്ന താരങ്ങളാണ് അറക്കൽ രാജസ്വരൂപത്തിന്റെ അധീന ത്തിൽ സാമൂഹിക ബഹിഷ് കരണത്തിനു വിധേയരായി ദുരിത ങ്ങൾ ഏറ്റുവാങ്ങിയ പതിമൂന്നു അഹ്മദികൾ. അവരുടെ ത്യാഗങ്ങളെ മഹാസംഭവങ്ങളായി വിലയിരു ത്തുകയും അതിനെ ലോകശ്രദ്ധയാ കർഷിക്കും വിധം അവതരിപ്പിക്കുകയും ചെയ്ത ചരിത്രകാരൻ ഹദ്റത്ത് ശൈഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനിയാണ്. തന്റെ ഗ്രന്ഥത്തിലൂടെ ആ പതിമൂന്നു അഹ്മദികളെ ഓരോരുത്തരേയും പരിചയപ്പെടുത്തുകയോ, അവർ ബയ്അത്ത് ചെയ്ത ക്രമവിവരങ്ങൾ അറിയിക്കുകയോ ചെയ്യുകയെന്നത് അദ്ദേഹ ത്തിന്റെ ലക്ഷ്യമായിരുന്നില്ല. അദ്ദേഹം മുഖ്യമായും ശ്രദ്ധിച്ചത് എതിർപ്പുകളുടെ തീച്ചൂളയിൽ ആ അഹ്മദികൾ ഹോമിക്കപ്പെട്ടതി ലേക്കും അവരുടെ ഗദ്ഗദങ്ങ ളിലേക്കുമാണ്. അഹ്മദിയ്യത്തിനെ കെട്ടിപ്പടുത്ത സ്ഥാപകമുഹൂർ ത്തങ്ങളിൽ അവർ അനു ഭവിച്ച കൊടിയ യാതനകൾ, ദൈവികജമാഅത്തിന്റെ സത്യതയ്ക്ക് തെളിവായി വെളിപ്പെട്ട ദൃഷ്ടാന്തമായാണ് അദ്ദേഹം ദർശിച്ചത്. തുടർന്ന് കേരള അഹ്മദിയ്യാ ജമാഅ ത്തിന്റെ ഉത്ഭവ ചരിത്രം അദ്ദേഹം അനാവരണം ചെയ്തത്, പ്രവാചകന്മാരുടെ ജീവിത കാലഘട്ടത്തെ അനുസ്മരിക്കുന്ന അനുഭൂതിയോടെയാണ്.

ഒരഹ്മദിയെസംബന്ധിച്ചിടത്തോളം വിലമതി ക്കപ്പെട്ടതും നിഷേധിക്കാനാവാത്തതുമാണ് താരീഖെ മലബാറിലെ ചരിത്ര സത്യങ്ങൾ. കാരണം, ആ ഗ്രന്ഥം രചിച്ചത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1919 ൽ നിശ്ചയിച്ച മലബാർ മുബല്ലിഗും, ചരിത്രപണ്ഡിതനും, അൽഹക്കം ഉപപത്രാധിപരും, ഹദ്റത്ത് ശൈഖ്യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എന്ന സുപ്രസിദ്ധ സഹാബിയുടെ മകനുമായ ഹദ്റത്ത് ശൈഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനിയാണ്.

അദ്ദേഹമാണ് ആ പതിമൂന്നു അഹ്മദികളുടെ പേരു കൾ താരീഖെമലബാർ എന്ന തന്റെ ഗ്രന്ഥത്തിലൂടെ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതും, അവരുടെ ത്യാഗ ങ്ങളെ പുറം ലോകം അറിയും വിധം പ്രകാശിപ്പിച്ചതും! 1919 ൽ അദ്ദേഹം തന്റെ ഭഗീരഥ പ്രയത്നത്താൽ അങ്ങ നെയൊരു ചരിത്രം സ്വരുക്കൂട്ടുകയും ഗ്രന്ഥമാക്കുക യും ചെയ്തില്ലായിരുന്നുവെങ്കിൽ അവരുടെ പേരുകൾ പോലും വിസ്മൃതിയിലാണ്ടു പോവുകയും, മണ്ണി നടിയിൽ കുഴിച്ചുമൂടിയ നിധികൾപോലെ ആ ത്യാഗോ ജ്ജ്വലസംഭവങ്ങൾ മൺമറഞ്ഞു പോവുകയും ചെയ്യു മായിരുന്നു. ഇസ്ലാമികചരിത്രപൈതൃകത്തിന് ലോക പ്രസിദ്ധിനേടിയ മല യാളക്കരയിൽ മഹ്ദീമസീഹിന്റെ സന്ദേശപ്രചാരണത്തിലേക്കുള്ള ത്യാഗനിർഭരമായ കാൽവെപ്പിനെ ദീർഘദൃഷ്ടിയോടെ തിരിച്ചറിഞ്ഞ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയാണ് ഇത്തരം ഒരു ചരിത്രം രചിക്കാനുള്ള ചുമതല അദ്ദേഹത്തെ ഏല് പിക്കുന്നത്. അതു കൊണ്ടു തന്നെ ആ ചരിത്ര സൃഷ്ടി യുടെ പ്രചോദനവും വിജയരഹസ്യവു മായി ഏറ്റവും ഉയരത്തിൽ തിളങ്ങിനില്ക്കുന്നത് മഹനീയ വ്യക്തി ത്വമായ ആ ഖലീഫാതിരുമനസ്സ് രണ്ടാമന്റെ അനു ഗ്രഹാശിസ്സുകളും പ്രാർഥനകളുമാണ്.

ത്യാഗധനരായ ആ പതിമൂന്നു അഹ്മദികളുടെ വിശുദ്ധ നാമങ്ങൾ സുരക്ഷിതമായ ഒരു ഖജനാവിലെന്ന പോലെ പ്രസ്തുത ഉർദു ഗ്രന്ഥത്താളുകളിലാണ് സുദീർഘകാലം സൂക്ഷിക്കപ്പെട്ടത്. പിന്നീട് ആ പതിമൂന്ന് അഹ്മദികളുടെ പേരുകൾ മലയാളഭാഷയിൽ ആദ്യമായി പ്രസിദ്ധീകൃതമായത് 1961 ജൂലായ് ലക്കം സത്യദൂതനിലൂ ടെയാണ്. അവിടെ ആ പേരുകൾ ശേഖരിച്ചെഴുതിയവർ വളരെയേറെ സൂക്ഷ്മതയും കൃത്യതയും ഒരു വ്യതിരിക്തതയും പാലിച്ചു കൊണ്ടാണ് ആ പതിമൂന്നു അഹ്മദികൾ ബയ്അത്ത് ചെയ്ത ക്രമത്തെ ഒന്നിനു പിന്നൊന്നായി നിരീക്ഷിക്കാവുന്നവിധത്തിൽ എടുത്തു ചേർത്തിട്ടുള്ളത്. മർഹൂം എൻ. ഹാമിദ് സാഹിബ് സാരഥ്യംവഹിച്ചകാലത്ത് ഉണ്ടാക്കിയ കണ്ണൂർസിറ്റിയിലെ അഹ്മദിയ്യാപള്ളിയുടെ പ്രസ്തുത നിർമാണറിപ്പോർട്ടിൽ പ്രത്യേകം ശ്രദ്ധേയമായ മൂന്നുവരി വാചകമുണ്ട്. അതായത്.

**"ഇതിൽ മൂന്നാമത് പറഞ്ഞ ദേഹം പഴങ്ങാടി സ്വദേശിയും അന്നത്തെ ഒരു പ്രസിദ്ധ പണ്ഡിതനും മൗലാനാ മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. അവർകളുടെ വന്ദ്യ പിതാവും ആണ്."** (1961 ജൂലായ് ലക്കം സത്യദൂതൻ ഭാഗം: 209)

കണ്ണൂർ ജമാഅത്തിന്റെ ചരിത്രത്തിലെ ഭീഷ്മാ ചാര്യനും 1904 മുതൽക്കെ അഹ്മദിയ്യത്തിനെ മനസ്സാ വരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത മഹാനു ഭാവനും കേരളത്തിലെ ആദ്യ ജമാഅത്തിന്റെ പ്രഥമാ ധ്യക്ഷനുമായ ഹദ്റത്ത് മർഹും കളത്തിൽ അബ്ദുൽ ഖാദിർ കോയസാഹിബിന്റെ പേരിനും മുൻപേയാണ്, ജ്ഞാനനിധിയായ മർഹൂം നടുവിലകത്ത് ഹാമിദ് സാഹിബ് ഉൾപ്പെടെയുള്ള കണ്ണൂരിലെ പോയകാല അഹ്മദീ സാരഥികൾ, ഹദ്റത്ത് ശൈഖ് മുഹ്യി ദ്ദീൻകുട്ടിസാഹിബിന്റെ നാമധേയം മൂന്നാമത് രേഖപ്പെടു ത്തിക്കൊണ്ട് അദ്ദേഹത്തെ മാത്രം പ്രത്യേകം പരിചയ പ്പെടുത്തിയിരിക്കുന്നത്! അവരുടെ ഈ പുരസ്കാരവും അവർ രേഖപ്പെടുത്തിവെച്ച വസ്തുതയും വ്യക്ത

മാക്കുന്നത്, ആ പതിമൂന്നു മഹാരഥന്മാരിൽ മൂന്നാമത് ബയ്അത്ത്ചെയ്തത് ഹദ്റത്ത് ശൈഖ് മുഹ്‌യിദ്ദീൻകുട്ടി സാഹിബാ ണെന്നാണ്. താരീഖെമലബാർ എന്ന അമൂല്യ ഗ്രന്ഥത്തിന്റെ ചരിത്രസാക്ഷ്യവും (പേജ്: 72) ഇതുതന്നെ യാണ് വെളിപ്പെടുത്തിത്തരുന്നതും.

## താരീഖെ മലബാർ ഒരു മഹത്തായ ചരിത്രശേഖരം

അഹ്മദിയ്യാ ജമാഅത്തിന്റെ സാക്ഷ്യമുദ്രയുള്ള അൽഹക്കം, അൽഫസ്ൽ തുടങ്ങിയ അംഗീകൃത വും ആധികാരികവുമായ ചരിത്ര രേഖകളിലും, താരീ ഖെമലബാർ എന്ന ചരിത്രസമാഹാരത്തിലും കേരളീയ രായ അഹ്മദിക ളെപ്പറ്റിയുള്ള ഒട്ടേറെ പരാമർശ ങ്ങളും സംഭവങ്ങളും എഴുതപ്പെട്ടു കിടക്കുന്നുണ്ട്. പ്രത്യേകിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ നിർദേശപ്രകാരം രചിക്കപ്പെട്ട താരീഖെമലബാർ എന്ന മഹത്തായ ഗ്രന്ഥത്തിലൂടെ മലയാളക്കാരായ അഹ്മദി കൾക്ക് ശേഖരിച്ചെടുക്കാ നുള്ളത് കേരളത്തിലെ ആദ്യകാല അഹ്മദികൾ നിർവഹിച്ച ധീരോദാ ത്തമായ മാതൃകാകർമങ്ങളുടെ വൈരക്കല്ലുകളാണ്.

പ്രസ്തുത ചരിത്രപുസ്തകത്തിൽ നിന്നുതന്നെയാണ് ഹദ്റത്ത് ശൈഖ് മുഹ്‌യിദ്ദീൻകുട്ടിസാഹിബിന്റെ ബയ്അത്തിന്റേയും ഖാദിയാൻ സന്ദ ർശനത്തിന്റേയും നിവേദനങ്ങൾ ഞാനെടുത്തിട്ടുള്ളത്.

## ഖാദിയാൻ സന്ദർശനം

അദ്ദേഹത്തിന്റെ ഖാദിയാൻ സന്ദർശനത്തെപ്പറ്റി താരീഖെമല ബാർ നാലു സ്ഥലങ്ങളിൽ പരാമർ ശിച്ചിട്ടുണ്ട്. അറക്കൽക്കാരിൽനിന്നു പതിമൂന്നു അഹ്മദികൾക്ക് നേരിട്ട സാമൂഹിക ബഹിഷ്ക്കരണ ത്തെക്കുറിച്ച് വിവരി ച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

**“ഇൻമേ മൗലവി മുഹ്‌യിദ്ദീൻ സാഹിബ്**
**ഉൻ മസായിബ്കീ ബർദാശത്ത് ന കർക്കേ**
**ഖാദിയാൻ ചെലേ ഗയേ”**
**(താരീഖെ മലബാർ, ഭാഗം: 27,28)**

അതായത്, “ഇവരിൽനിന്ന് മൗലവി മുഹ്‌യിദ്ദീൻ സാഹിബ് ആ യാതനകൾ അസഹനീയമായപ്പോൾ ഖാദിയാനിലേക്ക് പ്രയാണം ചെയ്തു.”

മറ്റൊരിടത്ത് പറയുന്നു:

**“ജബ് ഉൻപർ മുശ്ക്കിലാത്ത് ആയേ**
**തൊ ഭാഗ്കർ ഖാദിയാൻ ചെലേ ആയേ**
**യഹാം ഏക് സാൽ ക്കേഖരീബ് റഹ്കർ**
**മാലാബാർ വാപ്പസ് ആയേ”**
**(താരീഖെ മല ബാർ, ഭാഗം: 72)**

അതായത്, “അദ്ദേഹത്തിന് ദുരിതങ്ങൾ വന്നപ്പോൾ അദ്ദേഹം ഖാദിയാനിൽ ഓടിയെത്തി. ഇവിടെ ഒരു വർഷത്തോളം താമസിച്ച് കേരളത്തിൽ തിരിച്ചെത്തി.”

1909 നവംബർ മാസം അറക്കൽ രാജസ്വരൂപ ത്തിൽനിന്നും പുറപ്പെടുവിച്ച ഉപരോധകല്പനയെ തുടർന്നുണ്ടായ എതിർപ്പുകളുടെ കൊടുങ്കാറ്റിൽ ജീവൻ തന്നെ അപകടത്തിലാകുമെന്ന് കണ്ടപ്പോൾ ഹദ്റത്ത് ശൈഖ് മുഹ്‌യിദ്ദീൻകുട്ടിസാഹിബ് നടത്തിയ ഹിജ്റ ത്തിനെപറ്റിയാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. ഖാദി യാനിൽ ഓടിയെത്തി എന്ന പരാമർ ശം ശ്രദ്ധേയമാണ്. ഇതിൽനിന്ന് ഖാദിയാൻ അദ്ദേഹത്തിന് നേരത്തേ സുപരിചിതമായ സ്ഥലമായിരുന്നുവെന്നു കരുതേണ്ട തുണ്ട്. ഒരു പ്രാവശ്യമെങ്കിലും ഖാദിയാനിൽ പോയി പരിചയമില്ലാത്ത വ്യക്തിക്ക് കേരളത്തെപ്പോലെയുള്ള വിദൂരസ്ഥമായ നാട്ടിൽനിന്ന് അന്നത്തെ സാഹ ചര്യത്തിൽ അവിടെ നിഷ്പ്രയാസം ചെന്നെത്താനും അഭയം ഉറപ്പുവരുത്താനും എങ്ങനെയാണ് സാധിക്കുക? അപ്പോൾ, തീർച്ചയായും അതിനുമുൻപേ അദ്ദേഹം ഖാദിയാനിൽ ചെന്നു താമസിക്കുകയും ആ സ്ഥലം അഭയം പ്രാപിക്കാൻ പറ്റിയതാണെന്ന് ബോധ്യം വരുത്തുകയും ചെയ്തി ട്ടുണ്ട്.

സത്യത്തിൽ അദ്ദേഹം തന്നെയാണ് കേരളത്തിൽ നിന്ന് ആദ്യമായി, എവിടെയാണ് ഖാദിയാൻ എന്ന് അന്വേഷിച്ചുപുറപ്പെട്ടത്. അഹ്മദിയ്യാ മർക്കസുമായുള്ള സന്ദർശനബന്ധത്തിനു തുടക്കമിട്ടുകൊണ്ട് കേരളക്ക രയെ ഖാദിയാൻദാറുൽഅമാനുമായി ബന്ധിപ്പിച്ച ഒന്നാമത്തെ കണ്ണിയായി പ്രശോഭിച്ചതും അദ്ദേഹമാ യിരുന്നു. ഈ ത്യാഗോജ്ജ്വലനായ ഗുരുനാഥന്റെ ജീവിതയാത്രയിലെ ഏറ്റവുംമികച്ചതും തിളക്കമാർന്നതും കേരള അഹ്മദികൾക്ക് എക്കാലത്തേക്കും അഭിമാനകര വുമായ മഹാസൗഭാഗ്യവും, അദ്ദേഹത്തിന്റെ പരിശുദ്ധ മായ നാമത്തിൽ എഴുതപ്പെട്ട മഹിമാവിലാസവുമാണിത്.

കേരളത്തിലെ അഹ്മദിയ്യാ ജമാത്തിന്റെ ചരിത്രത്തിൽ അദ്ദേഹത്തെ മറ്റാരേക്കാളും ഉയർന്ന വിതാനത്തിൽ പ്രോജ്ജ്വല്യമാനമാക്കിയ രോമാഞ്ചജനകമായ ത്യാഗ സംഭവം അദ്ദേഹം ഏകനായി ഖാദി യാൻ അന്വേഷിച്ചു പുറപ്പെട്ടതും ആദ്യമായി ആ പുണ്യദേശത്ത് കാലുകു ത്തിയതുംതന്നെയാണ്. തുടർന്ന് തന്റെ ജീവിതത്തിലെ ഏറ്റവുമേറെ പരീക്ഷണാത്മക സന്ദർഭത്തിൽ ശത്രുക്ക ളുടെ വേട്ട യാടലുകളെ അതിജീവിക്കാനുള്ള പോംവഴി ഖാദിയാനിൽ എത്തുക എന്നതാക്കി അദ്ദേഹം മാറ്റു കയും, ആ ദാറുൽ അമാനിൽ അദ്ദേഹം അഭയം പ്രാപി ക്കുകയും ചെയ്തു. ഹദ്റത്ത് മഹ്ദീമസീഹിന്റെ സാന്നി ദ്ധ്യഗേഹത്ത് പോവുകയും, ഖലീഫമാരുടേയും സഹാബിമാരുടേയും ആത്മീയശിക്ഷണത്തിൽ ദീർഘനാൾ താമസിക്കുകയും ചെയ്യുക എന്ന ത്യാഗസുരഭിലമായ മാതൃകാശീലം, മറ്റെല്ലാ ജീവിതാ ഭിലാഷത്തേക്കാളും പ്രിയങ്കരവും സുപ്രധാനവു മാണെന്ന് ആ ത്യാഗധനൻ തെളിയിച്ചുകാട്ടി.

അതിനുള്ള പാരിതോഷികമാ യിരുന്നു തെന്നിന്ത്യൻ ചക്രവാള ത്തിൽ അഹ്മദിയ്യത്തിന്റെ ശക്തി സ്രോതസ്സും ദീപ്തപ്രഭയുമായ ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. (റഹ്). ത്യാഗിവര്യനായ പിതാ വിലൂടെ സമർപിതമായ ഈ മകന് നല്കപ്പെട്ട ശിക്ഷ ണം മലയാളനാട്ടിലെ അഹ്മദികൾക്ക് സമ്മാനിച്ചത് എക്കാലത്തേയും ആത്മസംതൃപ്തിയും തേജസ്സുമായ ഒരു ആധ്യാത്മിക പ്രഭാവത്തേയാണ്. അതുകൊണ്ടു

തന്നെയാണ് അങ്ങനെയുള്ള ഒരു പിതാവിനേയും, ഇങ്ങനെയുള്ള ഒരു മകനേയും കേരളീയരായ അഹ്മദികൾ നെഞ്ചോടു ചേർത്ത് ആദരിക്കുന്നത്!

## ആദ്യത്തെ ഖാദിയാൻ യാത്രയ്ക്ക് മറ്റു ചില തെളിവുകൾ

തലമുറകളിലുടെ കേട്ടുവന്നതിൽ നിന്നും അടർത്തിയെടുത്ത ഉദാത്ത മായൊരു ചരിത്രം ഇവിടെ കുറിക്കാം.

ഒരിക്കൽ ഹദ്റത്ത് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടി സാഹിബ് ഒരു യാത്ര കഴിഞ്ഞു വീട്ടിലെത്തി തന്റെ ഭാര്യയോടു പറഞ്ഞു:

"കോഴിക്കോട്ടെ ആമദുകുട്ടി 'റിവ്യൂ ഓഫ് റിലീജ്യൻസ്' വായിച്ച് അതീവഗഹനങ്ങളായ കുറേ കാര്യങ്ങൾ എനിക്ക് വിവരിച്ചു തന്നു. അതിൽനിന്നും എനിക്കുണ്ടായ അതിയായ അഭിലാഷം ഖാദിയാനിൽപോകണമെന്നും മഹ്ദീമസീഹിനെ കാണണമെന്നുമാണ്. അതിനാൽ, ഉടനെ ഞാൻ ഖാദിയാ നിലേക്ക് പുറപ്പെടുന്നു."

ഈ ചരിത്രം ശരിയാണെന്നാണ് തുടർന്നുണ്ടായ സംഭവവികാസങ്ങൾ തെളിയിക്കുന്നത്.

അദ്ദേഹം ഇവിടെനിന്നു പുറപ്പെടുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നും, ആദ്യം മദിരാശി യിലേക്ക് വണ്ടി കയറുകയും തുടർന്ന് കൽക്കത്തയിലെത്തി അവിടെ തങ്ങേണ്ടിവരുകയും ചെയ്ത അദ്ദേഹം ഖാദിയാൻശരീഫിൽ എത്തിച്ചേർന്നപ്പോൾ ഹദ്റത്ത് മസീഹ് മൗ ഊദ് (അ) ന്റെ വഫാത്ത് സംഭവിച്ചിരുന്നുവെന്നും, ദുഃഖത്താൽ പൊട്ടിക്കരഞ്ഞുകൊണ്ട് അദ്ദേഹം സാഷ്ടാംഗം വീണു വെന്നും, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അദ്ദേഹത്തെ എഴുന്നേല്പ്പിച്ച്സാന്ത്വനപ്പെടുത്തിയെന്നും മറ്റുമുള്ള ചരിത്രങ്ങൾ വലിയ മൗലവി സാഹിബ് പറയാറുള്ളതായി ജനാബ് സി.പി. ആലിക്കുട്ടിമൗലവി സാഹിബിൽനിന്നും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ, ഹദ്റത് ശൈഖ് മുഹ്‌യിദ്ദീൻ കുട്ടിസാഹിബ് ഒറ്റയ്ക്കുതന്നെയാണ് ആദ്യമായി ഖാദിയാനിൽ പോയത്. ഖാദിയാൻ എവിടെയാണെന്ന് അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നില്ല. ഇത്തരം ഒരു സാഹസികയജ്ഞത്തിന് അദ്ദേഹത്തെ സന്നദ്ധനാക്കിയത് അദ്ദേഹ ത്തിന്റെ അത്യഗാധമായ ഇസ് ലാമിക പാണ്ഡിത്യവും, അത്ഭുതകരമായ ഇച്ഛാശക്തിയും, ഊഹി ച്ചാൽ അറ്റം കാണാത്ത സമർപ്പണ ബോധവും, അല്ലാഹുവിന്റെ തൃപ്തി മാത്രം ലക്ഷ്യമാക്കിയ വിശുദ്ധ ജീവിതവും, ഹദ്റത്ത് മഹ്ദീ ഇമാമിനെ ദർശിക്കാനുള്ള അദമ്യമായ ആഗ്രഹവുമായിരുന്നു.

താരീഖെമലബാർ എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ ഖാദിയാൻ യാത്രയെപറ്റി ശ്രദ്ധേയമായ മറ്റൊരു ഉദ്ധരണിയുണ്ട്. അതിപ്രകാരമാണ്.

**"പസ് കൂടാളി ഔർ പയങ്ങാടിമേ**
**അഹ്മദിയ്യത്ത് ഉൻഹിക്കേ ദരിയേ സേപ്പയ്‌ലി**
**ഖാദിയാൻമേ സബ്സേ പഹ്‌ലേ**
**മാലാബാർസേ യഹീ മൗലവി സാഹിബ് ആയേ"**
**(താരീഖെ മലബാർ, ഭാഗം: 72,73)**

"ചുരുക്കത്തിൽ കൂടാളിയിലും പഴയങ്ങാടിയിലും അദ്ദേഹം മുഖേന തന്നെയാണ് അഹ്മദിയ്യത്ത് പ്രചരിച്ചത്. കേരളത്തിൽനിന്ന് ഏറ്റവുമാദ്യം ഖാദിയാനിൽ വന്നതും ഇതേ മൗലവിസാഹിബാണ്."

സംശയരഹിതമായ മറ്റൊരു ഉദ്ധരണികൂടി കാണുക:

**"തൊ സബ് അഹ്മദി ഭാഗ് ഗയേ**
**മൗലവി മുഹ്‌യിദ്ദീൻ സാഹിബ് പയങ്ങാടി**
**ഖാദിയാൻമേ ചെലേ ആയേ**
**യഹീ പഹ്‌ലേ മാലാബാരീത്തേ**
**ജോ ഖാദിയാൻമേ ആയേ"**
**(താരീഖെ മലബാർ, ഭാഗം: 77,78)**

അതയാത്, (ഉപരോധം കൊടുമ്പിരി കൊണ്ടു) "അപ്പോൾ എല്ലാ അഹ്മദികളും ഓടിപ്പോയി. പഴയങ്ങാടിയിലെ മൗലവി മുഹ്‌യിദ്ദീൻ സാഹിബ് ഖാദിയാനിൽ എത്തി ചേർന്നു. ആദ്യമായി ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്ന മലയാളിയും ഇദ്ദേഹംതന്നെയാണ്."

മുകളിൽ വിശദീകരിച്ചുവന്ന തെളിവുകളുടെ അടിസ്ഥാന ത്തിലാണ് ഹദ്റത്ത് ശൈഖ്മുഹ് യിദ്ദീൻ കുട്ടിസാഹിബ് (റഹ്) ബയ്അത്ത്ചെയ്തത് 1907 ന്റെ ഒടുവിലാണെന്നും, അദ്ദേഹം ആദ്യമായി ഖാദിയാൻ സന്ദർശിച്ചത് 1908 ലാണെന്നും ഞാനെഴുതിയിട്ടുള്ളത്.

---

പേജ് 23 ൽ നിന്നും തുടർച്ച

ന്നു.

താൻ ഹദ്റത്ത് നബി കരീം (സ) യുടെ ആത്മീയ സന്താനമാണെന്നും തനിക്കുണ്ടായ ദൈവികാനു ഗ്രഹങ്ങളും ദൈവിക ഭാഷണങ്ങളുമെല്ലാം തിരുനബി (സ) യെ പിൻ പറ്റിയത് കൊണ്ട് മാത്രമാണെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അല്ലാഹുവിന്റെ പേരിൽ ആണയിട്ട് പറയുകയുണ്ടായി.

റസൂൽ തിരുമേനി(സ) ഇക്കാല ഘട്ടത്തിൽ വരുമെന്ന് വാഗ്ദാനം ചെയ്ത തന്റെ ആത്മീയ സുതൻ വാഗ്ദത്ത മസീഹ്(അ) ആഗതനാ യിക്കഴിഞ്ഞു. അവിടുത്താൽ സ്ഥാ പിതമായ അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ വെന്നിക്കൊടിയുമായി അതിന്റെ ആഗോള വിജയത്തിലേക്ക് കുതിക്കുകയാണ്. ജമാഅത്ത് 207 രാജ്യങ്ങളിൽ സ്ഥാപിതമായി ക്കഴി ഞ്ഞു. ജമാഅത്തിന് മീതെ സൂര്യനസ്തമിക്കുന്നില്ല എന്നത് ഒരു പരമാർഥമാണ്. അതിന്റെ ശത്രുക്കളാകട്ടെ അനുദിനം പരാജയത്തിനുമേൽ പരാജയമേറ്റു വാങ്ങിക്കൊണ്ട് ലോക ത്ത് നിന്നും മാഞ്ഞുപോയി ക്കൊണ്ടി രിക്കുന്നു. ജമാഅത്ത് ജന സമൃദ്ധിയുടെ അൽ കൗസറിനാൽ അനുഗൃ ഹീതരും ശത്രുക്കൾ സന്താനരാഹി ത്യത്തിന്റെ അബ്തറുകളു മായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയുമാണ് നാം കാണുന്നത്.

# ഗോണികുപ്പ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

കർണാടക സംസ്ഥാനത്തെ കുടക് ജില്ലയിലെ ഗോണികുപ്പയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണ ചരിത്രമാണിത്. ലേഖകൻ ഗോണികുപ്പ ജമാഅത്ത് പ്രസിഡന്റാണ്.

എം.എം. മഹ്ബൂബ്

കർണാടകത്തിലെ കുടക് ജില്ലയിൽ സ്ഥാപിതമായ ആദ്യ ജമാഅത്താണ് മടിക്കേരി. ജില്ല ആസ്ഥാനമായ മടിക്കേരിയിൽ നിന്നും 45 കി.മീ അകലെ കണ്ണൂർ-മൈസൂർ റോഡിന് സമീപം ഹരിശ്ചന്ദ്രപുരത്താണ് ഗോണികുപ്പ. മടിക്കേരി ജമാഅത്ത് 1950 കളുടെ ആദ്യത്തിലാണ് സ്ഥാപിതമായത്. മടിക്കേരി ജമാഅത്തിന്റെ നിരന്തരമായ പ്രവർത്തനം നിമിത്തമാണ് വമ്പിച്ച എതിർപ്പുകൾ നേരിട്ടു കൊണ്ട് ഗോണികുപ്പയിൽ ചെറുതെങ്കിലും ഒരു നല്ല ജമാഅത്ത് സ്ഥാപിതമായത്.

1994ൽ മടിക്കേരിയിലെ പരേതനായ അഹ്മദി എം.കെ.മൊയ്തീൻ സാഹിബിന്റെയും, മൗലവി സി.പി. മൊയ് തീൻ കുട്ടി സാഹിബിന്റെയും ഗോണി കുപ്പ സന്ദർശനത്തോടെ ആണ് അവിടെ ജമാഅത്ത് രൂപികരണത്തിന് തുടക്കം കുറിക്കുന്നത്. മൊയ് തീൻ സാഹിബിന്റെ ആദ്യ ഭാര്യയിലുള്ള ഒരു മകൻ എം.എം. മഹ്ബൂബ് സാഹിബ് കുടുംബ സമേതം ഗോണികുപ്പയിലെ ഹരിശ്ചന്ദ്രപുരത്ത് താമസിച്ചിരുന്നു. മൊയ്തീൻ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആദ്യ ഭാര്യ സകലാപുരത്ത് അകന്നു താമസിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത മകൻ മഹ്ബൂബ് സാഹിബ് വിദ്യാഭ്യാസ പൂർത്തീകരണത്തിന് ശേഷം ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ ഉദ്യോഗസ്ഥനായി ജമ്മുകാശ്മീർ, പഞ്ചാബ് ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഔദ്യോഗിക സ്ഥാനം വിട്ടതിന് ശേഷം അദ്ദേഹം കുടുംബ സമേതം ഗോണികുപ്പയിൽ താമസമാക്കി. അദ്ദേഹത്തിന് തബ്‌ലീഗ് ചെയ്യാം എന്ന ഉദ്ദേശ്യത്തോടെ മൊയ്തീൻ സാഹിബ് മൗലവി മൊയ്തീൻ കുട്ടി സാഹിബിനെയും കൂട്ടിഗോണിക്കുപ്പയിൽ പോയതായിരുന്നു. മഹ്ബൂബ് സാഹിബിന്റെ നിർബന്ധ പ്രകാരം അന്നേദിവസം അവിടെ താമസിക്കുകയും അദ്ദേഹത്തിന് അഹ്മദിയ്യത്തിന്റെ എല്ലാ സത്യങ്ങളും തത്ത്വങ്ങളും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

അടുത്ത വെള്ളിയാഴ്ച അദ്ദേഹം തന്റെ അനുജനെയും കൂട്ടി മടിക്കേരി അഹ്മദിയ്യാ മുസ്‌ലിം പളളിയിൽ വരുകയും ജുമുആക്ക് ശേഷം ഇരുവരും ബൈഅത്ത് ചെയ്യുകയും ചെയ്തു.

**ഗോണികുപ്പയിൽ തബ്‌ലീഗ്**

മഹ്ബൂബ് സാഹിബ് ജമാഅത്തിൽ പ്രവേശിച്ച ശേഷം ഗോണി കുപ്പയിൽ സജീവമായ നിലയിൽ തബ്‌ലീഗ് പ്രവർത്തനമാരംഭിച്ചു. മടിക്കേരി ജമാഅത്ത് അതിന് എല്ലാ സഹായ സഹകരണങ്ങൾ ചെയ്യുകയും മൊയ്തീൻകുട്ടി മൗലവി സാഹിബിനെ ഇടക്കിടക്ക് ഗോണികുപ്പയിലേക്കയച്ചു കൊടുക്കുകയും മടിക്കേരി ജമാഅത്തിലെ പല അംഗങ്ങളും ഗോണികുപ്പയിൽ വന്ന് തബ്‌ലീഗ് പ്രവർത്തനങ്ങളിൽ ഭാഗവാക്കുകയും ചെയ്തു.

**എതിർപ്പും ബഹിഷ്കരണവും**

മഹ്ബൂബ് സാഹിബിന്റെ തബ്‌ലീഗ് മുഖേന ബശീർ എന്ന ഒരു ചെറുപ്പക്കാരൻ ബൈഅത്ത് ചെയ്തു. അതോടുകൂടി ഗോണികുപ്പയിൽ അതിശക്തമായ എതിർപ്പുകൾ ആരംഭിച്ചു. അവിടെയുള്ള ഹനഫീപള്ളിയിൽ ഉണ്ടായിരുന്ന ഖത്തീബും തബ്‌ലീഗ് ജമാഅത്തിന്റെ പ്രവർത്തകരും പള്ളി കമ്മിറ്റിയും എല്ലാ നിലയിലും ഈ പ്രസ്ഥാനത്തെ മുളയിൽ തന്നെ നുള്ളിക്കളയാനുള്ള ആസൂത്രിതമായ നീക്കങ്ങൾ ആരംഭിച്ചു. മഹ്ബൂബ് സാഹിബിന് അന്ന് ഒരു ലോറിയുണ്ടായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ ഉപജീവന മാർഗം. സ്വാമി എന്ന് പേരായ തമിഴ്നാട് സ്വദേശിയായ ഒരു സുഹൃത്ത് ഗോണികുപ്പയിൽ കെട്ടിട നിർമാണ ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന് കല്ലുകൾ വിതരണം ചെയ്തിരുന്നത് മഹ്ബൂബ് സാഹിബായിരുന്നു. അദ്ദേഹത്തിന് ഹിന്ദു വേദ ശാസ്ത്രങ്ങളും ബൈബിളും അറിയാമായിരുന്നു. മഹ്ബൂബ് സാഹിബിന്റെ തബ്‌ലീഗ് മുഖേന അദ്ദേഹം മടിക്കേരിയിൽ വരുകയും

ഒരു വെള്ളിയാഴ്ച്ച ജുമുആക്ക് ശേഷം മൗലവി മൊയ്തീൻ കുട്ടി സാഹിബ് മുഖേന ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. വികാരനിർഭരമായിട്ടാണ് അദ്ദേഹത്തിന്റെ ബൈഅത്ത് നടന്നത്. പിന്നീട് തബ്‌ലീഗ് രംഗത്തേക്ക് എടുത്ത് ചാടുകയാണുണ്ടായത്. ശത്രുക്കളുടെകോപാഗ്നി തന്മൂലം ആളിക്കത്താൻ തുടങ്ങി.

ആ ദിനങ്ങളിൽ ലോഡ്ജുകളിൽ റൂം വാടകക്കെടുത്ത്സൗഹാർദ പൂർവം അന്വേഷകരെയും അനുഭാവികളെയും റൂമിൽ വിളിച്ച് തബ്‌ലീഗ് ചെയ്യുകയായിരുന്നു. അഹ്മദിയ്യത്തിനോട് ശത്രുത പുലർത്തിയിരുന്ന പള്ളിക്കമ്മിറ്റി സെക്രട്ടറി ഇസ്മാഈൽ എന്ന ആൾ ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ ലോഡ്ജ് ഉടമകളെപ്പോലും റൂം നൽകുന്നതിൽ നിന്നും തടയുകയുണ്ടായി. അങ്ങനെ നമ്മുടെ തബ്‌ലീഗ് പ്രവർത്തനം സ്തംഭിപ്പിക്കാൻ ശ്രമിച്ചു. കൂടാതെ നമുക്കെതിരിൽ എല്ലാവരേയും ഇളക്കിവിടുകയും കുട്ടികളെ കൊണ്ട് Kick out Qadiani Kickout mirza എന്നിങ്ങനെ ചുമരെഴുത്തുകൾ നടത്തിക്കുകയും ചെയ്തു. മഹ്ബൂബ് സാഹിബിന്റെ ചെറിയ വീട്ടിലായിരുന്നു ജമുആയും തബ്‌ലീഗ് പ്രവർത്തന ങ്ങളും ചർച്ചാ ക്ലാസുകളും എല്ലാം നടത്തിക്കൊണ്ടിരുന്നത്. 1995ൽ നാഷണൽ തബ്‌ലീഗ് ദിനത്തിൽ മഹ്ബൂബ് സാഹിബും, കൺസ്ട്രക്ഷൻ രംഗത്തെ അഹ്മദി സുഹൃത്തും മൗലവി മൊയ്തീൻ കുട്ടി സാഹിബും പുസ്തകങ്ങളും നോട്ടീസുകളുമായി തബ്‌ലീഗിന് പോവുകയും അതേ തബ്‌ലീഗ് ദിനത്തിൽ തന്നെ പ്രസ്തുത ഇസ്മാഈലും അദ്ദേഹത്തിന്റെ രണ്ട് ആൺമക്കളും മൈസൂരിൽ നിന്ന് മടങ്ങി വരുന്ന വഴി കാറപകടത്തിൽ സംഭവസ്ഥലത്ത് വെച്ച് തന്നെ മരണപ്പെടുകയും പത്രങ്ങളിൽ ഫോട്ടോ സഹിതം വാർത്ത വരികയും ചെയ്തു.

പിന്നീട് ജീവിത പ്രയാസം മൂലം മഹ്ബുബ് സാഹിബിന് തന്റെ ലോറി വിൽക്കേണ്ടിവരികയും അഹോവൃത്തിക്ക് വേണ്ടി ഒരു ചെറിയ ചായക്കട ആരംഭിക്കുകയും ചെയ്തു. ശത്രുക്കളുടെ എതിർ പ്പുകൾ മൂലം മുസ്‌ലിംകൾ കട ബഹിഷ്കരിച്ചിരുന്നു. ചായക്കടയിലും തബ്‌ലീഗ് ചെയ്തിരുന്ന കാരണത്താൽ മഹ്ബൂബ് സാഹിബിനെ അടിക്കാനും ദേഹോപദ്രവം ഏൽപ്പിക്കാനും സാമ്പത്തിക നഷ്ടം ഉണ്ടാക്കാനും ശ്രമിച്ചു. അതിൽ നിന്നെല്ലാം അദ്ദേഹം രക്ഷപ്പെടുകയും ശത്രുക്കൾ ഒന്നൊന്നായി പലതരം വിപത്തുകളിലും പെട്ട് നാശമടയുകയും ചെയ്തു. എല്ലാ പ്രകോപനങ്ങളും ഉണ്ടാക്കിയിരുന്ന സ്ഥലം പള്ളി ഖത്തീബ് ഒരു സ്ത്രീ പീഡനക്കേസിൽ അകപ്പെട്ട് കമ്മിറ്റി അദ്ദേഹത്തെ അവിടെ നിന്ന് പിരിച്ചുവിടുകയും നാണംകെട്ട് നാടുവിടുകയും ചെയ്തു.

**ബൈഅത്തുകൾ**

തുടർന്ന് സംവാദങ്ങളും, ചർച്ചകളും പൊതുപ്രസംഗവും നടത്തിയപ്പോൾ പൊതുപ്രസംഗത്തിനും മറ്റു പലവിധത്തിലും കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചു. ജമാഅത്തിന്റെ എതിർപ്പിന് സജീവ നേതൃത്വവും സഹായവും നൽകിയ ഒരു വലിയ എതിരാളിയുടെ രണ്ട് ആൺമക്കൾ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ജനാബ് ഇഖ്ബാലും ജബ്ബാറും. തുടർന്ന് പിന്നെയും ബൈഅത്തുകൾ ഉണ്ടായിക്കൊണ്ടിരുന്നു.

**പള്ളിയുടെ ആവശ്യം**

മഹ്ബൂബ് സാഹിബിന്റെ കൊച്ചു വീട്ടിലെ ഇടുങ്ങിയ മുറികളിൽ വെച്ചായിരുന്നു സ്ത്രീകളും കുട്ടികളുമടങ്ങുന്ന ജമാഅത്തംഗങ്ങൾ ജുമുഅ നമസ്കാരങ്ങളും ജമാഅത്തും തർബിയ്യത്ത് യോഗങ്ങളും തഅ്ലിം ക്ലാസുകളും നടത്തിക്കൊണ്ടിരുന്നത്. പിന്നീട് മർഹൂം സി.കെ. അബ്ദുൽ ഗഫൂർ സാഹിബും കണ്ണൂർ ജമാഅത്തിലെ പ്രമുഖ അംഗമായ മുൻ കേരള അമീർ മൻസൂർ സാഹിബിന്റെ അനുജൻ ജ. ബി. മുബാറക് അഹ്മദ് സാഹിബും, മൗലവി മൊയ്തീൻകുട്ടി സാഹിബും ഗോണികുപ്പയിൽ വരുകയും സ്ഥലപരിമിതി മനസ്സിലാക്കി മുബാറക് സാഹിബ് 20 സെന്റ് സ്ഥലം മെയിൻറോഡിന് അടുത്ത് തന്നെ വാങ്ങിക്കൊടുക്കുകയും ചെയ്തു.

പ്രസ്തുത സ്ഥലത്ത് പള്ളി നിർമാണം ആരംഭിച്ചപ്പോൾ പഞ്ചായത്തിന്റെയും കോടതിയുടെയും സ്റ്റേ ഓർഡർ ശത്രുക്കൾ വാങ്ങിക്കുകയും ചെയ്തു. അഹ്മദികളുമായി സ്നേഹത്തിൽ വർത്തിച്ചിരുന്ന ഹിന്ദുക്കൾക്കിടയിലും അഹ്മദിയ്യത്തിനെതിരെ പ്രചാരണം നടത്തി.

**വീണ്ടും ബൈഅത്തുകൾ**

ഗോണികുപ്പക്കടുത്ത് ഗ്രാമപ്രദേശമായ അമ്പട്ടി എന്ന സ്ഥലത്ത് മൗലവി നൗശാദ് സാഹിബ് ബൈഅത്ത് ചെയ്തു. അദ്ദേഹം മതപരമായി പല ഗ്രന്ഥങ്ങളും പഠിച്ച ആളും ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കിയ ആളുമായിരുന്നു. മർഹൂം ഡോ. മൻസൂർ സാഹിബും, അദ്ദേഹത്തിന് തബ്‌ലീഗ് ചെയ്തിരുന്നു. അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ സഹോദരന്മാരും സഹോദരികളും മാതാവും മാതാമഹനും മാതാമഹിയും ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

കുറച്ച് നാളുകൾക്ക് ശേഷം അദ്ദേഹത്തിന്റെ പിതാവും ബൈഅത്ത് ചെയ്തു. ഗോണികുപ്പ ഏകദേശം 50ൽ താഴെ അംഗങ്ങളുള്ള ഒരു ജമാഅത്തായിത്തീർന്നു.

**തബ്‌ലീഗ് സംവാദങ്ങൾ**

തബ്‌ലീഗ് സംവാദത്തിന് വേണ്ടി എതിരാളികൾ അഹ്മദികളെ വിളിച്ചിരുന്നു. ഒരിക്കൽ ഒരു വീട്ടിൽ വെച്ചായിരുന്നു സംവാദം. അതിന് അവരുടെ മൗലവിയും അഹ്മദികളുടെ ഭാഗത്ത് നിന്ന് മൗലവി മൊയ്തീൻ കുട്ടി സാഹിബും മഹ്ബൂബ് സാഹിബും സമീർ സാഹിബും മടിക്കേരി ഖാഇദായിരുന്ന ജെ.എം. ശരീഫ് സാഹിബും പങ്കെടുത്തിരുന്നു, എന്നാൽ സംവാദം എതിരാളികൾ അലങ്കോലപ്പെടുത്തുകയും അഹ്മദികളെ കൈയേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ചില ഹിന്ദു സഹോദരന്മാർ ഇടപെടുകയും പോലീസിനെ വിളിച്ചുവരുത്തുകയും ചെയ്ത് രംഗം ശാന്തമാക്കുകയാണുണ്ടായത്.




# വിശ്വമാനവികതയുടെ **പ്രവാചകൻ**

ഡോ. കെ. കെ. എൻ. കുറുപ്പ്

മലയാളത്തിലും മറ്റു ലോകഭാഷകളിലും മുഹമ്മദ് നബി (സ) യെപ്പറ്റി അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷം കണ്ണൂരിലെ സമയം പബ്ലിക്കേഷൻസ് പ്രൊഫ. ബി.മുഹമ്മദ് അഹ്മദ് രചിച്ച "മുഹമ്മദ് നബി സ്നേഹസാഗരം" എന്ന ഒരു പഠനം മലയാളത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. മറ്റു പല ജീവചരിത്രപഠനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി അത്യന്തം സവിശേഷതകൾ പുലർത്തുന്ന ഒരു വായനാനുഭവമാണ് ഈ പഠനം അനുവാചകരിലെത്തിക്കുന്നത്. പ്രവാചകനെപ്പറ്റി രചിക്കപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളും പഠനങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രത്യേകം അദ്ധ്യായങ്ങളിലായിട്ടാണ് ഇത് രചിക്കപ്പെട്ടിട്ടുള്ളത്. ഈ അദ്ധ്യായങ്ങളിലെല്ലാം തന്നെ പ്രവാചകജീവിതചിത്രം അവതരിപ്പിക്കുന്നതോടെ ഒരു വ്യക്തിയെന്ന നിലയിലും സാമൂഹ്യപരിഷ്കർത്താവെന്ന നിലയിലും ഒരു ദാർശികനെന്ന നിലയിലും ഏകദൈവവിശ്വാസിയെന്ന നിലയിലും ഇസ്ലാം മതം അവതരിപ്പിച്ച അനന്യവീക്ഷണത്തിന് സാക്ഷിയായ ആചാര്യനെന്ന നിലയിലും ഉള്ള ആ വ്യക്തിത്വത്തെ പാണ്ഡിത്യത്തിന്റെ പ്രചരണ കോലാഹലങ്ങളില്ലാതെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു. എന്നാൽ സമകാലികരായ വ്യാഖ്യാതാക്കളുടേയും മറ്റു ചിന്തകരുടേയും ഉദ്ധരണികളിലൂ

---

ഒരിക്കൽ മഹ്മൂദ് സാഹിബിന്റെ വീട്ടിൽ വെച്ച് പ്രസംഗ പരിപാടി സംഘടിപ്പിച്ചു. മൊയ്തീൻകുട്ടി സാഹിബ് പ്രസംഗം നടത്തി. ഗോണികുപ്പയിലെയും മടിക്കേരിയിലെയും കുറെ അഹ്മദികൾ പങ്കെടുത്തിരുന്നു. അവർ പോലീസിനെ വരുത്തി. പോലീസ് വന്ന് മൈക്ക് പെർമിഷൻ പരിശോധിച്ചു. ഇവർക്ക് അനുവാദം ഉണ്ടല്ലോ ഇവർ പ്രസംഗിക്കട്ടെ എന്ന് പറഞ്ഞു.

തുടർന്ന് അസഭ്യങ്ങൾ പറയുകയും, പ്രകോപനമുണ്ടാക്കുകയും ചെയ്തെങ്കിലും അഹ്മദികൾ അങ്ങേയറ്റം സഹനം കൈക്കൊണ്ടതുകൊണ്ട് അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല.

ഒരിക്കൽ ആർ.എസ്.എസ്. കാരെ നമുക്കെതിരിൽ ഇളക്കിവിട്ടു. അവർ മഹ്ബൂബ് സാഹിബിന്റെ വീട്ടിൽ വന്നു. മഹ്ബൂബ് സാഹിബ് ശ്രീകൃഷ്ണനും ശ്രീരാമനും പുണ്യാത്മാക്കളാണ് എന്ന് വിശ്വസിക്കുന്നവരാണ് തങ്ങളെന്നും കലികാല കൽക്കി അവതാരത്തിൽ വിശ്വസിക്കുന്നവരാണെന്നും ദേശസ്നേഹം ഈമാന്റെ ഭാഗമാണെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്നും അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അവർക്ക് മൈത്രി സന്ദേശം എന്ന പുസ്തകം കൊടുക്കുകയും ശാന്തരായി അവർ പിരിഞ്ഞുപോവുകയും ചെയ്തു.

ഒരിക്കൽ മഹ്ബൂബ് സാഹിബിന്റെ മാതാവിനെ (അഹ്മദിയ്യത്തിന് എതിരായി) കൂട്ടുപിടിച്ച് മഹ്ബൂ ബിനെ വീട്ടിൽ നിന്ന് ഇറക്കിവിടാൻ ആസൂത്രണം ചെയ്യുകയും ഗുണ്ടകളെ ഇളക്കിവിടുകയും ചെയ്തു. ആ സന്ദർഭത്തിൽ മൗലവി മൊയ്തീൻ കുട്ടി സാഹിബ് മഹ്ബൂബ് സാഹിബിന്റെ വീട്ടിലുണ്ടായിരുന്നു. മഹ്ബൂബ് സാഹിബും മൗലവി സാഹിബും രാത്രി അവരുടെ കണ്ണിൽ പെടാതെ മടിക്കേരിയിൽ പോയി അഭയം പ്രാപിച്ചു.

ഒരിക്കൽ കൊടുങ്ങല്ലൂർ സ്വദേശിയായ മുഹമ്മദ് യൂസുഫ് സാഹിബ് അവിടെ തബ് ലീഗ് ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹത്തെ കിഡ്നാപ്പ് ചെയ്തുകൊണ്ട് സുന്നി പള്ളിയിൽ കൊണ്ടുപോയി ഭീഷണി സ്വരത്തിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മഹ്ബൂബ് സാഹിബ് കേട്ടറിഞ്ഞ് ഓടിയെത്തി പള്ളിയിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ച് വീട്ടിലേക്ക് കൂട്ടി വരികയും ചെയ്തു.

അൽഹംദുലില്ലാഹ്! അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഇപ്പോൾ ഗോണിക്കുപ്പയിൽ സാമാന്യം എല്ലാ സൗകര്യങ്ങളുമുള്ള ഒരു പള്ളിയും മുബല്ലിഗ് കോർട്ടേഴ്സും സ്ഥാപിച്ചിരിക്കുന്നു. അടുത്തുതന്നെ പണി പൂർത്തീകരിക്കും. (ഇ.അ) ഈ പള്ളിക്ക് സംഭാവന നൽകിയ ഖാദിയാൻ കേന്ദ്രത്തേയും ജമാഅത്ത് അഹ്മദിയ്യാ – മടിക്കേരി, മംഗലാപുരം, ബാംഗ്ലൂർ ജമാഅത്തുകളേയും മറ്റുസഹായങ്ങൾ നൽകിയ എല്ലാവരേയും നന്ദിപൂർവം സ്മരിക്കുന്നു, അല്ലാഹു അവർക്കെല്ലാം തക്കതായ പ്രതിഫലം നൽകട്ടെ. ആമീൻ.

ടെയും ആധുനികരായ മലയാള കവികളുടെ ചിന്താധാരകളിലൂടെയും പ്രവാചകന്റെ മാനവികതയെ ഈ ഗ്രന്ഥകർത്താവ് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രത്യേകത ഈ ഗ്രന്ഥത്തെ മറ്റു മലയാള പഠനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

സ്നേഹത്തിന്റെ ജീവിതപ്പാത യെന്ന പേരിൽ ഡോ.കെ.എച്ച്.സുബ്രഹ്മണ്യൻ എഴുതിയ അവതാരികയോടെ മനസ്സിൽ പെയ്തിറങ്ങിയ സ്നേഹമഴ എന്ന ഗ്രന്ഥകാരന്റെ ആമുഖത്തോടെ ആരംഭിക്കുന്നു. ആമുഖത്തിൽ ലോകത്തിലെ ഇന്നത്തെ കുഴപ്പങ്ങൾക്കു പിന്നിൽ മതങ്ങളല്ലെന്നും ക്ഷണപ്രഭാചഞ്ചലങ്ങളായ ഭോഗങ്ങളാണെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ലോകത്തിന്റെ എൺപതുശതമാനം വിഭവങ്ങളും ലോകജനസംഖ്യയുടെ നാലുശതമാനം കയ്യടക്കുന്ന സ്ഥിതിയാണ് നിലനില്ക്കുന്നതെന്നും അവയുടെ ഭോഗലാലസതയും അതിനെതിരെ ഉയരുന്ന ചെറുത്തുനില്പും ആണ് പ്രശ്നങ്ങളുടെ അടിസ്ഥാനമെന്നും കാണേണ്ടിവരുന്നു. അത്തരം ആധുനികപശ്ചാത്തലത്തിൽ ലോകമാനവികതയുടേയും സ്നേഹത്തിന്റേയും പ്രവാചകന്റെ സന്ദേശമെന്താണെന്ന ഒരു മൂല്യാങ്കനമാണ് ഈ ഗ്രന്ഥം നടത്തുന്നത്. പതിനൊന്ന് അധ്യായങ്ങളിലായി പ്രവാചകന്റെ ചിന്തകളേയും ചര്യകളേയും കോർത്തിണക്കി ഒരു പുഷ്പഹാരം പോലെ മനോഹരമാക്കി സജ്ജീകരിക്കപ്പെട്ട ഈ പഠനം മറ്റു ജീവചരിത്രരചനകളിൽ നിന്നും വ്യത്യസ്തമാണ്. പ്രൊഫ. മുഹമ്മദ് അഹ്മദിന്റെ ബന്ധുവും അകാലത്തിൽ അപകടമൃത്യു വരിക്കുകയും ചെയ്ത റിയാസിന്റെ ഓർമയിൽ സമർപ്പിതമായ ഈ പഠനം യുവാക്കളുടെ സമൂഹത്തെ ലോകമാനവികതയുടെ പൂമുഖത്തേക്ക് ആനയിപ്പിക്കുവാൻ ശക്തമായ ഒരു ദാർശനിക കൃതി കൂടിയാണ്.

പ്രവാചകന്റെ ജീവിതത്തെ മരുഭൂമിയിലെ മരുപ്പച്ച, സ്നേഹസാഗരം, പാവങ്ങളോടുള്ള സ്നേഹം, അടിമകളുടെ വിമോചനം, സ്ത്രീകളോടുള്ള മനോഭാവം, സ്നേഹത്തിന്റെ നാനാതലങ്ങൾ, സമാധാനത്തിന് വിശ്വസാഹോദര്യം, യുദ്ധവും സമാധാനവും, മതനിന്ദയും മതയുദ്ധവും, വിദ്യാഭ്യാസത്തിന്റെ നന്മ, സ്വഭാവമഹത്വത്തിലൊരു സ്നേഹസ്വരൂപൻ എന്നീ അദ്ധ്യായങ്ങളിലൂടെ പ്രവാചകന്റെ ജീവിതചിത്രം ഈ ഗ്രന്ഥകർത്താവു രേഖപ്പെടുത്തുന്നു. ഉപയോഗപ്പെടുത്തിയ പ്രശസ്ത അറബി ഗ്രന്ഥങ്ങളുടേയും ഇംഗ്ലീഷുഗ്രന്ഥങ്ങളുടേയും വിവർത്തനങ്ങളും മലയാളഗ്രന്ഥങ്ങളും ഗ്രന്ഥസൂചിയിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും ഈ പഠനത്തിലുപയോഗപ്പെടുത്തിയ ഒരു പഠനം ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ തിരുനബി ചരിത്രം (വിവ. എൻ. അബ്ദുറഹീം) എന്നതാണ്. ഇസ്‌ലാമിന്റെ മനുഷ്യാവകാശ സംബന്ധമായ കാഴ്ചപ്പാടുകൾ സർ സഫറുല്ലാഖാന്റെ ഗ്രന്ഥത്തിൽ നിന്നും ഉദ്ധരിക്കുന്നു.

ജനനം മുതൽ മരണം വരെയുള്ള പ്രവാചകന്റെ പ്രവർത്തനങ്ങളും വിശ്വമാനവികതയുടെ പ്രചാരണവും ജീവിതവീക്ഷണവും ഈ അദ്ധ്യായങ്ങളിലായി വ്യവഹരിക്കപ്പെടുന്നു. മക്കയിൽ നിന്നും മദീനയിലേക്കുള്ള പലായനം, ഖുറൈശികളുമായുള്ള സമഗ്രസന്ധി, കുടുംബജീവിതം, ബിലാൽ തുടങ്ങിയ അടിമകളുടെ മോചനം, സമ്പത്തിനെ സക്കാത്തിലൂടെ ജനങ്ങളിലെത്തിക്കൽ, വിശ്വസ്തന്റെ ജീവിതചര്യ എന്നിങ്ങനെ ബഹുമുഖമായ ജീവിതചിത്രങ്ങൾ ഇതിൽ ചിത്രണം ചെയ്യപ്പെടുന്നു. ഗോത്രസമൂഹങ്ങളുടെ പ്രാകൃതാചാരങ്ങളിൽ നിന്നും ഒരു പരിഷ്കൃത ഇസ്‌ലാമിക സമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഒരു ധീര യോദ്ധാവെന്ന നിലയിലും സമാധാന ദൂതനെന്ന നിലയിലും ഒരു ഭരണകർത്താവെന്ന നിലയിലും പ്രവാചകൻ നിർവഹിച്ച പ്രവർത്തനങ്ങൾ ഈ അദ്ധ്യായങ്ങളിൽ മുസ്‌ലിം, ബുഖാരി തുടങ്ങിയ പണ്ഡിതന്മാരുടെ ഉദ്ധരണികളോടെ ആവിഷ്കരിച്ചിരിക്കുന്നു. തന്റെ സമൂഹത്തിലെ അടിമകളേയും സ്ത്രീകളേയും വിമോചനത്തിലേക്ക് ഉദ്ധരിച്ചുകൊണ്ട് പ്രവാചകൻ നടത്തിയ പ്രവർത്തനങ്ങൾ, അതിന് വേണ്ടി അന്യസമൂഹങ്ങളെ സന്നദ്ധമാക്കൽ, മതസഹിഷ്ണുതയുടെ പ്രചാരണം തുടങ്ങിയ അനേകം സംഭവങ്ങൾ ഇവിടെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇന്നു ചില തല്പരകക്ഷികൾ ഇസ്‌ലാമിനെ തീവ്രവാദത്തിന്റെ പര്യായമെന്നോണം പലേടങ്ങളിലും പല സംഘടനകളിലൂടെ അവതരിപ്പിക്കുമ്പോൾ ഇസ്‌ലാം ഒരു മതമെന്ന നിലയിൽ ആ പ്രവർത്തനങ്ങളെ എല്ലാകാലത്തും അപലപിക്കുകയും നിരോധിക്കുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത ഈ ഗ്രന്ഥം ഊന്നിക്കാട്ടുന്നു. ജിഹാദ് എന്ന ആശയം എവിടെയാണ്, ഏതർഥത്തിലാണ് സ്വീകരിക്കേണ്ടതെന്നുള്ള പ്രവാചക സങ്കല്പം ഈ ഗ്രന്ഥം എടുത്തുപറയുന്നു. അതുപോലെ സ്ത്രീകളുടെ സ്വാതന്ത്ര്യവകാശവും വിമോചനവും വിദ്യാഭ്യാസവും എല്ലാം ആധികാരികമായി ചർച്ച ചെയ്യുന്നു. പൗരോഹിത്യം എത്ര മാത്രം ഇസ്‌ലാമിക ആശയങ്ങളെ വികലമാക്കുന്നുവെന്ന ചിന്തയും ഗ്രന്ഥകാരൻ തന്റെ പ്രതിപാദനത്തിൽ വ്യക്തമാക്കുന്നു.

ഹ്രസ്വമായി പ്രതിപാദിച്ചാൽ, പ്രവാചകനെപ്പറ്റി ഇത്രയും നല്ല വായനാനുഭവം നല്കുന്ന മറ്റൊരു ഗ്രന്ഥം മലയാളത്തിൽ വന്നിട്ടില്ലെന്നു പറയാം. പാണ്ഡിത്യത്തിന്റെ പ്രക്ഷുബ്ധ പ്രകടനത്തേക്കാൾ, ഹൃദയത്തിലേക്ക് സ്നേഹത്തിന്റെ ഭാഷയിൽ കടന്നുചെല്ലുവാനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥകാരൻ നടത്തുന്നത്. ഈ ഗ്രന്ഥത്തിന്റെ രചനാവൈഭവവും അതാണെന്നു പറയാം. ഒരുപക്ഷേ കാലാതീതമായ ചിന്തകളുടെ ഒരു പ്രഭവസ്ഥാനത്തെ കാലാതീതമായ സ്നേഹത്തിന്റെ ഭാഷയോടെ ചിത്രീകരിക്കുവാനുള്ള ഒരെളിയ പരിശ്രമമാണ് ഈ ഗ്രന്ഥം. അതിന്റെ വിജയവും ഇതാണെന്നു പറയാം. അഭിനന്ദനങ്ങൾ.

# ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂണിന് അഹ്മദിയ്യാ ബാലികയുടെ കത്ത്

ബ്രിട്ടനിൽ മുസ്‌ലിം സ്ത്രീകൾ ശിരോവസ്ത്രം ധരിച്ചാലും ഇംഗ്ലീഷ് ഭാഷ സംസാരിക്കാതിരുന്നാലും ബ്രിട്ടനിൽ നിന്ന് പുറത്ത് പോവേണ്ടി വരുമെന്ന ബ്രിട്ടീഷ് പ്രധാന മന്ത്രി ഡേവിഡ് കാമറൂൺ നടത്തിയ പരാമർശത്തിനെതിരെ ബ്രിട്ടനിൽ താമസിക്കുന്ന മലയാളി കാശ്മീരി ദമ്പതികളുടെ എട്ട് വയസ്സുകാരി സാദിയാ റഹ്മാൻ തന്റെ ആകുലതകളും ആഗ്രഹങ്ങളും വിശേഷങ്ങളും പങ്ക് വെച്ച്കൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രിക്കെഴുതിയ എഴുതിയ കത്ത്, ബ്രിട്ടനിൽ നിന്ന് പുറപ്പെടുന്ന പ്രശസ്തമായ The Indipendent പത്രം (Monday 25 January 2016) സാദിയായുടെ കൈപ്പടയിൽ തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിലെ ഹബീബ് സാഹിബി (മാഹി) ന്റെ പേരമകളാണ് ഈ കൊച്ചു മിടുക്കി. കത്തിന്റെ വിവർത്തനം. *(വിവ: സമീറ സാജിദ്, ചാലക്കര, മാഹി.)*

സർ

ഞാൻ സാദിയ, ഞാൻ ഒരു എട്ടുവയസ്സുകാരിയാണ്. ഒരു ദിവസം ഞാനും എന്റെ സഹോദരനും ഞങ്ങളുടെ മാതാപിതാക്കന്മാർ സംസാരിക്കുന്നത് കേട്ടു. ഡേവിഡ് കാമറൂൺ മുസ്‌ലിം ഉമ്മമാരെക്കുറിച്ച് പറഞ്ഞതായിരുന്നു വിഷയം. അത്

ഞങ്ങളുടെ ഉമ്മയെക്കുറിച്ചായിരിക്കുമെന്ന് ഞങ്ങൾ കരുതി. ഞങ്ങൾ അവരിൽ നിന്ന് അകന്ന് നിൽക്കേണ്ടിവരുമെന്ന് ഓർത്ത് ഞങ്ങൾക്ക് വിഷമം തോന്നി. ഞങ്ങളുടെ ഉമ്മ ഞങ്ങളോട് ഇംഗ്ലീഷ് സംസാരിച്ചിരുന്നില്ല. അവർ ഇന്ത്യയിൽ നിന്നും ഈ രാജ്യത്തേക്ക് കുടിയേറിയതാണ്. ഉമ്മ ഡിഗ്രിക്ക് പഠിച്ചത് ഇംഗ്ലീഷ് സാഹിത്യമായതത് കൊണ്ട് അവരുടെ കാര്യത്തിൽ ഭയപ്പെടാനൊന്നുമില്ലെന്നാണ് ഉപ്പ പറഞ്ഞത്. അവർ ഞങ്ങളോട് ഉറുദുവിലാണ് സംസാരിച്ചത്. കാരണം ഞങ്ങൾ



സാദിയാ റഹ്മാൻ

ഉറുദു പഠിക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. മാത്രമല്ല അൽപ്പം വ്യത്യസ്തമായ അവരുടെ ഇംഗ്ലീഷ് സംസാര ശൈലി കേൾക്കുമ്പോൾ ഞങ്ങൾക്ക് ചിരിവരുന്നത് അവർക്ക് ഇഷ്ടവുമായിരുന്നില്ല. .

കുറച്ച് മാസങ്ങൾക്ക് മുമ്പ് ഞങ്ങൾക്കൊരു കുഞ്ഞനുജത്തി ഉണ്ടാവുന്നത് വരെ, ഒരു സന്നദ്ധ സേവകയായി അവർ സ്കൂളിൽ സഹായിക്കാനെത്താറുണ്ടായിരുന്നു. ഉപ്പ പറഞ്ഞു ഞങ്ങളുടെ ഉമ്മ കഴിവുള്ള സ്ത്രീയാണെന്നും മറ്റുള്ളവരെ സഹായിക്കുന്ന വരാണെന്നത് കൊണ്ടും ഒന്നു ഭയപ്പെടാനില്ലെന്ന് . പക്ഷേ മറ്റു കുട്ടികളെയും അവരുടെ മാതാക്കളേയും ഓർത്ത് എനിക്ക് വിഷമം തോന്നുന്നു. എങ്ങനെയാണവർക്ക് അവരുടെ മാതാക്കളെ പിരിഞ്ഞു നിൽക്കുന്നത് സഹിക്കാൻ പറ്റുക?



എന്റെ ഉമ്മ എപ്പോഴും പുറത്തു പോവുമ്പോൾ തലമറക്കുന്ന സ്കാർഫ് ധരിക്കുന്നത് ഞാൻ കാണാറുണ്ട്. ഞാനും സ്കാർഫ് ധരിക്കാറുണ്ട്. എനിക്ക് ഇഷ്ടമായത് കൊണ്ട്മാത്ര മാണ് ഞാനത് ധരിക്കാറുള്ളത്. അല്ലാതെ എന്റെ മാതാപിതാക്കൾ നിർബന്ധിക്കുന്നത് കൊണ്ടല്ല. ഒരിക്കൽ ഉപ്പ എന്നോട് ചോദിച്ചു. എപ്പോഴെങ്കിലും അത് ധരിക്കാൻ നിർബന്ധിക്കപ്പെട്ടതായി തോന്നിയിട്ടുണ്ടോ എന്ന് ? എന്റെ ഉത്തരം ഇല്ല എന്നായിരുന്നു.

എനിക്ക് ശരിക്കും ആളുകളെ സഹായിക്കുന്നത് ഇഷ്ടമാണ്. നവംബറിൽ ഫണ്ട് ശേഖരിക്കാൻ പോയി. ഞങ്ങളുടെ ചിത്രം പത്രത്തിൽ വന്നു. എന്റെ ക്ലാസ്സ് ടീച്ചർ പറഞ്ഞത് പ്രകാരം ക്ലാസിൽ ഒരു സംവാദം വെച്ചു. അതിൽ ഞാൻ കുട്ടികളോട് പറഞ്ഞു. ചിലർ കരുതുന്നത് പോലെ മുസ്ലിംകൾ ചീത്ത ആളുകളല്ല നല്ലവരാണ്. അവർ നല്ലവരാണ് എന്ന് കാണിക്കാൻ വേണ്ടിയാണ് ഞാൻ ഫോട്ടോയിൽ സ്കാർഫ് ധരിച്ചത്.

തീർച്ചയായും മുസ്ലിംകളിലും കുറച്ച് മോശം പേരുണ്ട്. എന്നാൽ എല്ലായിടത്തും അങ്ങനെയുള്ള ആളുകളില്ലേ?

വലുതാകുമ്പോൾ എനിക്ക് ഒരു എഴുത്ത് കാരിയും ശാസ്ത്രജ്ഞയും ആവണം. എനിക്ക് ആളുകളെ സഹായിക്കണം. എന്റെ ആദ്യത്തെ വലിയ കഥ ഇന്ന് വീട്ടിൽ വെച്ച് എഴുതി തീർത്തു. എന്റെ ഇഷ്ടപ്പെട്ട എഴുത്തുകാർ ഡേവിഡ് വില്യംസ്, വില്യം ഷേക് സ്പിയർ, ജെഫ് കിന്നെയ്, റോൾസ് ഡൽ, ടെഡ് ടെറി, ചാൾസ് ഡിക്കൻസ് എന്നിവരാണ്.

എന്റേതായ സൃഷ്ടികൾക്ക് ഞാൻ ഡേവിഡ് വില്യംസിന്റെ കഥയിലെ രസകരമായ മുഹൂർത്തങ്ങൾ ഉപയോഗിക്കാറുണ്ട്.

മി. ഡേവിഡ് കാമറൂൺ, അങ്ങ് ഞങ്ങൾ സ്കാർഫ് ധരിക്കുന്നത് നിർത്തലാക്കിയേക്കാം എന്ന് ഞാൻ കേട്ടു. സ്കാർഫ് ധരിച്ചുകൊണ്ട് തന്നെ എനിക്ക് എഴുത്ത്കാരിയും ശാസ്ത്ര ജ്ഞയും ആകണം. ആളുകളെ സഹായിക്കുമ്പോൾ സ്കാർഫ് ധരിക്കാൻ പറ്റാതായാൽ എനിക്ക് സങ്കടം വരും.

എന്ന് സാദിയാ റഹ്മാൻ

## ആധുനിക വിജ്ഞാനങ്ങൾ ആർജ്ജിക്കണം

ഹദ്റത്ത് അഹ്മദ് (അ)

ആധുനിക വിജ്ഞാനങ്ങൾ ആർജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്ന് ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചു വെക്കാൻ വേണ്ടിയാണ് അവരങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്ലാമിൽ നിന്നും അകറ്റിക്കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ തുറന്ന് കാട്ടാൻ അവർക്ക് കഴിവില്ലാത്തത് കൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചുപിടിക്കാൻ അവർ ശ്രമിക്കുകയത്രെ. ഭൗതികോന്മുഖ തത്ത്വശാസ്ത്രങ്ങളുടെ മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയും നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ കുമ്പിടുകയും ചെയ്യുന്നു. ദിവ്യവെളിപാടുകളിലൂടെ ഉടലെടുക്കുന്നതും വിശുദ്ധ ഖുർആനിൽ നിറഞ്ഞു തുളുമ്പുന്നതുമായ തത്ത്വചിന്തകൾ അവർക്ക് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. അങ്ങേയറ്റത്തെ വിനയത്തോടെയും ശൂന്യഭാവത്തോടും കൂടി ദൈവ സവിധത്തിൽ പ്രണിപതിക്കുന്നവർക്കും എല്ലാതരം അഹങ്കാരങ്ങളിൽ നിന്നും മനസ്സും ഹൃദയവും മുക്തമായിട്ടുള്ളവർക്കും തങ്ങളുടെ ദൗർബല്യങ്ങൾ ഏറ്റു പറഞ്ഞു കൊണ്ട് യഥാർഥ ദൈവദാസന്മാരെന്ന് സവിനയം സമ്മതിക്കുന്നവർക്കുമത്രെ ഈ ദർശനങ്ങൾ അനുവദിക്കപ്പെടുക. **(മൽഫൂസാത്ത് പേ. 65)**

കുറിപ്പുകൾ

# റസൂൽ തിരുമേനി(സ): ഒളിമങ്ങാത്ത ചരിത്രപുരുഷൻ

മുസാഫിർ

ചരിത്രത്തിന്റെ സ്ഫടികക്കൂട്ടിൽ സൂര്യസ്സമാനം വെട്ടിത്തിളങ്ങുന്ന മതപുരുഷനാണ് മുഹമ്മദ് നബി(സ). മറ്റൊരു മതപുരുഷനും റസൂൽ തിരുമേനി (സ) യെപോലെ ചരിത്രത്തിന് മുമ്പിൽ ഇത്രമേൽ മിഴിവോടെയും തെളിവോടെയും അവതരിക്കപ്പെട്ടിട്ടില്ല. അവിടുത്തെ ജീവിതവും ജീവിത സന്ദേശവും സൂക്ഷ്മാംശത്തിൽ പോലും കണ്ണാടിപോലെ വ്യക്തമാണ്. അവിടുന്ന് ഒരേസമയം മതപുരുഷനും ചരിത്രപുരുഷനുമാണ്. അവിടുത്തെ ജീവിതത്തിന്റെ ഓരോ അടക്കവും അനക്കവും രേഖപ്പെടുത്തപ്പെട്ടതാണ്. റസൂൽ തിരുമേനി(സ)യെ മറ്റു മതപുരുഷന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്ന സുപ്രധാന ഘടകം അതാണ്. കാര്യ ങ്ങൾ രേഖപ്പെടുത്തുവാൻ അത്യാധുനിക ഉപകരണങ്ങളുള്ള ഇക്കാലത്തെ ചരിത്രകാരന്മാരെ പോലും അമ്പരപ്പിക്കുന്നതരത്തിൽ അത്ഭുതകരമായ നിഷ്ക്കർശതയാണ് ഇക്കാര്യത്തിൽ പുരാതന മുസ്ലിം പണ്ഡിതന്മാർ കാണിച്ചിട്ടുള്ളത്.

റസൂൽ തിരുമേനി(സ) യുടെ വചനങ്ങൾ, പ്രവർത്തികൾ, മൗനാനുവാദങ്ങൾ, ജീവിത സംഭവ ങ്ങൾ മുത ലായവയുടെ നിവേദനം, ശേഖരണം, ക്രോഡീകരണം, പ്രമാണീകരണം മുതലായവയിൽ പാലിച്ച സൂക്ഷ്മതയും ജാഗ്രതയും മറ്റൊരു മതപുരുഷനിലോ ചരിത്ര പുരുഷനിലോ കാണാൻ സാദ്ധ്യമല്ല. നിവേദനം ചെയ്ത ഹദീസുകൾ മാത്രമല്ല അത് ആരിൽ നിന്ന് എപ്പോൾ എങ്ങനെ സ്വീകരിച്ചു. സ്വീകർത്താവായ നിവേദകന്റെ ജീവിത വിശുദ്ധി, ദേശം, കുടുംബം, വംശം, ഗ്രഹണ പാടവം, നിവേദന പ്രമേയം വിനിമയം ചെയ്യാൻ കാണിച്ച സൂക്ഷ്മത മുതലായവയെല്ലാം കർശനമായ പരിശോധനക്ക് വിധേ യമാക്കുകയുണ്ടായി. റസൂൽ തിരുമേനി(സ) യുടെ പ്രവർത്തികളും വചനങ്ങളും അതേപടി അനുകരിച്ചും പകർന്ന് നൽകിയും മുസ്ലിംകൾ അത് തലമുറകൾക്ക് കൈമാറി. ഹദീസ് നിവേദനത്തിന് തനതായ ഒരു രീതി ശാസ്ത്രം തന്നെ മുസ്ലിംകൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഉലൂമുൽ ഹദീസ് (ഹദീസ് വിജ്ഞാനീയം), ഉസൂലുൽ ഹദീസ് (ഹദീസ് നിദാന തത്ത്വങ്ങൾ) എന്നീ രണ്ട് ബൃഹത്താ യ വിജ്ഞാന ശാഖകൾ ഇസ്ലാം മത സാഹിത്യത്തിൽ കാണാം. ഹദീസിനെ ശാസ്ത്രീയ പരിശോധ നക്കായി രണ്ടായി വിഭജിച്ചിരി ക്കുന്നു. ഹദീസിന്റെ പ്രവാചകനിൽ നിന്നുള്ള ഉറവിടം, ഹദീസിന്റെ പാരായണ വിശുദ്ധി, നിവേദന പരമ്പര, അതിന്റെ ചരിത്രം മുതലായ വയുമായി ബന്ധപ്പെട്ട ശാഖയെ 'ഇൽമുൽ ഹദീസ് റിവായത്തൻ' എന്ന് പറയുന്നു. മറ്റൊന്ന് ഹദീസി ന്റെ സ്വീകാര്യ-നിരാകരണ യുക്തി യുമായി ബന്ധപ്പെട്ട 'ഇൽമുൽ ഹദീസ് ദിറായത്തൻ' ആണ്. ലക്ഷക്കണക്കിന് ഹദീസുകൾ ഇന്നും കൈയെഴുത്ത് പ്രതികളായി തന്നെ നിൽക്കുന്നു. ഇമാം ബുഖാരിയുടെ സഹീഹുൽ ബുഖാരിയാണ് ഏറ്റവും ആധികാരികമായ ഹദീസ് ഗ്രന്ഥം. ഗ്രന്ഥകാരന് ഒരു ലക്ഷം ഹദീസുകൾ ഹൃദിസ്ഥമായിരുന്നു. മൂന്ന് ലക്ഷത്തോളം ഹദീസുകൾ പരിശോധനക്ക് വിധേയമാക്കിയാണ് ബുഖാരി ഇമാം തന്റെ സഹീഹിൽ 7275 ഹദീസുകൾ ക്രോഡീകരിച്ചത്. അതിൽ ആവർത്തിച്ചു വരുന്ന ഹദീസുകൾ ഒഴിവാക്കിയാൽ 4000 ഹദീസുകൾ മാത്രമാണുള്ളത്. ഇമാം അഹ്മദ്ബ്നു ഹംബൽ തന്റെ ഹദീസ് ഗ്രന്ഥമായ മുസ്നദിൽ ഏഴര ലക്ഷം (7,50,000) ഹദീസുകൾ സൂക്ഷ്മമായി പരിശോധിച്ചതിന് ശേഷമാണ്. 30,000 ഹദീസുകൾ ക്രോഡീക രിച്ചത്. അങ്ങനെ മുഹമ്മദ് നബി(സ) യുടെ ചിത്രം ചരിത്രത്തിൽ സമ്പൂർണമാണ്.

മുഹമ്മദ് നബി (സ) ഇതിഹാസവത്ക്കരണത്തിനോ ദൈവവത്ക്കരണത്തിനോ വിധേയനാകാത്ത മതപുരുഷനാണ്. ദൈവം മാത്രമാണ് ആരാധ്യൻ താൻ ഒരു മനുഷ്യനായ ദൈവദൂതൻ മാത്രമാണ് എന്നതായിരുന്നു അവിടുത്തെ ദൗത്യസാരം. അവിടുന്ന് ഒരു സമ്പൂർണ മാർഗദർശകനായിരുന്നു. വിശുദ്ധ ഖുർആന്റെ ദൈവദൂതനായ സ്വീകർത്താവ് എന്ന പദവി കൂടാതെ കുടുംബനാഥൻ, ഭർത്താവ്, പിതാവ്, അദ്ധ്യാപകൻ, കച്ചവടക്കാരൻ, പടയാളി, ആട്ടിടയൻ, ഭരണാധികാരി, ന്യായാധിപൻ തുടങ്ങി മനുഷ്യജീവിതത്തിന്റെ സമസ്ത ഭാവങ്ങളും അവിടുന്ന് പ്രകാശിപ്പിച്ചു. ഈ രംഗത്തെല്ലാം അവിടുന്ന് മാതൃകാപുരുഷനുമായിരുന്നു. ആ കർമണ്ഡലങ്ങളുടെ ആധികാരിക രേഖകൾ ലഭ്യവുമാണ്. മുഹമ്മദ് നബി (സ)

യെപോലെ ചരിത്രത്തിന് മുമ്പിൽ പ്രകാശിപ്പിക്കപ്പെട്ട മറ്റൊരു മനുഷ്യ ജീവിതം ലോകത്തില്ല. ഇത് യാദൃ ച്ഛികമായി സംഭവിച്ചതല്ല. റസൂൽ തിരുമേനി (സ) യുടെ വ്യക്തമായ അധ്യാപനങ്ങളും മാർഗനിർദേശ ങ്ങളും സർവോപരി ദൈവികമായ ഇച്ഛയും ഇതിന് പിന്നിലുണ്ട്.

മനുഷ്യൻ പ്രത്യക്ഷങ്ങളിൽ വിശ്വ സിക്കാൻ താൽപര്യപ്പെടുന്നവനാണ്. അദൃശ്യങ്ങളിലുള്ള വിശ്വാസങ്ങളിൽ പലപ്പോഴും അവൻ പിഴച്ചു പോവു ന്നു ഇക്കാര്യത്തിൽ വഴികാട്ടാനാണ് അല്ലാഹു പ്രവാചകന്മാരെ അയക്കു ന്നത്. സ്ഥൂല വസ്തുക്കളെ അറിയു ന്ന ഇന്ദ്രിയങ്ങളാണ് മനുഷ്യനിൽ പ്രബലമായുള്ളത്. പഞ്ചേന്ദ്രിയങ്ങൾ ക്ക് ഗ്രാഹ്യമാകുന്ന വസ്തുക്കളുടെ അസ്തിത്വമാണ് അവന് എളുപ്പ ത്തിൽ വിശ്വസിക്കാൻ കഴിയുന്നത്. സ്ഥൂലവസ്തുക്കളെ അറിയുന്നത് പോലെ അദൃശ്യനും സൂക്ഷ്മനുമായ ദൈവത്തെ അറിയാനോ പ്രാപി ക്കാനോ സാദ്ധ്യമല്ല എന്നതാണ് സത്യം. ദൈവത്തെ അറിയാൻ ആത്മീയ ഗ്രാഹികളുടെ പരിശീലന വും നിഷ്ഠയോടുകൂടിയ ആരാ ധനകളും സുക്ഷ്മതയോടുകൂടിയ സാത്വിക ജീവിതവും കരുതലോടെ യുള്ള സൽക്കർമങ്ങളും ആവശ്യ മാണ്. സർവോപരി ഒരു മാർഗ നിർദേശകന്റെ അനുസാരിത്വവും ആവശ്യമാണ്. ദൈവാന്വേഷണത്തി ലൂടെ മനുഷ്യനെ നിരന്തരം വളർ ത്തി പൂർണതയിലെത്തിക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. ദൈവാ ന്വേഷണത്തിന്റെ ഈ മാർഗം കഠിന മാണ്. അല്ലാഹു പറയുന്നു.

*'രണ്ട് പെരുവഴികൾ നാം അവന് കാട്ടിക്കൊടുക്കുകയും ചെയ്തു വല്ലോ എന്നാൽ അവൻ ആ ഗിരി മാർഗത്തിൽ സാഹസപ്പെട്ടുകട ന്നില്ല. ആ ഗിരിമാർഗ്ഗം എന്തെന്ന് നിനക്കെന്തറിയാം? (അത്) അടിമയെ മോചിപ്പിക്കുക. അടുത്ത ബന്ധമു ള്ള അനാഥനോ കടുത്ത ദുരിതമനു ഭവിക്കുന്ന അഗതിക്കോ വിശപ്പിന്റെ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട് അവൻ സത്യവിശ്വാസം സ്വീകരിക്കു കയും പരസ്പരം സഹനം കൈ കൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണകാണിക്കാൻ ഗുണദോഷിക്കുകയും ചെയ്തവരു ടെ കൂട്ടത്തിൽ ഉൾപ്പെട്ടവനു മാകണം.' (90:11 - 18)*

ആളുകളധികവും മൺമറഞ്ഞ ദൈവദൂതന്മാരെയും പുണ്യാത് മാക്കളെയും ജീവിച്ചിരിക്കുന്ന വ്യാജവേഷം ധരിച്ച ആൾ ദൈവങ്ങ ളെയും മൂർത്തികളെയും സൃഷ്ടവ സ്തുക്കളെയും ജീവികളെ പോലും ദൈവമായോ ദിവ്യത്വം കൽപ്പിച്ചോ ആരാധിച്ചു വരുന്നു. അദൃശ്യനായ യഥാർഥ ദൈവത്തിൽ വിശ്വസിച്ചു മതജീവിതം നയിക്കുക എന്നത് പ്രയാസകരവും ആരാധകർക്ക് പിഴച്ച് പോകുന്ന കാര്യവുമാണ്. മനുഷ്യന്റെ ഈ ബലഹീനത റസൂൽ തിരുമേനി (സ) ക്ക് മറ്റാരേ ക്കാളും നന്നായറിയാം.

പ്രത്യക്ഷാത്ഭുതങ്ങളിലും സ്ഥൂലയാഥാർഥ്യങ്ങളിലും വിശ്വസിക്കാൻ വ്യഗ്രതപ്പെടുന്ന ആളുകൾ അവിടുത്തോട് പലത വണ അത്ഭുതങ്ങൾ പ്രവർത്തി ക്കാൻ ആവശ്യപ്പെടുക യുണ്ടായി. അങ്ങനെ അത്ഭുതങ്ങൾ കാണിക്ക ലും അതിശയപ്പെടലുമാണ് മതത്തി ന്റെ അടിസ്ഥാനമെന്ന് അവർ വിശ്വസിച്ചു. അന്ധവിശ്വാസജഡില മായ വീക്ഷണം പുലർത്തുന്ന ഇത്തരം ആളുകളുമായി റസൂൽ തിരുമേനി (സ) നടത്തിയ ഒരു സംവാദം വിശുദ്ധ ഖുർആൻ ഇപ്ര കാരം രേഖപ്പെടുത്തുന്നു:

*'അവർ പറഞ്ഞു: 'നീ ഞങ്ങൾക്ക് വേണ്ടി ഭൂമിയിൽ നിന്ന് ഒരു ഉറവ ഒഴുക്കി കാണിച്ചുതരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ യില്ല. അല്ലെങ്കിൽ നിനക്ക് ഈത്ത പനയുടെയും മുന്തിരിങ്ങയുടെയും ഒരു തോട്ടം ഉണ്ടാവണം. എന്നിട്ട് അതിന്റെ മധ്യത്തിലൂടെ നീ അരു വികൾ ഒഴുക്കുക. അല്ലെങ്കിൽ നീ വാദിച്ചത് പോലെ ഞങ്ങളുടെ മേൽ ആകാശത്തെ കഷണം കഷണമാ യി വീഴ് ത്തുക. അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ടുള്ള ഒരു ഭവനമു ണ്ടായിരിക്കുക. അല്ലെങ്കിൽ നീ ആകാശ ത്തേക്ക് കയറിപ്പോവുക. (അങ്ങനെ) ഞങ്ങൾ വായിക്കുന്ന ഒരു പുസ്തകം ഞങ്ങൾക്ക് നീ ഇറക്കിക്കൊണ്ടു വരുന്നത് വരെയും നിന്റെ ആരോഹ ണത്തെ ഞങ്ങൾ വിശ്വസിക്കു കയേയില്ല.' (17: 91 - 94)*

ഈ ചോദ്യത്തിന് റസൂൽ തിരു മേനി(സ)യോട് അല്ലാഹു പറയാൻ ആജ്ഞാപിക്കുന്ന ഉത്തരവും വിശു ദ്ധ ഖുർആൻ അടുത്ത വചന ത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

*'പറയുക, എന്റെ നാഥൻ പരിശു ദ്ധനാണ്. ഞാൻ ഒരു ദൂതനായ മനുഷ്യൻ മാത്രമാണ്.' ( 17:94)*

മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർആൻ പറയുന്നു:

*'പറയുക, ഞാൻ നിങ്ങളെ പോലെയുള്ള മനുഷ്യൻ തന്നെ യാണ്. നിങ്ങളുടെ ആരാധ്യൻ ഏകനായ ദൈവം തന്നെയാണെന്ന് എനിക്ക് ദിവ്യബോധനം നൽക പ്പെടുന്നു. അത്കൊണ്ട് നിങ്ങൾ അവനിലേക്ക് ചൊവ്വായ മാർഗം സ്വീകരിക്കുകയും അവനോട് പാപ മോചനത്തിന് അർഥിക്കുകയും ചെയ്യുക. ബഹുദൈവവിശ്വാസി കൾക്ക് വലിയ നാശം.'(41: 7)*

മനുഷ്യന് മാതൃകയായ ഒരു മനു ഷ്യനായ ദൈവദൂതനാണ് താനെ ന്നും അതിമാനുഷനോ അമാനുഷ നോ അല്ല എന്നുമുള്ള അദ്ധ്യാപനം നൽകി മതമണ്ഡലത്തെ യുക്തി പൂർണവും ലളിതസുന്ദ രവുമാക്കിയ ദിവ്യാത്മാവാണ് റസൂൽ തിരുമേനി (സ). ഒരിക്കൽ ഒരു അപരിചിതൻ റസൂൽ തിരുമേനി (സ) യുടെ സന്നി ധിയിൽ വന്ന് പരിഭ്രമിച്ചു നിൽക്കു കയായിരുന്നു. അപ്പോൾ ആ പാവം അപരിചിതനെ സമാശ്വസിപ്പിച്ചു കൊണ്ട് അവിടുന്ന് പറഞ്ഞു: *'ശാന്ത നാവുക, പരിഭ്രമി ക്കേണ്ട, ഞാൻ രാജാവല്ല. ഉണക്ക മാംസം(അൽ ഖദീദ്) ഭക്ഷിക്കുന്ന മക്കയിലെ ഒരു ഖുറൈശി സ്ത്രീ യുടെ മകനാണ്.'*. (ഇബ്നുമാജ).

പിൽക്കാലത്ത് റസൂൽ തിരുമേനി (സ)യെക്കുറിച്ചും ഇത്തരം കെട്ടുക ഥകൾ നിക്ഷിപ്ത താൽപര്യക്കാർ ആവിഷ് കരിച്ചിട്ടുണ്ടെങ്കിലും ഏക ദൈവത്തിന്റെ അധ്യാപനം ഇത്രയും ശക്തമായി ലോകത്ത് പ്രചരിപ്പിച്ച

റസൂൽ തിരുമേനി(സ) യെ എത്ര കടുത്ത യാഥാസ്ഥിക മുസ്ലിംകൾ പോലും ദൈവ പങ്കാളിയായി ചിത്രീകരിച്ചിട്ടില്ല. മനുഷ്യനടക്കമുള്ള പരകോടി ജീവികളടങ്ങുന്ന ബ്രഹ്മാണ്ഡകടാഹം സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ ഉൺമയും സ്ഥാനവും പ്രവർത്തി യും ഗുണവും റസൂൽ തിരുമേനി (സ) ജനങ്ങൾക്ക് ഏറ്റവും ശക്തിമ ത്തും വ്യക്തവുമായ രീതിയിലാണ് പഠിപ്പിച്ചത്. അത് കൊണ്ടാണ് മനുഷ്യനേയും മറ്റു സൃഷ്ടവസ്തുക്കളേയും ആരാധിക്കുന്ന സമ്പ്ര ദായം ഇസ്ലാമിൽ മറ്റുമതങ്ങളിലു ള്ളത് പോലെ കാണപ്പെടാത്തത്.

ഇസ്ലാമിൽ ദൈവവും മനുഷ്യനുമായുള്ള ബന്ധം മുഹമ്മദ് നബി (സ) വ്യക്തമായ രീതിയിൽ പഠിപ്പിച്ചു തന്നിരിക്കുന്നു. മറ്റു മതങ്ങളിൽ സൃഷ്ടികളും സ്രഷ്ടാവുമായി ഇത്രമാത്രം വ്യതിരിക്തത കാണുക സാദ്ധ്യമല്ല. മറ്റുമതങ്ങളിലെ മതപുരു ഷന്മാർ ഇതിഹാസങ്ങളിലും മിത്തുകളാലും പരിവേഷിതരാണ്. അത്ഭു തങ്ങളും അതിശയങ്ങളും നിറം പിടിപ്പിച്ച കഥകളുമുള്ള ആ മഹാത്മാക്കളുടെ ജീവിതം യഥാഗതി ചരിത്രബോധത്തോടെയും തത്ത്വജ്ഞാനത്തോടെയും ആളുകൾക്ക് മനസ്സിലാവുന്ന രീതിയിൽ ആ മതങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ആ മതപുരുഷന്മാരെല്ലാം ദൈവങ്ങളായോ ദൈവത്തിന്റെ പുത്രന്മാരായോ പുത്രിമാരായോ പാതിദൈവങ്ങളായോ ദൈവത്തിന്റെ അവതാരങ്ങളോ ആയാണ് ഗണിക്കപ്പെടുന്നത്. മനുഷ്യരായ നമുക്ക് മനുഷ്യനായ ഒരാൾ തന്നെയാകണം മാതൃകയാകേണ്ടത്. അയാളെ മാത്രമേ നമുക്ക് അനുകരിക്കാൻ സാദ്ധ്യമാവൂ എന്ന പ്രാഥമിക യുക്തി പോലും മറ്റു മതങ്ങൾ പാലിച്ചിട്ടില്ല. അസ്തിത്വത്തിലും പ്രകൃതിയിലും വ്യത്യസ്തനായ ഒരു അതിമാനുഷനേയോ അമാനുഷനേയോ ഒരു മനുഷ്യന് അനുകരിക്കാൻ സാദ്ധ്യമല്ല. മനുഷ്യരായി ജനങ്ങൾക്ക് മാർഗദർശനം നൽകാൻ ദൈവം നിയോഗിച്ച മഹാത്മാക്കളെ ആത്മീയ പ്രബുദ്ധതയില്ലാത്ത അനുയായികൾ സ്തുതിച്ച് സ്തുതിച്ച് പൂജാവിഗ്രഹമാക്കി മാറ്റുകയാണുണ്ടായത്. മതമെന്നാൽ ഇത്തരം മിത്തോളജിയും അയുക്തികമായ അത്ഭുതങ്ങളും അതിശയങ്ങളും മാത്രാമാണെന്നാണ് ബഹുഭൂരി പക്ഷം മതാനുയായികളും കരുതുന്നത്.

ഭാരതത്തിലെ ജനകോടികളെ ആദ്ധ്യാത്മിക മാർഗത്തിൽ നയിച്ച ദൈവത്തിന്റെ മഹാനായ ദൂതനായിരുന്നു ശ്രീകൃഷ്ണൻ. ഗീതയിൽ സ്ഫുരിക്കുന്ന ആത്മീയ തേജസ്സ് അതിന് സാക്ഷ്യമാണ്. പക്ഷേ കൃഷ്ണൻ മനുഷ്യനായ മാർഗദർശകനായല്ല ദൈവമോ ദൈവാവതാരമോ ആയാണ് ബഹുഭൂരിപക്ഷവും ആരാധിക്കുന്നത്. അദ്ദേഹം മിത്തിൽ നിന്നും മുക്തനല്ല. കൃഷ്ണ ലീലകൾ മനുഷ്യ പരിധിക്കതീതമാണ്. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ അതിശയങ്ങളുടേയും അത്ഭുതങ്ങളുടെയും പ്രളയം കാണാം. തീർച്ചയായും മനുഷ്യരായ ദിവ്യാത്മാക്കളെ ബിംബവത്ക്കരിച്ച് പൂജാവിഗ്രഹമാക്കിയത് അദ്ദേഹത്തിന്റെ അനുയായികളാണ്. ശിശുവായ ശ്രീകൃഷ്ണനെ കൊല്ലാൻ ഗോപസ്ത്രീയുടെ വേഷത്തിൽ വന്ന പൂതന എന്ന അസുര സ്ത്രീയെ ശ്രീകൃഷ്ണൻ കൊന്നു, മണ്ണുതിന്നു കൊണ്ടിരുന്ന ഉണ്ണിക്കണ്ണന്റെ വായിൽ മാതാവ് സകല ലോകങ്ങളും കണ്ട കാഴ്ച , കാളിന്ദി നദിയിൽ കാളിയൻ എന്ന വിഷസർപ്പത്തിന്റെ ഫണത്തിൽ കയറി നൃത്തം ചെയ്ത് അതിനെ കൊന്ന കഥ, ശ്രീകൃഷ്ണൻ പതിനാറായിരത്തെട്ടു സ്ത്രീകളെ വിവാഹം ചെയ്ത കഥ, ഗോപസ്ത്രീകളുടെ വസ്ത്രം കവർന്ന കഥ, കണ്ണൻ കാട്ടുതീ വിഴുങ്ങിയത്, ഉത്തരക്ക് അഭിമന്യുവിന് ജനിച്ച പരീക്ഷിത്ത് എന്ന മൃതപുത്രനെ ജീവിപ്പിച്ച കഥ, അമ്പാടിയിൽ പേമാരി പെയ്തപ്പോൾ ഗോവർധന പർവതം കുടയാക്കി പിടിച്ച് അമ്പാടി നിവാസികളെ രക്ഷിച്ച കഥ, ഭാഗവതത്തിലേയും ജയദേവ കവിയുടെ ഗീതഗോവിന്ദത്തിലേയും കൃഷ്ണന്റെയും രാധയുടെയും രാസലീലകൾ ഇങ്ങനെ മിത്തിന്റെയും ചാപല്യങ്ങളുടെയും പരിവേഷമുള്ള അനേകം കഥകളാണ് ശ്രീകൃഷ്ണനെ ചുറ്റിയുള്ളത്. ശ്രീകൃഷ്ണനെ ഒരു ചരിത്ര പുരുഷനാക്കി അവതരിപ്പിക്കാനോ അദ്ദേഹത്തിന്റെ കഥ വിവരിക്കുന്നതിൽ സ്വീകരിച്ച പ്രതീകങ്ങളും അലങ്കാരങ്ങളും ഉപമകളും ബിംബങ്ങളും യുക്തിസഹമായി വ്യാഖ്യാനിച്ച് വിശദീകരിക്കാനോ ദാർശനികമായി വിശകലനം ചെയ്ത് വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കാനോ ആ മഹാത്മാവിന്റെ യഥാർഥ അദ്ധ്യാപനങ്ങൾ വിവരിക്കാനോ കാര്യമായ ശ്രമങ്ങളൊന്നും അനുയായികളായ മതവിശ്വാസികൾ നടത്തിയിട്ടില്ല.

അതു പോലെ അനുയായികൾ ചരിത്ര യഥാർഥ്യത്തിൽ നിന്നും പറിച്ചു മാറ്റി അത്ഭുതങ്ങളുടെയും അതിശയങ്ങളുടെയും സ്വർഗലോകത്ത് ദൈവമാക്കി പ്രതിഷ്ഠിച്ച മതപുരുഷനാണ് യേശു. യേശുവിന്റെ ജനനം തന്നെ ഒരു ദിവ്യാത്ഭുതമായാണ് ആഘോഷിക്കപ്പെടുന്നത്. അത്ഭുതങ്ങളുടെ അകമ്പടിയോടെയാണ് യേശു ദൈവപുത്രനായി മാറുന്നത്. പിറവിക്കുരുടന് കാഴ്ച്ച, ലാസറിന്റെ പുനരുത്ഥാനം, വിധവയുടെ പുത്രന് പുനരുത്ഥാനം, ഭൂതബാധിതന് സൗഖ്യം, പലർക്കും രോഗശാന്തി, അന്ധർക്ക് കാഴ്ച്ച, ഊമക്ക് സംസാരം, വെള്ളത്തിന്മേലുള്ള നടത്തം, വെള്ളം വീഞ്ഞാക്കൽ, ഇങ്ങനെ 36 അത് ഭൂത സംഭവങ്ങളാണ് യേശുവിനെ ദൈവമാക്കിഅവതരിപ്പിക്കാൻ അധാരമായെടുക്കുന്നത്.

ഇതിഹാസഗ്രസ്തരായ എല്ലാ പൂർവ മതപുണ്യാത്മാക്കളുടെയും സത്യത, നിർവ്യാജമായ ചരിത്ര സത്യങ്ങളുടെ ഉജ്ജ്വലശോഭയിൽ ജ്വലിച്ചു നിൽക്കുന്ന മുഹമ്മദ് നബി(സ) യുടെ സാക്ഷ്യത്തിലാണ് നാം വിശ്വസിക്കുന്നത്. അവരെല്ലാം മുഹമ്മദ് നബി (സ) യെപ്പോലെ പ്രവാചക കുടുംബത്തിലെ അംഗങ്ങളാണ്. പൂർവികരായ എല്ലാ മതപുരുഷന്മാരെയും വിശ്വസിക്കാനും അവരെ ആദരിക്കാനും അവരുടെ അദ്ധ്യാപനങ്ങൾ സ്വാംശീകരിക്കാനും മുഹ

മ്മദ് നബി(സ) ദൈവത്തിൽ നിന്നുള്ള സംശുദ്ധമായ വെളിപാടിനാൽ ആഹ്വാനം ചെയ്തു.മുഹമ്മദ് നബി (സ) യെ പറ്റി അവിടുത്തെ ശിഷ്യനായി ദൈവം നിയോഗിച്ച ഹദ്റത്ത് അഹ് മദ് (അ) പറയുന്നു.

***'നമ്മുടെ നബി (സ)എല്ലാ പ്രവാചകന്മാരുടെയും നാമങ്ങളെ തന്നിൽ സമാഹരിച്ചിരിക്കുന്നു. മറ്റെല്ലാ പ്രവാചകന്മാരിലുമുള്ള വിശിഷ്ടങ്ങളായ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളക്കിചേർത്തിരിക്കപ്പെട്ടിരിക്കുന്നു. അതുകാരണം അവിടുന്ന് മൂസായും ഇസായും ആദമും ഇബ്റാഹീമും യൂസുഫും യഅ്ഖൂബും തന്നെ. ഇതിലേക്ക് സൂചന നൽകികൊണ്ട് അല്ലാഹു പറയുന്നു: 'നീ അവരുടെ മാർഗം പിന്തുടർന്നു കൊള്ളുക.'***

***(6:91) അതായത് അല്ലയോ പ്രവാചകരേ, എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങത്രയും നിന്നിൽ ലയിപ്പിക്കുവീൻ. എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബി തിരുമേനി(സ) യിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിതു കാണിക്കുന്നത്.'***

***(ആയിനയെ കമാലാത്തെ ഇസ്ലാം)***


ചുരുക്കത്തിൽ ചരിത്രത്തിൽ വെട്ടിതിളങ്ങി നിൽക്കുന്ന മുഹമ്മദ് നബി(സ) യാണ് ഇതിഹാസങ്ങളിലും മിത്തുകളിലും പൊതിഞ്ഞു നിൽക്കുന്ന മതപുരുഷന്മാരെ പറ്റി നമുക്ക് സാക്ഷ്യം നൽകിയത്. ഇരുളടഞ്ഞ മതചരിത്രത്തിലേക്ക് വിശ്വാസിക്ക് വെളിച്ചം തൂവിയ സൂര്യനാണ് റസൂൽ തിരുമേനി (സ). ആ പുണ്യാത്മാവിനെ അപവദിക്കുന്നത് നിർഭാഗ്യവാന്മാരായ വിഡ്ഢികൾ മാത്രം!!.

## നബി കീർത്തന യോഗം

കണ്ണൂർ കാസർഗോഡ് ജില്ലാ ലജ്ന ഇമായില്ലായുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നബികീർത്തന യോഗം കണ്ണൂർ കോർപറേഷൻ മേയർ ശ്രീമതി. ഇ. പി ലത ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ജില്ലാ ലജ്നാ ഇമായില്ലാ സദർ ജുവൈരിയാ ഗൗഹർ അദ്ധ്യക്ഷത വഹിച്ചു. ലോകത്ത് ശാന്തിയും സമാധാനവും പരത്താൻ ആഗതനായ മഹാത്മാവാണ് മുഹമ്മദ് നബി എന്നും അദ്ദേഹത്തിന്റെ ജീവചരിത്രം പഠിക്കാൻ താൻ ശ്രമിക്കുമെന്നും മേയർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. തിരുനബി വിശ്വസ്നേഹദീപം, തിരുനബി ശാന്തിയുടെയും സമാധാനത്തിന്റെയും ദൈവദൂതൻ എന്നീ വിഷയങ്ങളെ ആസ്പദമാക്കി സഫൂറാ ശഫി(കണ്ണൂർ) ശക്കീല റഫി (മോഗ്രാൽ) എന്നിവർ പ്രഭാഷണം നടത്തി. കണ്ണൂർ കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായ അഡ്വ. ഇന്ദിര, കണ്ണൂർ മുനി: മുൻ ചെയർ പേഴ്സൺ റോഷ്നി ഖാലിദ് എന്നിവർ ആശംസകൾ നേർന്നു. ജില്ലാ ലജ്നാ സെക്രട്ടറി നസീറാ മൻസൂർ സ്വാഗതവും ശാഹിദാ (പഴയങ്ങാടി) ഖുർആൻ പരായണ വും നടത്തി. നിഹാനാ നാസർ (കടലായി) ഫാത്തിമാ ബശീർ (കൂടാളി) എന്നിവർ പദ്യം ആലപിച്ചു. നബി കീർത്തന യോഗത്തോട നുബന്ധിച്ച് എക്സിബിഷനും ബുക്ക് സ്റ്റാളും ഉണ്ടായിരുന്നു.


www.alislam.org

# ബ്രസൽസ് ഭീകരാക്രമണം: ഖലീഫത്തുൽ മസീഹ് അപലപിച്ചു




പാരീസ് ഭീകരാക്രമണത്തിന് ശേഷം ബൽജിയം തലസ്ഥാനമയ ബ്രസൽസ് വിമാനത്താവളത്തിലടക്കം മൂന്ന് സ്ഥലത്തുണ്ടായ സ്ഫോടനത്തിൽ 35 പേർ കൊല്ലപ്പെട്ട ഈ പൈശാചിക കൃത്യങ്ങളെ ഖലീഫത്തുൽ മസീഹ് അപലപിക്കുകയുണ്ടായി. അക്രമത്തിൽ അഹ്മദിയ്യാ സമൂഹത്തിന് വേണ്ടി ബെൽജിയം ജനതയോടുള്ള തന്റെ അഗാധമായ ദുഃഖവും അനുതാപ വും പ്രകടിപ്പിക്കുകയാണെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. ഇത്തരം പൈശാചിക കൃത്യങ്ങളെ സാദ്ധ്യമായ എല്ലാ അർഥത്തിലും അപലപിക്കേണ്ടതാണ്. ഏറ്റവും മനുഷ്യത്വ വിരുദ്ധവും ഹീനവുമാണ് ഈ ആക്രമണം. ഒരു സാഹചര്യത്തിലും ഇസ്ലാം ഭീകരതയെ അനുകൂലിക്കുകയോ നിരപരാധികളായ ആളുകളെ കൊല്ലാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. ഒരു നിരപരാധിയെ വധിക്കുന്നത് മനുഷ്യവംശത്തെ മുഴുവൻ വധിക്കുന്നതിന് തുല്യമാണെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഇവരുടെ ഇത്തരം പ്രവർത്തനങ്ങൾ ഇസ്ലാമിന്റെ മുഖത്ത് കരിവാരിത്തേക്കുന്നതും അപകീർത്തിപ്പെടുത്തുന്നതുമാണ്. ഈ കൊടും ഭീകരതക്ക് ഇരയായവർക്ക് വേണ്ടി ഹൃദയംഗമമായ പ്രാർഥനകൾ അർപ്പിക്കുകയും കുറ്റവാളികളെ എത്രയും വേഗം നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്ന് സന്ദേശത്തിൽ അഭ്യർഥിക്കുകയും ചെയ്തു.

# അബ്ദുൾ നസീർ സാഹിബിന് അമേരിക്കയിൽ നിന്ന് പി എച്ച് ഡി ലഭിച്ചു



അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് മിന്നസോറ്റയിൽ നിന്ന് തിയററ്റിക്കൽ കണ്ടൻസ് മാറ്റർ ഫിസിക്സിൽ എം കെ അബ്ദുൾ നസീർ സാഹിബിന് പി എച്ച്ഡി ലഭിച്ചു. അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റിയിൽ തിയററ്റിക്കൽ ബയോഫിസിക്സിൽപോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഗവേഷണ വിഷയത്തിൽ ബാക്റ്റീരിയയുടെ രൂപഘടനയും കാൻസറിന്റെ ബയോഫിസിക്സും ഉൾപ്പെടുന്നു. മാത്ര ജമാഅത്ത് പ്രസിഡന്റ് ഡോ. അബ്ദുർഹ്മാൻ കോയസാഹിബിന്റെ പുത്രനാണ്.









കോഴിക്കോട് അഹ്മദിയ്യാ ജമാഅത്ത് അംഗവും കണ്ണൂർ സ്വദേശിയുമായ കോഴിക്കോട് ജില്ലാ സബ്ജഡ്ജി ഡോ. കൗസർ എടപ്പകത്ത് ബഹുമാനപ്പെട്ട സുപ്രിം കോടതി ചീഫ് ജസ്റ്റീസ് ശ്രീ ടി. എസ് ഠാക്കൂറിൽ നിന്ന് പി.എച്ച്.ഡി. ബിരുദം സ്വീകരിക്കുന്നു. ചടങ്ങിൽ കേന്ദ്ര നീതിന്യായ വകുപ്പ് മന്ത്രി സദാനന്ദ ഗൗഡയും സീനിയർ സുപ്രിം കോടതി ജഡ്ജിമാരും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുത്തു.




മാർച്ച് 6 ന് കണ്ണൂർ ടൗൺ നൂർ മസ്ജിദിൽ നടന്ന കണ്ണൂർ–കാസർഗോഡ് ജില്ലാ അൻസാറുല്ലാഹ് റിഫ്രഷർ കോഴ്സ് മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് നാഇബ് സദർ പി. പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




കൂടാളി ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കൂടാളിയിൽ നടന്ന പൊതു ക്വിസ് പ്രോഗ്രാമിൽ പങ്കെടുത്തവർ

**Published on 7 April 2016** Pages 44 Vol: 88 Issue. 4
Price Rs. **30/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

**The Sathyadoothan Monthly**



mta INTERNATIONAL

Muslim Television Ahmadiyya International



www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** **Toll Free (9 am to 9 pm)**